بِسْمِ اللهِ الرَّحْمٰنِ الرَّحِيْمِ    نَحْمَدُهٗ وَنُصَلِّيْ عَلٰى رَسُوْلِهِ الْكَرِيْمِ    وَعَلٰى عَبْدِهِ الْمَسِيْحِ الْمَوْعُوْد

وَلَقَدْ نَصَرَكُمُ اللّٰهُ بِبَدْرٍ وَّاَنْتُمْ اَذِلَّةٌ

# ബദർ

വീക്കിലി ഖാദിയാൻ

Weekly
BADAR Qadian
Malayalam

വാള്യം 6

ലക്കം 20

വാർഷിക വരിസംഖ്യ 500 രൂപ

പത്രാധിപർ
എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ
മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2021 മെയ് 20/ഹി.ശം. 1400 ഹിജ്റത്ത് 20/1442 ശവ്വാൽ 7


## അല്ലാഹുവിന്റെ വചനം

وَعَدَ اللّٰهُ الَّذِيْنَ اٰمَنُوْا وَعَمِلُوا الصّٰلِحٰتِ ۙ لَهُمْ مَّغْفِرَةٌ وَّاَجْرٌ عَظِيْمٌ

(المائدة:10)

'വിശ്വസിക്കുകയും സൽപ്രവൃത്തികൾ ചെയ്യുകയും ചെയ്തവരോടു അവർക്ക് പാപപെ റുതിയും മഹത്തായ പ്രതിഫലും ഉണ്ടെന്ന് അല്ലാഹു വാഗ്ദാനം ചെയ്തിരിക്കുന്നു.'
(5:10)

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ് സയ്യിദുനാ അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹ് അല്ലാഹുവിന്റെ അനുഗ്രഹത്താൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സ്നേഹിതന്മാർ അമീറുൽ മുഅ്മിനീന്റെ പൂർണാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ദീർഘായുസ്സിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേകകാവലും ഉണ്ടാകുന്നതിനും ദുആ ചെയ്യുക. അല്ലാഹു എപ്പോഴും അമീറുൽ മുഅ്മിനീന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ

## നബി(സ)യുടെ സാരോപദേശം:

### ഖബ്റടക്കിയശേഷം ജനാസ നമസ്കാരം

(1247) ഹദ്റത്ത് ഇബ്നു അബ്ബാസ്(റ) നിവേദനം. നബി(സ)തിരുമേനി സന്ദർശിക്കാറുണ്ടായിരുന്ന ഒരു മനുഷ്യൻ രാത്രിയിൽ മരണപ്പെട്ടു. അനുചരന്മാർ അദ്ദേഹത്തെ രാത്രിതന്നെ ഖബ്റടക്കം ചെയ്തു. പ്രഭാതമായപ്പോൾ അദ്ദേഹം മരണപ്പെട്ട വിവരം അവർ നബി(സ)തിരുമേനിയെ അറിയിച്ചു. നബി(സ)തിരുമേനി പറഞ്ഞു: എന്നെ വിവരമറിയിക്കുവാൻ നിങ്ങളെ തടസ്സപ്പെടുത്തിയതെന്താണ്? അവർ പറഞ്ഞു:ഇരുട്ടായിരുന്നു. അതിനാൽ താങ്കളെ പ്രയാസപ്പെടുത്തുന്നത് ഞങ്ങൾ ഇഷ്ടപ്പെട്ടില്ല. അനന്തരം അവിടന്ന് അദ്ദേഹത്തിന്റെ ഖബ് റിന്റെ അടുത്തുചെന്ന് നമസ്കരിച്ചു.

### കുട്ടി വഫാത്തായിപ്പോകുന്ന വ്യക്തിയുടെ ശ്രേഷ്ഠത

(1248) ഹദ്റത്ത് അനസ് (റ)നിവേദനം. മുസ്ലിമീങ്ങളിൽ വല്ലവന്റേയും പ്രായപൂർത്തിയെത്താത്ത മൂന്നു കുട്ടികൾ മരണമടഞ്ഞാൽ ആ കുട്ടികളോടു അല്ലാഹുവിനുള്ള കാരുണ്യത്താൽ അയാളെ സ്വർഗത്തിൽ പ്രവേശിപ്പിക്കാതിരിക്കുകയില്ല.

(1249) അബൂസയീദ്(റ) നിവേദനം. തങ്ങൾ ക്കുവേണ്ടിയും ഒരു ദിവസം നിശ്ചയിക്കാൻ നബി(സ) തിരുമേനിയോടു സ്ത്രീകൾ പറഞ്ഞു. അങ്ങനെ അവിടന്ന് അവരെ ഉപദേശിച്ചു. പറഞ്ഞു:'ഒരു സ്ത്രീയുടെ മൂന്നുകുട്ടികൾ മരണമടഞ്ഞാൽ അവൾക്ക് നരകത്തിൽനിന്ന് അഭയമുണ്ടാകും. അപ്പോൾ ഒരു സ്ത്രീ പറഞ്ഞു: രണ്ടുകുട്ടികൾ മരിച്ചുപോയാലോ? അവിടന്നു പറഞ്ഞു: എന്നാലും.'(സ്വഹീഹ് ബുഖാരി, വാള്യം 2, കിതാബുൽജനാഇസ്, ഖാദിയാൻ പ്രസിദ്ധീകരണം 2006)

★★★★

**നാം ആവർത്തിച്ച് നോട്ടീസ് ഇറക്കുകയും ജനങ്ങളെ പരീക്ഷണത്തിന് വിളിക്കുകയും ചെയ്യുന്നു. നാം നേരിട്ട് കണ്ട ദൈവത്തിലേക്ക് ജനങ്ങൾക്ക് മാർഗദർശനം നല്കുക എന്നതല്ലാതെ നമുക്ക് മറ്റൊരു ഉദ്ദേശ്യവുമില്ല.**

## സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങൾ

'എന്റെ പക്കൽ മൂർത്തികളെ ഉണ്ടാക്കുന്നവർ, അല്ലാഹു തന്നെ സ്വയമേവ അദൃശ്യത്തിൽവെച്ചതിന്റെ യുക്തിയും രഹസ്യവും മനസ്സിലാക്കാത്തവരാണ്. അല്ലാഹു അദൃശ്യത്തിൽത്തന്നെ ഇരിക്കുന്നത് മനുഷ്യന് എല്ലാവിധ അന്വേഷണത്തിന്റേയും തിരച്ചിലിന്റേയും മുഴുവൻ ഗവേഷണങ്ങളുടേയും വഴി തുറക്കുന്നു. എത്രത്തോളം അറിവുകളും ജ്ഞാനങ്ങളും മനുഷ്യനിൽ തുറന്നിട്ടുണ്ടോ അവ നിലവിലുള്ളതായിരുന്നു; നിലവിലുള്ളതുമാണ്. പക്ഷേ, ഒരുനേരത്ത് അവൻ അദൃശ്യത്തിലായിരുന്നു. മനുഷ്യന്റെ പ്രയത്നത്തിന്റേയും പരിശ്രമത്തിന്റേയും ശക്തി അതിന്റെ തിളക്കം കാണിക്കുകയും ഉദ്ദേശിച്ച മുത്ത് പ്രാപിക്കുകയും ചെയ്തു. തന്റെ പ്രേമഭാജനത്തിന്റെ അസാന്നിധ്യമുണ്ടായാലും ബാഹ്യമായി കണ്ണുകളിൽനിന്ന് അകന്നിരുന്നാലും ഒരു സത്യവാനായ പ്രേമിയുടെ പ്രേമത്തിൽ ഒരു വ്യത്യാസവും വരികയില്ല. പ്രത്യുത ആ ബാഹ്യമായ അകലം അവന്റെ ഉള്ളിൽ ഒരു തരത്തിലുള്ള ചൂടുണ്ടാക്കി ആ പ്രേമഭാവത്തെ വീണ്ടും അഭിവൃദ്ധിപ്പെടുത്തുന്നു. ഇപ്രകാരം മൂർത്തിയെ എടുത്ത് ദൈവത്തെ അന്വേഷിക്കുന്നവൻ സത്യസന്ധവും യഥാർഥവുമായ സ്നേഹത്തിന്റെ വാദക്കാരൻ എപ്പോഴാകാനാണ്. ബിംബം കൂടാതെ അവന്റെ ശ്രദ്ധ സമ്പൂർണമായ നിലയിൽ ആ പരിശുദ്ധനും തികവുറ്റവനുമായ മനോഹരമായ അസ്തിത്വത്തിൽ പതിയുകയില്ല. മനുഷ്യൻ തന്റെ സ്നേഹത്തെ സ്വയം പരീക്ഷിക്കുക. പ്രേമഭാജനത്തേയും തേടികത്തുന്നമനസ്സുമായി നടക്കുന്നവനും ചുറ്റിക്കറങ്ങുന്നവനും ഇരിക്കുന്നവനും എഴുന്നേല്ക്കുന്നവനും ചുരുക്കിപ്പറഞ്ഞാൽ ഏത് അവസ്ഥയിലും ഉണർവുണ്ടാക്കുകയും അല്ലെങ്കിൽ സ്വപ്നത്തിൽ തന്റെ പ്രേമഭാജനത്തിന്റെ മുഖം ദൃശ്യമാകുകയും ചെയ്യുന്ന പ്രേമിയെപോലെ, പൂർണമായ ശ്രദ്ധ അല്ലാഹുവിലേക്ക് ഉണ്ടാകുന്നുവെങ്കിൽ, യഥാർഥത്തിൽ തനിക്ക് അല്ലാഹുവുമായി ഒരു പ്രേമമുണ്ടെന്നും തീർച്ചയായും തീർച്ചയായും അല്ലാഹുവിന്റെ പ്രകാശവും പ്രേമവും തന്റെ ഉള്ളിലുണ്ടെന്നും അവൻ മനസ്സിലാക്കുക. പക്ഷേ, ഇടയ്ക്കുള്ള കാര്യങ്ങളും ബാഹ്യമായ ബന്ധങ്ങളും തടസ്സങ്ങളും അവന്റെ ശ്രദ്ധയെ തിരിച്ചുവിടുകയും ഒരു നിമിഷത്തേക്കെങ്കിലും ആ ചിന്ത അവന്റെ മനസ്സിൽനിന്ന് പുറത്തുപോകാനിടയാകുകയും ചെയ്യുന്നെങ്കിൽ ഞാൻ സത്യമായും പറയുന്നു, അവൻ അല്ലാഹുവിനെ പ്രേമിക്കുന്നില്ല. അവനെ സ്നേഹിക്കുന്നില്ല. അതുകൊണ്ടാണ് സത്യവാന്മാരായ പ്രേമികൾക്കു ലഭിക്കുന്ന ആ വെളിച്ചവും പ്രകാശവും അവനു കിട്ടാത്തത്. ഭൂരിഭാഗമാളുകളും വഞ്ചിതരാകുകയും ദൈവത്തെ നിഷേധിച്ചിരിക്കുകയും ചെയ്യുന്ന സ്ഥലമാണിത്. വിവരദോഷികൾ തങ്ങളുടെ സ്നേഹത്തെ പരീക്ഷിച്ചില്ല. അതിന്റെ ഘനം നോക്കാതെതന്നെ ദൈവത്തെ തെറ്റു ധരിച്ചു. അതിനാൽ അല്ലാഹുവിന്റെ അദൃശ്യത്തിലുള്ള ഇരിപ്പ് മനുഷ്യന്റെ സൗഭാഗ്യവും സദാചാരബോധത്തെ അഭിവൃദ്ധിപ്പെടുത്തുന്നതിനും ആ ജ്യോതിസ്സ് അവനിൽ പ്രകാശിക്കുന്നതിനും അവന്റെ ആത്മീയമായ ശക്തികളെ ശുദ്ധീകരിച്ച് കത്തിക്കുന്നതിനും വേണ്ടിയാണെന്ന് ഞാൻ കരുതുന്നു. നാം ആവർത്തിച്ച് നോട്ടീസ് ഇറക്കുകയും ജനങ്ങളെ പരീക്ഷണത്തിന് വിളിക്കുകയും ചെയ്യുന്നതുകൊണ്ട് ചിലയാളുകൾ നമ്മെ കച്ചവടക്കാരനെന്ന് പറയുന്നു. ചിലർ ചിലതു പറയുന്നു, ചിലർ മറ്റു ചിലതു പറയുന്നു. ചുരുക്കത്തിൽ പലവിധമായ ഈ സംസാരങ്ങൾ കേട്ട് ജനങ്ങൾ വസിക്കുന്ന ലോകത്തിലെ യൂറോപ്പ് അമേരിക്ക തുടങ്ങിയ എല്ലാ രാജ്യത്തും വിജ്ഞാപനം നല്കുന്നതിന്റെ ഉദ്ദേശ്യമെന്താണ്.

### നമ്മുടെ ഉദ്ദേശ്യം

നാം നേരിട്ട് കണ്ട ദൈവത്തിലേക്ക് ജനങ്ങൾക്ക് മാർഗദർശനം നല്കുക എന്നതല്ലാതെ നമുക്ക് മറ്റൊരു ഉദ്ദേശ്യവുമില്ല. കേട്ടുകേൾവിയുടേയും കെട്ടുകഥകളുടേയും രൂപത്തിലുള്ള ദൈവത്തെ കാണിക്കാൻ നാം ആഗ്രഹിക്കുന്നില്ല. പ്രത്യുത നാം നമ്മുടെ സത്തയും അസ്തിത്വവും സമർപിച്ച് ലോകത്തെകൊണ്ട് അല്ലാഹുവിന്റെ അസ്തിത്വത്തെ വിശ്വസിപ്പിക്കാനാഗ്രഹിക്കുന്നു. ഇതൊരു ചൊവ്വായ കാര്യമാണ്. അല്ലാഹുവിലേക്ക് എത്രത്തോളം ഒരാൾ ചുവടു വെക്കുന്നുവോ അല്ലാഹു അതിനെക്കാളധികം വേഗത്തോടും ധിറുതിയോടുംകൂടി അവനിലേക്ക് വരുന്നു. ഒരു ആദരണീയ വ്യക്തിയുടെ അംഗീകൃതമായ നിരീക്ഷണം ഏറെ പ്രിയപ്പെട്ടതും ബഹുമാന്യവുമായി മനസ്സിലാക്കപ്പെടുന്നത് ലോകത്ത് നമ്മൾ കാണുമ്പോൾ, അല്ലാഹുവിന്റെ സാമീപ്യം പ്രാപിക്കുന്നവൻ തന്റെ ഉള്ളിൽ അല്ലാഹുവിന്റെ ശക്തികളുടേയും അതിരറ്റ് കഴിവുകളുടേയും മാതൃകയായിട്ടുള്ള ഈ അടയാളങ്ങളിൽനിന്ന് ഒരു ഭാഗവും എടുക്കുകയില്ലേ.'(മൽഫൂദാത്ത് വാള്യം 1, പേജ് 291, ഖാദിയാൻ പ്രസിദ്ധീകരണം 2018)

**രാജാക്കന്മാരുടെ ചുറ്റും കാവൽക്കാരുള്ളതുപോലെ നബി(സ)തിരുമേനിയുടെ മുമ്പിലും പിമ്പിലും 'മുഅഖ്ഖിബാത്തുൻ' ഉണ്ട്. ആത്മാർഥരായ സ്വഹാബത്തും എന്റെ പക്കൽ 'മുഅഖ്ഖിബാത്തുൻ' എന്നതിൽപ്പെട്ടവരാണ്. അവരെ അല്ലാഹു നബി(സ)തിരുമേനിയുടെ സംരക്ഷണത്തിന് നിശ്ചയിച്ചതായിരുന്നു.**

സയ്യിദുനാ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) റഅ്ദ് എന്ന അധ്യായത്തിലെ 12-ാമത്തെ വചനമായ **ലഹൂ മുഅഖ്ഖിബാത്തുൻ മ്മിൻ ബയ്നി യദയ്ഹി വ മിൻ ഖൽഫിഹീ യഹ്ഫളൂനഹൂ മിൻ അംരില്ലാഹി എന്നതിനെഴുതിയ വ്യാഖ്യാനത്തിൽ പറയുന്നു:** നബി(സ)തിരുമേനിയുടെ മുഴുവൻ പ്രവാചകത്വ കാലവും ഈ സംരക്ഷണത്തിനുള്ള തെളിവു നല്കുന്നു. 'മക്ക മുഅള്ളമ'യിൽ നബി(സ)തിരുമേനിയെ മലക്കുകൾ സംരക്ഷിച്ചിരുന്നു. അല്ലെങ്കിൽ ഇത്രയധികം ശത്രുക്കൾ വലയം ചെയ്തിട്ടും അവിടുത്തെ ജീവൻ എങ്ങനെ സുരക്ഷിതമായിരിക്കാനാണ്. മദീനയിൽ വന്നപ്പോൾ രണ്ടുതരത്തിലുള്ള സംരക്ഷണവും നബി(സ)തിരുമേനിക്ക് കിട്ടിയിരുന്നു. ആകാശത്തുള്ള മലക്കുകളുടേയും. ഭൂമിയിലുള്ള മലക്കുകളുടേയും. അതായത് സ്വഹാബ

(ശേഷം പേജ് 9ൽ)

**ഈ ലക്കത്തിൽ**


- ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വെല്ലുവിളി
- ജുമുഅ ഖുത്വ്ബ 2021 ഏപ്രിൽ 16 (സമ്പൂർണ തർജമ)
- പര്യടന റിപ്പോർട്ട് ഹുദൂർ അയ്യദഹുല്ലാഹ്


പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്‌ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്‌റാൻ ബദ്ർ ബോർഡ്,ഖാദിയാൻ

## ഖുത്ബ ജുമുഅ

ദുആ സ്വീകാര്യതയ്ക്കും ചില നിബന്ധനകളുണ്ട്. നാം ഈ നിബന്ധനകളനുസരിച്ച് നമ്മുടെ പ്രാർഥനകളെ അലംകൃതമാക്കി അവതരിപ്പിക്കുകയാണെങ്കിൽ അല്ലാഹുവിനെ നമ്മുടെ സമീപസ്ഥനും ദുആ സ്വീകരിക്കുന്നവനുമായി കാണുന്നതായിരിക്കും.

ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ നിർദേശങ്ങളുടെ വെളിച്ചത്തിൽ ദുആകളുടെ പ്രാധാന്യത്തിന്റേയും ദുആ സ്വീകാര്യതയുടെ നിബന്ധനകളുടേയും തത്ത്വശാസ്ത്രത്തിന്റേയും ആഴത്തിന്റേയും ഉൾക്കാഴ്ചാ ഭരിതമായ വിവരണം.

നമ്മുടെ കൂട്ടത്തിൽ ഒരുപാടുപേർ ഉപിപ്ലവമായ നിലയിൽ ദുആ ചെയ്തിട്ട് തങ്ങളുടെ ദുആകൾ അല്ലാഹു സ്വീകരിച്ചില്ലെന്ന് പറയുന്നവരായുണ്ട്. അതായത് അല്ലാഹുവിനെ നമ്മൾ ഒരു ജോലി ഏല്പിച്ചു അത് അവൻ അംഗീകരിക്കേണ്ടതായിരുന്നുവെന്ന്. അതായത് നഊദുബില്ലാഹ് അല്ലാഹു അത്തരക്കാരുടെ കല്പനകളനുസരിക്കാൻ ബാധ്യസ്ഥനാണെന്ന്! അവർക്ക് തങ്ങൾക്കിഷ്ടമുള്ളത് പറയാം. തങ്ങൾക്കിഷ്ടമുള്ള രീതിയിൽ പറയാം. അവരുടെ കർമം ഏതു തരത്തിലുള്ളതുമാകാം. എന്നാലും അതൊക്കെ കേട്ടുകൊള്ളാൻ ബാധ്യസ്ഥനാണത്രെ! പക്ഷേ, അതു നടക്കില്ലെന്ന് അല്ലാഹു സ്പഷ്ടമായി പറഞ്ഞിരിക്കുന്നു. ആദ്യം ഞാൻ പറയുന്നത് നിങ്ങൾ കേൾക്കണം. നിങ്ങളുടെ കർമങ്ങളെ വിശുദ്ധ ഖുർആനിന്റെ അധ്യാപനങ്ങളനുസരിച്ച് വാർത്തെടുക്കേണ്ടിവരും.

ഒരാൾ കർമങ്ങൾ ചെയ്യുന്നില്ലെങ്കിൽ അയാൾ ദുആ ചെയ്യുകയല്ല, പ്രത്യുത അല്ലാഹുവിനെ പരീക്ഷിക്കുകയാണ് ചെയ്യുന്നത്. അതുകൊണ്ട് ദുആയ്ക്ക് മുമ്പേ തന്റെ ശേഷിയും വിനിയോഗിക്കേണ്ടത് നിർബന്ധമാണ്. ദുആയുടെ അർഥവും ഇതുതന്നെയാണ്.

ശരീഅത്ത് ഉപാധികൾ സ്വീകരിക്കുന്നത് വിലക്കിയിട്ടില്ല. സത്യം ചോദിച്ചാൽ ദുആ തന്നെയും ഒരു കാര്യഹേതുവല്ലേ? അല്ലെങ്കിൽ കാര്യഹേതു ദുആ അല്ലേ? കാര്യഹേതുക്കൾ അന്വേഷിക്കുന്നതും ദുആ തന്നെയാണ്. മഹത്തായ കാര്യഹേതുക്കളുടെ ഉറവിടമാണ് ദുആ.

ഈ റമളാനിൽ അല്ലാഹുവിന്റെ സാമീപ്യം പ്രാപിക്കുന്നവരും അവന്റെ കല്പനകൾ പാലിക്കുന്നവരും ഈമാനിനെ സുദൃഢമാക്കുന്നവരുമാക്കിത്തീർക്കാൻ നമ്മൾ ശ്രമിക്കേണ്ടതാണ്. ദുആയുടെ യുക്തികളും തത്ത്വങ്ങളും മനസ്സിലാക്കേണ്ടതാണ്. സ്വന്തം കർമസംസ്കരണം നടത്തുന്നവരാകേണ്ടതാണ്. അല്ലാഹുവിന്റെ സന്നിധിയിൽ ദുആകൾ സ്വീകരിക്കപ്പെടുന്നവരുടെ ഗണത്തിൽ ഉൾപ്പെടേണ്ടതാണ്.

മറ്റുള്ളവർക്കുവേണ്ടി ദുആ ചെയ്യുന്നതിലൂടെ സ്വന്തം ദുആകളും സ്വീകരിക്കപ്പെടുന്നതാണ്. ഈ ഒരു ആശയം എപ്പോഴും ഓർമവെക്കേണ്ടതാണ്. മാത്രമല്ല അന്യർക്കുവേണ്ടി ദുആ ചെയ്യുന്നവർക്കുവേണ്ടി മലക്കുകളും ദുആ ചെയ്യുന്നു. മലക്കുകൾ ദുആ ചെയ്യുന്നത് എത്രയധികം ലാഭകരമായ കച്ചവടമാണ്.

പാക്കിസ്താനിലോ അൽജീരിയായിലോ എവിടെയാണെങ്കിലും ഏതുതരത്തിലുള്ളതാണെങ്കിലും പ്രത്യേകിച്ച് ജമാഅത്തിന്റെ പേരിൽ പ്രയാസങ്ങളിൽ അകപ്പെട്ടിരിക്കുന്ന സഹോദരങ്ങൾക്കുവേണ്ടി ദുആ ചെയ്യാൻ ആഹ്വാനം.

**ഖുത്ബ ജുമുഅ 2021 ഏപ്രിൽ 16/1400 ശഹാദത്ത് 16,**
**മസ്ജിദ് മുബാറക് ഇസ്‌ലാമാബാദ്, ടിൽഫോർഡ്, (സർറെ)യു.കെ**

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആല ബിനസ്‌രിൽ അസീസ്**

اَشْهَدُ اَنْ لَّآ اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَاَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ
اَمَّا بَعْدُ فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ - بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ -
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ - الرَّحْمٰنِ الرَّحِيْمِ - مٰلِكِ يَوْمِ الدِّيْنِ - اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ -
اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ - صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ -
يٰۤاَيُّهَا الَّذِيْنَ اٰمَنُوْا كُتِبَ عَلَيْكُمُ الصِّيَامُ كَمَا كُتِبَ عَلَى الَّذِيْنَ مِنْ قَبْلِكُمْ لَعَلَّكُمْ
تَتَّقُوْنَ ○ اَيَّامًا مَّعْدُوْدٰتٍ ؕ فَمَنْ كَانَ مِنْكُمْ مَّرِيْضًا اَوْ عَلٰى سَفَرٍ فَعِدَّةٌ مِّنْ اَيَّامٍ اُخَرَ ؕ وَعَلَى الَّذِيْنَ
يُطِيْقُوْنَهٗ فِدْيَةٌ طَعَامُ مِسْكِيْنٍ ؕ فَمَنْ تَطَوَّعَ خَيْرًا فَهُوَ خَيْرٌ لَّهٗ ؕ وَاَنْ تَصُوْمُوْا خَيْرٌ لَّكُمْ اِنْ كُنْتُمْ
تَعْلَمُوْنَ ○ شَهْرُ رَمَضَانَ الَّذِيْٓ اُنْزِلَ فِيْهِ الْقُرْاٰنُ هُدًى لِّلنَّاسِ وَبَيِّنٰتٍ مِّنَ الْهُدٰى وَالْفُرْقَانِ ۚ
فَمَنْ شَهِدَ مِنْكُمُ الشَّهْرَ فَلْيَصُمْهُ ؕ وَمَنْ كَانَ مَرِيْضًا اَوْ عَلٰى سَفَرٍ فَعِدَّةٌ مِّنْ اَيَّامٍ اُخَرَ ؕ يُرِيْدُ اللّٰهُ
بِكُمُ الْيُسْرَ وَلَا يُرِيْدُ بِكُمُ الْعُسْرَ ۫ وَلِتُكْمِلُوا الْعِدَّةَ وَلِتُكَبِّرُوا اللّٰهَ عَلٰى مَا هَدٰىكُمْ وَلَعَلَّكُمْ
تَشْكُرُوْنَ ○ وَاِذَا سَاَلَكَ عِبَادِيْ عَنِّيْ فَاِنِّيْ قَرِيْبٌ ؕ اُجِيْبُ دَعْوَةَ الدَّاعِ اِذَا دَعَانِ ۙ فَلْيَسْتَجِيْبُوْا
لِيْ وَلْيُؤْمِنُوْا بِيْ لَعَلَّهُمْ يَرْشُدُوْنَ ○ (البقرة:184 تا 187)

ഈ വചനങ്ങളുടെ അർഥം ഇപ്രകാരമാകുന്നു: വിശ്വാസികളേ!നിങ്ങൾക്കു മുമ്പേയുള്ളവർക്ക് നിർബന്ധമാക്കപ്പെട്ടിരുന്നതുപോലെ നിങ്ങൾക്കും നോമ്പ് നിർബന്ധമാക്കപ്പെട്ടിരിക്കുന്നു. (നിങ്ങൾ ധാർമികവും ആത്മീയവുമായ ന്യൂനതകളിൽ നിന്ന് സുരക്ഷിതരാകുംവിധം) ദോഷബാധയെ സൂക്ഷിക്കുവാൻ വേണ്ടി.

(ഈ നോമ്പ്) ചില നിശ്ചിത ദിവസങ്ങളിലാണ്. എന്നാൽ, നിങ്ങളിലാരെങ്കിലും (താൽക്കാലികമായി)രോഗിയോ യാത്രയിലോ ആയാൽ മറ്റു ദിവസങ്ങളിൽ(അവർ)എണ്ണം പൂർത്തിയാക്കിക്കൊള്ളട്ടെ.ഫിദ്‌യാ അഥവാ പ്രായശ്ചിത്തം നല്കാൻ കഴിവുള്ളവർ ഒരു അഗതിയുടെ ആഹാരം (പ്രായശ്ചിത്തമായി)നല്കേണ്ടതാണ്. ഇനി ആരെങ്കിലും പൂർണമായ അനുസരണം പുലർത്തിക്കൊണ്ട് വല്ല നന്മയും ചെയ്യുന്നുവെങ്കിൽ അത് അയാൾക്ക് ഗുണകരമായിരിക്കും. നിങ്ങൾ ഗ്രഹിക്കുന്നവരാണെങ്കിൽ നോമ്പനുഷ്ഠിക്കുന്നത് നിങ്ങൾക്ക് ഗുണകരമത്രെ.

സമസ്തമനുഷ്യർക്കും സന്മാർഗദായകവും മാർഗദർശനത്തിന്റേയും സത്യാസത്യ വിവേചനത്തിന്റേയും സ്പഷ്ടമായ തെളിവുകൾ ഉൾക്കൊള്ളുന്നതുമായ ഖുർആൻ അവതരിപ്പിക്കപ്പെട്ട മാസമാണ് റമളാൻ. അതുകൊണ്ട് നിങ്ങളിലാരെങ്കിലും ഈ മാസത്തിനു സാക്ഷ്യം വഹിച്ചാൽ അയാൾ ആ മാസത്തിൽ നോമ്പനുഷ്ഠിക്കട്ടെ. എന്നാൽ, നിങ്ങളാരെങ്കിലും (താൽക്കാലികമായി) രോഗിയാവുകയോ യാത്രയിലാവുകയോ ചെയ്യുന്ന പക്ഷം ആ എണ്ണം മറ്റു ദിനങ്ങളിൽ പൂർത്തിയാക്കേണ്ടതാണ്. അല്ലാഹു നിങ്ങൾക്ക് എളുപ്പത്തെയാണ് ഉദ്ദേശിക്കുന്നത്; അവൻ നിങ്ങൾക്ക് പ്രയാസത്തെ ഉദ്ദേശിക്കുന്നില്ല.(ഇതാകട്ടെ)നിങ്ങൾ എണ്ണം പൂർത്തീകരിക്കുന്നതിനും അല്ലാഹു നിങ്ങളെ സന്മാർഗത്തിലാക്കിയതിന് നിങ്ങൾ അവനെ മഹത്ത്വപ്പെടുത്തുന്നതിനും നിങ്ങൾ കൃതജ്ഞത കാണിക്കുന്നതിനും വേണ്ടിയാകുന്നു.

എന്നെ സംബന്ധിച്ച് എന്റെ ദാസന്മാർ നിന്നോടു ചോദിക്കുന്ന പക്ഷം (പറയുക) നിശ്ചയമായും ഞാൻ സമീപസ്ഥനാകുന്നു. പ്രാർഥിക്കുന്നവന്റെ പ്രാർഥനയ്ക്ക് ഞാനുത്തരം നല്കും; അവനെന്നെ വിളിച്ചു പ്രാർഥിക്കുമ്പോൾ. അതുകൊണ്ട് അവർ എന്റെ വിളിക്കുത്തരം നല്കുക യും എന്നിൽ വിശ്വസിക്കുകയും ചെയ്യട്ടെ;അവർ സന്മാർഗം പ്രാപിക്കുന്നതിനുവേണ്ടി.(2:184–187)

അല്ലാഹുവിന്റെ അനുഗ്രഹത്താൽ വീണ്ടും ഒരിക്കൽകൂടി നമുക്ക് ഈ വർഷം റമളാൻ മാസത്തിലൂടെ കടന്നുപോകാനുള്ള അവസരം കരഗതമായിരിക്കുകയാണ്. എപ്പോഴും ഓർക്കുക, റമളാൻ മാസം ലഭിക്കുകയും അതിലൂടെ കട

ന്നുപോകുകയും ചെയ്തതുകൊണ്ട് മാത്രമായില്ല. അതുപോലെ ഇടയത്താഴം കഴിച്ച് നോമ്പെടുക്കുകയും വൈകിട്ട് നോമ്പുതുറപോലെ നോമ്പു മുറിക്കുകയും ചെയ്യുന്നത് നോമ്പുകൊണ്ടുള്ള ഉദ്ദേശ്യത്തെ പൂർത്തീകരിക്കുകയുമില്ല. മറിച്ച് നോമ്പുകളെടുത്തും ഈ നോമ്പുകൾ മുഖേനയും നാം നമ്മുടെ അന്തഃരംഗങ്ങളിൽ സൽപരിവർത്തനമുണ്ടാക്കണമെന്ന് അല്ലാഹു കല്പിച്ചിരിക്കുന്നു. നോമ്പുമായി ബന്ധപ്പെട്ട് അല്ലാഹു നമുക്ക് ചില കല്പനകൾ നല്കിയിട്ടുണ്ട്. അവ നടപ്പിൽ വരുത്തുന്നതിലൂടെ അവൻ നമുക്ക് തന്റെ സാമീപ്യവും ദുആ സ്വീകാര്യതയും നല്കുമെന്ന സുവാർത്തയും അറിയിച്ചിട്ടുണ്ട്. അത്തരത്തിലുള്ള ചില ഖുർആനിക വചനങ്ങളാണ് ഞാൻ ഇവിടെ പാരായണം ചെയ്തിട്ടുള്ളത്. ഞാനോതിയ ആയത്തുകളിൽ അല്ലാഹു നോ മ്പ് നിർബന്ധമാണെന്ന കാര്യത്തെ കുറിച്ച് നമ്മെ ഉണർത്തിയിട്ടുണ്ട്. അതുപോലെ പറഞ്ഞിരിക്കുന്ന മറ്റൊരു കാര്യം രോഗമോ മറ്റെന്തങ്കിലും അനുവദനീയമായ കാരണമോ ഉണ്ടെങ്കിൽ നോമ്പിൽ ഇളവുണ്ടെന്നും എന്നാൽ, അത് പിന്നീട് പിടിച്ചു വീട്ടണമെന്നുമാണ്. അല്ലെങ്കിൽ അതിന് 'ഫിദ്‌യ' നല്കണം. എടുത്തുവീട്ടാൻ സാധിക്കുന്നില്ലെങ്കിൽ രോഗം വളരെകാലം നീണ്ടു നില്ക്കുന്നതാണെങ്കിൽ **'ഫിദ്‌യ'** കൊടുക്കുക. എന്നാൽ, പിന്നീട് വീട്ടാനാകുമെങ്കിലും സാമ്പത്തിക ശേഷി അനുവദിക്കുന്നുവെങ്കിൽ 'ഫിദ്‌യ' കൊടുക്കുന്നത് ഗുണകരമാണ്.

അതുകൂടാതെ വിശുദ്ധ ഖുർആനിന്റെ പ്രസക്തിയേയും അതിന്റെ അവതരണത്തേയും സംബന്ധിച്ച് അല്ലാഹു നമുക്കു പറഞ്ഞു തന്നിരിക്കുന്നു. അതു പാരായണം ചെയ്യുന്നതും അതനുസരിച്ച് പ്രവർത്തിക്കുന്നതും നമുക്ക് ഈമാനും സന്മാർഗവും സുദൃഢമാക്കാനുള്ള മാർഗമാണ്. അതുപോലെ അല്ലാഹുവുമായി ബന്ധം സ്ഥാപിക്കുന്നതിനും അവൻ അയച്ചുതന്നിട്ടുള്ള അധ്യാപനങ്ങളെ മനസ്സിലാക്കുന്നതിനുമുള്ള മാർഗമാണ്. അതുകൂടാതെ നമുക്ക് മറ്റൊരു സുവാർത്തയും അവൻ ഇവിടെ നല്കിയിട്ടുണ്ട്. അല്ലയോ പ്രവാചകരേ! എന്റെ ദാസന്മാരെ ഇങ്ങനെ അറിയിക്കുക. ഞാൻ അവരുടെ സമീപസ്ഥനാകുന്നു. പ്രാർഥനകൾ കേൾക്കുകയും അവ സ്വീകരിക്കുകയും ചെയ്യുന്നു. നബി(സ)തിരുമേനി പറയുകയുണ്ടായി, റമളാൻ മാസത്തിൽ അല്ലാഹു താഴത്തെ ആകാശത്തേക്ക് വരുന്നു. അതായത് തന്റെ ദാസരുടെ പ്രാർഥനകൾ കൂടുതലായി ശ്രവിക്കുന്നു. എന്നാൽ, അല്ലാഹു പറയുന്നു: നിങ്ങളുടെ പ്രാർഥനകൾ ഞാൻ കേൾക്കണമെന്ന് നിങ്ങൾ ആഗ്രഹിക്കുന്നുവെങ്കിൽ നിങ്ങൾ എന്റെ വാക്കുകളും കേൾക്കേണ്ടതുണ്ട്. ഞാൻ നല്കിയിരിക്കുന്ന കല്പനകൾ അനുസരിച്ച് പ്രവൃത്തിക്കേണ്ടതുണ്ട്. അവ വെറും റമളാൻ മാസത്തിലല്ല. ജീവിതത്തിന്റെതന്നെ സ്ഥിരമായ ഭാഗമാക്കേണ്ടതുണ്ട്. ആ നന്മകളേയും നിങ്ങളുടെ ഈമാനേയും സുദൃഢമാക്കേണ്ടതുണ്ട്. അതുകൊണ്ട് ദുആ സ്വകാര്യതയ്ക്കും നിബന്ധനകളുണ്ട്. നാം ഈ നിബന്ധനകളനുസരിച്ച് നമ്മുടെ പ്രാർഥനകളെ അലംകൃതമാക്കി അവതരിപ്പിക്കുകയാണെങ്കിൽ അല്ലാഹുവിനെ നമ്മുടെ സമീപസ്ഥനും ദുആ സ്വീകരിക്കുന്നവനുമായി കാണുന്നതായിരിക്കും.

ഇപ്പോൾ ഞാൻ ദുആയുമായി ബന്ധപ്പെട്ട ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ചില ഉദ്ധരണികൾ കേൾപ്പിക്കുന്നതാണ്. അതായത് ദുആയുടെ പ്രാധാന്യം, നാം നമ്മുടെ കർമപരമായ അവസ്ഥയിൽ സംസ്കരണം നടത്തേണ്ട കാര്യം, എന്തൊക്കെയാണ് ദുആ സ്വീകാര്യതയുടെ നിബന്ധനകൾ, അതുപോലെ അതിന്റെ തത്ത്വശാസ്ത്രവും ഗഹനതയും തുടങ്ങിയവയെകുറിച്ചെല്ലാം ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വാക്കുകൾ ഞാൻ ഇവിടെ കേൾപ്പിക്കുന്നതാണ്. നമ്മുടെ കൂട്ടത്തിൽ ഒരുപാടുപേർ ഉപിപ്ലവമായ നിലയിൽ ദുആ ചെയ്തിട്ട് തങ്ങളുടെ ദുആകൾ അല്ലാഹു സ്വീകരിച്ചില്ലെന്ന് പറയുന്നവരായുണ്ട്. അതായത് അല്ലാഹുവിനെ നമ്മൾ ഒരു ജോലി ഏല്പിച്ചു അത് അവൻ അംഗീകരിക്കേണ്ടതായിരുന്നുവെന്ന്. അതായത് നഊദുബില്ലാഹ് അല്ലാഹു അത്തരക്കാരുടെ കല്പനകളനുസരിക്കാൻ ബാധ്യസ്ഥനാണെന്ന്! അവർക്ക് തങ്ങൾക്കിഷ്ടമുള്ളത് പറയാം. തങ്ങൾക്കിഷ്ടമുള്ള രീതിയിൽ പറയാം. അവരുടെ കർമം ഏതു തരത്തിലുള്ളതുമാകാം. എന്നാലും അതൊക്കെ കേട്ടുകൊള്ളാൻ ബാധ്യസ്ഥനാണത്രെ! പക്ഷേ, അതു നടക്കില്ലെന്ന് അല്ലാഹു സ്പഷ്ടമായി പറഞ്ഞിരിക്കുന്നു. ആദ്യം ഞാൻ പറയുന്നത് നിങ്ങൾ കേൾക്കണം. നിങ്ങളുടെ കർമങ്ങളെ വിശുദ്ധ ഖുർആനിന്റെ അധ്യാപനങ്ങളനുസരിച്ച് വാർത്തെടുക്കേണ്ടിവരും. റമളാൻ മാസത്തിൽ നന്മകളുടെ അന്തരീക്ഷമുണ്ടാകുകയും ദർസിന്റേയും ശിക്ഷണത്തിന്റേയും പരമ്പര തുടങ്ങുകയും ചെയ്തപ്പോൾ എന്റെ നിർദേശങ്ങളേയും കല്പനകളേയും നോക്കുകയും ചിന്തിക്കുകയും കേൾക്കുകയും അതനുസരിച്ച് കർമങ്ങൾ ചെയ്യുകയും ചെയ്യുക. നിങ്ങളുടെ ഈമാൻ എത്രത്തോളം ദൃഢഗാഢമാണെന്ന് അവലോകനം ചെയ്യുക. എന്തെങ്കിലും പ്രയാസങ്ങൾ നേരിടുമ്പോൾ അല്ലെങ്കിൽ പരീക്ഷണത്തിൽ അകപ്പെടുമ്പോൾ ഈമാനിൽ ചാഞ്ചല്യമുണ്ടാകുന്നുണ്ടോ? ഈ സദുദ്യമത്തിൽ ആദ്യം ചുവടുവെക്കേണ്ടത് ദാസനാണ്. അത് അതിന്റെ പാരമ്യതയിലെത്തുമ്പോൾ ദൈവകാരുണ്യവും അനുകമ്പയും അലയടിച്ചുയരുന്നു. അവന്റെ കൃപാവരം ആവേശം കൊള്ളുന്നു. അതുകൊണ്ട് ഇക്കാര്യം ഗ്രഹിക്കുക നമുക്ക് വളരെ അനിവാര്യമാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ) ഒരു അവസരത്തിൽ പറയുന്നു:

'ദുആ ഇസ്‌ലാമിന്റെ പ്രത്യേക അഭിമാനമാണ്. മുസ്‌ലിമീങ്ങൾക്ക് അതിൽ വലിയ അന്തസുണ്ട്. എന്നാൽ, ഒരു കാര്യം ഓർക്കുക, ദുആ എന്നത് വാചക കസറത്തിന്റെ പേരല്ല. അത് ഹൃദയത്തെ **തഖ്‌വാ** അഥവാ ദൈവഭയം കൊണ്ട് നിറയ്ക്കുകയും ആത്മാവിനെ ദൈവസന്നിധിയിലേക്ക് ഒഴുക്കിവിടുകയും ചെയ്യുന്ന ഒന്നാണ്. തന്റെ ബലഹീനതകളും പാകപ്പിഴകളും അകലുന്നതിനുവേണ്ടി ശക്തവാനും നിയന്താവുമായ അല്ലാഹുവിൽനിന്ന് ശക്തിയും കഴിവും പൊറുക്കലും ആഗ്രഹിക്കുന്നു. ഈ അവസ്ഥയെ മറ്റു വാക്കുകളിൽ മരണം എന്നു പറയാം. ഈ അവസ്ഥ ലഭ്യമാകുമ്പോൾ തീർച്ചയായും മനസ്സിലാക്കുക ദുആ സ്വീകാര്യതയുടെ കവാടം അവന് തുറക്കപ്പെടുന്നുവെന്ന്. പ്രത്യേകമായ കഴിവും കൃപയും സ്ഥൈര്യവും തിന്മകളിൽനിന്ന് രക്ഷപ്പെടുന്നതിനും സൽകർമങ്ങളിൽ സുസ്ഥിരമായി നിലകൊള്ളുന്നതിനും അവന് പ്രദാനം ചെയ്യപ്പെടുന്നു. ഈ മാർഗം എല്ലാത്തിനെക്കാളും ദൃഢമാണ്. *(മൽഫൂദാത്ത് വാല്യം 7, പേജ് 263, 1984 പതിപ്പ്)*

ഇതാണ് ദുആയുടെ രീതി. അല്ലാഹുവിന്റെ സാമീപ്യം നേടുന്നതിനുള്ള മാർഗം, ദുആയെ സ്വീകാര്യമാക്കാനുള്ള വഴി, പാപങ്ങളിൽനിന്ന് വിശുദ്ധ കൈവരിക്കാനുള്ള പാത. ഇന്ന് വളരെ പ്രധാനമായൊരു ചോദ്യമിതാണ്. ഞങ്ങളുടെ പാപങ്ങൾ പൊറുക്കപ്പെട്ടു, ഞങ്ങളിൽ ദൈവം സം പ്രീതനായി, എന്നൊക്കെ എങ്ങനെ അറിയാൻ സാധിക്കും? ഇവിടെ ഇതേ കുറിച്ച് ഹദ്റത്ത് മസീഹ് മൗഊദ്(അ) ഒരു അടിസ്ഥാന തത്ത്വം വിവരിച്ചിട്ടുണ്ട്. അല്ലാഹുവുമായി യഥാർഥ ബന്ധം സ്ഥാപിതമായാൽ അത് സുസ്ഥിരമായിരിക്കും. അതിന് ഒരു വ്യക്തി യഥാവണ്ണം പരിശ്രമിക്കേണ്ടതുണ്ട്. അങ്ങനെ വന്നാൽ ആ വ്യക്തിക്ക് തിന്മകളിൽ നിന്ന് രക്ഷനേടാനുള്ള സ്ഥൈര്യം ലഭിക്കുമാറ് ദൈവാനുഗ്രഹമുണ്ടാകുന്നു. തിന്മകളിൽ നിന്ന് മനുഷ്യന് രക്ഷ ലഭിക്കുന്നെന്ന് മാത്രമല്ല മറിച്ച് നന്മകൾ ചെയ്യാൻ, സ്ഥിരമായി നന്മകൾ ചെയ്യാൻ അവന് ശക്തി പ്രദാനം ചെയ്യപ്പെടുന്നു. ഇങ്ങനെയൊരു അവസ്ഥ ഉണ്ടായിട്ടില്ലെങ്കിൽ തനിക്ക് ദൈവസാമീപ്യം ലഭിച്ചുവെന്ന് ഒരാൾക്കും പറയാനാകില്ല. അതുകൊണ്ട് യഥാർഥ ആരാധകനാകാൻ ഈ നിലയ്ക്കു ചിന്തിക്കുകയും അതനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യേണ്ടതുമാണ്. ഈ റമളാനിൽ നാം അതിനായി പ്രയത്നിക്കേണ്ടതാണ്.

ദുആയെ കുറിച്ച് ഞാൻ പറഞ്ഞതു പോലെ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ചില ഉദ്ധരണികൾ സമർപിക്കുന്നതാണ്. ദുആ സ്വീകാര്യതയുടെ പ്രശ്നത്തെ വിവരിച്ചുകൊണ്ട് ഒരു സന്ദർഭത്തിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു: 'ദുആ സ്വീകാര്യത എന്ന വിഷയം യഥാർഥത്തിൽ ദുആ എന്ന വിഷയത്തിന്റെ ഒരു ശാഖയാണ്. അടിസ്ഥാനവിഷയം മനസ്സിലാക്കാത്ത വ്യക്തിക്ക് ശാഖയെ മനസ്സിലാക്കാൻ പ്രയാസമുണ്ടാകുമെന്നും അബദ്ധം പിണയുമെന്നുമുളളത് ഒരംഗീകൃത വസ്തുതയാണ്. എന്തൊരു കാര്യത്തേയും മനസ്സിലാക്കുന്നതിന് അതിന്റെ അടിസ്ഥാന വശത്തെ മനസ്സിലാക്കുക അനിവാര്യമാണ്. അടിസ്ഥാന വസ്തുത ഗ്രഹിക്കാനാകുന്നില്ലെങ്കിൽ എത്രകണ്ട് അതിന്റെ പോയിന്റുകളും വ്യാഖ്യാനങ്ങളും വിശദാംശങ്ങളുമുണ്ടായാലും കാര്യം മനസ്സിലാകുന്നതല്ല.' അവിടന്ന് പറയുന്നു: 'ദുആയുടെ സ്വഭാവം ഇപ്രകാരമാണ്. സുകൃതവാനായ ഒരു ദാസനും അവന്റെ നാഥനും തമ്മിൽ ഒരു ആകർഷണപരമായ ബന്ധമുണ്ടാകും. അതായത് ആദ്യം ദൈവത്തിന്റെ റഹ്മാനിയ്യത്ത് അഥവാ കാരുണ്യം ദാസനെ തന്നിലേക്ക് വലിക്കുന്നു. പിന്നീട് ദാസന്റെ സത്യതയുടെ ആകർഷണത്താൽ അല്ലാഹു അവന്റെ അടുത്തായി തീരുന്നു. ദാസൻ സത്യസന്ധമായും സത്യഹൃദയത്തോടുകൂടിയും പരിശ്രമിച്ചാൽ ദൈവം ദാസന്റെ സമീപസ്ഥനാകും. ദുആ ചെയ്യുന്ന അവസ്ഥയിൽ ആ ബന്ധം വിശേഷമായൊരു സ്ഥാനത്തെത്തുകയും അസാധാരണമായ ഗുണ വിശേഷങ്ങൾ സംജാതമാകുകയും ചെയ്യുന്നതാണ്. അപൂർവവും വിരളവുമായ ഗുണവിശേഷങ്ങൾ പ്രകടമാകുന്നതാണ്. ദാസൻ ഏതെങ്കിലും കഠിനമായ വിഷമ സന്ധിയിൽ ആയിരിക്കവെ ദൈവസന്നിധിയിൽ ദൃഢവിശ്വാസത്തോടും സമ്പൂർണ പ്രതീക്ഷയോടും സ്നേഹത്തോടും വിശ്വസ്തതയോടും ധൈര്യത്തോടുംകൂടി കുനിഞ്ഞ് അത്യധികം ജാഗ്രതയോടെ അനാസ്ഥയുടെ ആവരണങ്ങളെ കീറി മുറിച്ചുകൊണ്ട് ഫനാ അഥവാ വിലയനത്തിന്റെ മൈതാനത്ത് പേർത്തും പേർത്തും മുന്നേറുമ്പോൾ അവൻ തന്റെ കൺമുമ്പിൽ ദൈവത്തിന്റെ തിരുസന്നിധി പ്രാപിക്കുകയും അവനൊരു കൂട്ടുകാരനുമില്ലെന്ന് മനസ്സിലാക്കുകയും ചെയ്യുന്നു. അപ്പാൾ അവന്റെ ആത്മാവ് ആ തിരുസന്നിധയിൽ തന്റെ ശിരസ് വെക്കുന്നു. അവൻ ആ ഏകനായ ദൈവത്തെ മാത്രമെ കാണുകയുള്ളു. മറ്റെല്ലാംതന്നെ അവന്റെ കൺമുമ്പിൽനിന്ന് അപ്രത്യക്ഷമാകുന്നു. ലൗകികമായ ഒന്നിനും അവന്റെ മുമ്പിൽ ഒരു സ്ഥാനവുമുണ്ടാകുകയില്ല. ഏകനായ ദൈവംമാത്രം അവശേഷിക്കുന്നു. അവന്റെ അവസ്ഥ എന്താകുമെന്നാൽ ദൈവത്തെ കാണുന്ന മാത്രയിൽത്തന്നെ തിരുസന്നിധാനത്തിൽ അവന്റെ ആത്മാവ് തലവെക്കുന്നു. അതിൽ നിക്ഷിപ്തമായ ആകർഷക ശക്തി ദൈവാനുഗ്രഹങ്ങളെ സ്വാംശീകരിക്കാൻ തുടങ്ങുന്നു. അപ്പോൾ പ്രതാപവാനായ അല്ലാഹു ആ ജോലി പൂർത്തിയാക്കുന്നതിലേക്ക് ശ്രദ്ധതിരിക്കുന്നു. അവൻ ആ ദുആയുടെ പ്രഭാവം എല്ലാ അടിസ്ഥാനകാര്യങ്ങളിലും ഇട്ടുകൊടുക്കുന്നു. ആ ജോലി പൂർത്തിയാക്കുന്നതിന് അനിവാര്യമായ അടിസ്ഥാനകാര്യങ്ങളിലും ബന്ധപ്പെട്ട വസ്തുക്കളിലും അല്ലാഹു തന്റെ പ്രഭാവം ചെലുത്തുന്നു. അതുപ്രകാരം ആ ഉദ്ദേശ്യ സാഫല്യത്തിന് ആവശ്യമായ എല്ലാ മാർഗങ്ങളും ഉടലെടുക്കുന്നു. ഉദാഹരണത്തിന് മഴപെയ്യാനായാണ് ദുആ എങ്കിൽ ദുആ

സ്വീകാര്യതയ്ക്കുശേഷം മഴ വർഷിക്കാനാവശ്യമായ പ്രകൃതിപരമായ എല്ലാ സംവിധാനങ്ങളും ആ ദുആയുടെ പരിണിതഫലത്താൽ ഒരുക്കപ്പെടുന്നു. ഇനി വരൾച്ച ഉണ്ടാകാനുള്ള ശാപപ്രാർഥനയാണ് നടന്നിട്ടുള്ളതെങ്കിൽ സർവശക്തനായ ദൈവം അതിനു തക്കതായ സംവിധാനങ്ങൾ തയ്യാറാക്കുകയും ചെയ്യുന്നു.' തുടർന്ന് അവിടന്ന് പറഞ്ഞു:'പ്രവാചകന്മാരാൽ വെളിപ്പെട്ട ആയിരക്കണക്കിന് അത്ഭുത ദൃഷ്ടാന്തങ്ങളുടേയും അല്ലെങ്കിൽ മഹാന്മാരായ ഔലിയാക്കന്മാർ പ്രകടിപ്പിച്ച ഇന്നുവരെയുള്ള അത്ഭുതസിദ്ധികളുടേയും ആധാരവും പ്രഭവകേന്ദ്രവും ഇത്തരത്തിലുള്ള ദുആകൾ തന്നെയാണ്. മിക്കപ്പോഴും ദുആകളുടെ സ്വാധീനഫലമായാണ് സർവശക്തനായ ദൈവം അസാധാരണമായ മായവിലാസങ്ങൾ പ്രകടമാക്കുന്നത്.'*(ബർക്കാത്തുദ്ദുആ, റൂഹാനീ ഖസാഇൻ വാല്യം 6, പേജ് 9-10)*

പരിശുദ്ധ ഖുർആനും ഒട്ടനവധി പ്രവചനങ്ങൾ നിറഞ്ഞതാണ്. അതുകൂടാതെ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ കാലത്തും ഒരുപാട് പ്രവചനങ്ങൾ പൂർത്തിയായതായും ഒരുപാട് കാര്യങ്ങൾ പൂർത്തീകരിക്കപ്പെട്ടതും ഒരുപാട് സത്യസ്വപ്നങ്ങൾ ദർശിതമായതും അവ സഫലമായ തും ദുആയുടെ സ്വാധീനഫലങ്ങൾ ഉളവായതും നാം കാണുന്നു. ഇക്കാര്യങ്ങളെല്ലാം സംഭാവ്യമാകുന്നത് ഹൃദയശുദ്ധിയോടെ ദൈവസമക്ഷം കുനിയുമ്പോഴാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ) ഇക്കാര്യം കൂടുതൽ വിശദമാക്കിക്കൊണ്ടു പറയുന്നു: അല്ലാഹു പറയുന്നു, **വല്ലദീന ജാഹദൂ ഫീനാ ല നഹ്ദിയന്നഹും സുബുലുനാ** ആരാണോ നമ്മുടെ വഴിയിൽ പരിശ്രമിക്കുന്നത് നാം അവന് എന്റെ വഴികൾ കാണിച്ചുകൊടുക്കുന്നതായിരിക്കും. പരിശ്രമം ആദ്യം ദാസന്റെ മേൽ ഇട്ടു. നിങ്ങൾ മുജാഹദ അഥവാ പരിശ്രമം ചെയ്യണം. ഇതാണ് വാഗ്ദാനം. ഇവിടെ **ഇഹ്ദിനസ്സ്വിറാത്തൽ മുസ്തഖീം** *(ഫാത്തിഹ:6)* എന്ന പ്രാർഥനയുമുണ്ട്. അല്ലാഹു വാഗ്ദാനം ചെയ്തിരിക്കുന്നു നിങ്ങൾ പരിശ്രമിച്ചാൽ ഞാൻ എന്നിലേക്കുള്ള വഴി കാണിക്കുന്നതായിരിക്കും. മറുഭാഗത്ത് **ഇഹ്ദിനസ്സ്വിറാത്തൽ മുസ്തഖീം** എന്ന ദുആയും പഠിപ്പിച്ചു. നമ്മെ നേരായ മാർഗത്തിലേക്ക് നയിച്ചാലും. അതുകൊണ്ട് എല്ലാവരും ഇക്കാര്യം മുന്നിൽവച്ചുകൊണ്ട് കരഞ്ഞ് വിലപിച്ച് നമസ്കാരത്തിൽ പ്രാർഥിക്കേണ്ടതാണ്. അതുപോലെ അഭിവൃദ്ധിയും ഉൾക്കാഴ്ചയും നേടിയവരിൽ ഉൾപ്പെടാൻ പ്രത്യാശവച്ചു പുലർത്തേണ്ടതുമാണ്. ഉൾക്കാഴ്ചയില്ലാത്തവനും അന്ധനുമായി ഈ ലോകത്തു നിന്ന് വിടപറയുന്ന സ്ഥിതിയുണ്ടാകരുത്. **മൻകാന ഫീ ഹാദിഹീ അഅ്മാ ഫഹുവ ഫിൽആഖിറത്തി അഅ്മാ** വല്ലവനും ഈ ലോകത്ത് അന്ധനായിരുന്നാൽ അവൻ പരലോകത്തും അന്ധനായിരിക്കും. (17:73) അതായത് ഈ ലോകത്ത് ആത്മീയമായ നിലയിൽ അന്ധനായവൻ ലൗകികതയിൽ മുഴുകിയവൻ പരലോകത്തും ദൈവസാമീപ്യം പ്രാപിക്കുന്നവനല്ല.' ഹദ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു:'പരലോകത്തിനായുള്ള തയ്യാറെടുപ്പ് ഇഹലോകത്തുവച്ചുതന്നെ തുടങ്ങേണ്ടതുണ്ട്. അതിനായുള്ള ഒരുക്കങ്ങൾ നടത്തുവിൻ.' അവിടന്ന് പറഞ്ഞു: 'ഇതുകൊണ്ടുള്ള ഉദ്ദേശ്യം പരലോക ദർശനത്തിന് ഇഹലോകത്തുനിന്നുതന്നെ നമ്മൾ കണ്ണുകൾ കൊണ്ടുപോകേണ്ടതുണ്ടെന്നാണ്. പരലോകം കാണുന്നതിന് ദൈവസാമീപ്യം കരസ്ഥമാകുന്ന ലോകത്തെ കാണുവാൻ നമ്മൾ ഇവിടെനിന്നുതന്നെ കണ്ണുകൾ കൊണ്ടുപോകേണ്ടിവരും. വരാനിരിക്കുന്ന ലോകത്തെ അനുഭവിച്ചറിയുന്നതിന് നിലവിലുള്ള ലോകത്തുവച്ചുതന്നെ തയ്യാറെടുപ്പുകൾ നടത്തേണ്ടതാണ്. അല്ലാഹു ഒരു വാഗ്ദാനം ചെയ്തതിനുശേഷം അത് പൂർത്തിയാക്കില്ലെന്ന് കരുതാനാകുമോ?' അവിടന്ന് പറഞ്ഞു: 'അന്ധരെന്നതുകൊണ്ടുള്ള വിവക്ഷിതം ആത്മീയജ്ഞാനങ്ങളും ആത്മീയാനുഭൂതിയും ലഭിക്കാത്തവരാണ്. ഒരു മുസ്‌ലിം അന്ധമായിഇസ്‌ലാമിനെപിന്തുടരുകയാണ്.അതായത് മുസ്‌ലിം കുടുംബത്തിൽ ജനിച്ചതിനാൽ അവൻ അന്ധമായി അതിനെ പിൻപറ്റുകയാണ്. എല്ലാത്തിലും അന്ധമായ വിശ്വാസവും അന്ധമായ അനുകരണവും മാത്രമാണ് അവന്റേത്. വെറുതെ ആചാരങ്ങളെ പിൻതുടർന്ന് നടക്കുന്നു. കർമങ്ങൾ ശൂന്യമാണ്. മുസ്‌ലിം കുടുംബത്തിൽ പിറന്നു എന്നൊരു കാരണത്താൽ മാത്രം മുസ്‌ലിമായി തുടരുകയാണ്. മുസ്‌ലിമെന്ന് വിളിക്കപ്പെടുന്നു അത്രമാത്രം. മറ്റൊരു ഭാഗത്ത് ഒരു ക്രിസ്ത്യാനി, ക്രിസ്ത്യാനി കുടുംബത്തിൽ ജനിച്ചതുകൊണ്ടുമാത്രം ക്രിസ്ത്യാനിയാകുന്നു. അക്കാരണത്താലാണ് അത്തരമൊരാൾക്ക് അല്ലാഹുവിനോടും അവന്റെ ദൂതരോടും വിശുദ്ധ ഖുർആനോടും ഒരു ആദരവുമുണ്ടാകാത്തത്. അവന്റെ മതത്തിനോടുള്ള സ്നേഹവും ആക്ഷേപാർഹമാണ്. കേവലം അന്ധമായി വിശ്വാസങ്ങളെ പിൻപറ്റുന്നവന്റെ മതസ്നേഹവും ആരോപണവിധേയമാകുന്നു. അല്ലാഹുവിനേയും റസൂലിനേയും നിന്ദിക്കുന്നവരുമായി അവൻ കൂട്ടുകൂടുകയും ചെയ്യുന്നു. അതിനുള്ള കാരണം ആ വ്യക്തിക്ക് ആത്മീയനേതൃമില്ലാത്തതാണ്. അവനിൽ മതസ്നേഹമില്ല. ഒരു പ്രേമി തന്റെ പ്രേമഭാജനത്തിന് എതിരായി എന്തെങ്കിലും ഇഷ്ടപ്പെടുമോ? യഥാർഥ പ്രേമമാണെങ്കിൽ പ്രേമഭാജനത്തിന് എതിരായ ഒരു കാര്യത്തേയും ഇഷ്ടപ്പെടുന്നതല്ല. ചുരുക്കത്തിൽ നീ എടുക്കാൻ തയ്യാറാണെങ്കിൽ ഞാൻ നല്കാൻ തയ്യാറാണെന്ന് അല്ലാഹു പഠിപ്പിച്ചു. ഈ ദുആ ചെയ്യുന്നതുതന്നെ സന്മാർഗം എടുക്കുകന്നതിനുള്ള തയ്യാറെടുപ്പാണ്.'*(മൽഫൂദാത്ത് വാല്യം 1 പേജ് 20, 1984 പതിപ്പ്)*

അതുകൊണ്ട് ഈ ദിനങ്ങളിൽ **ഇഹ്ദിനസ്സ്വിറാത്തൽ മുസ്തഖീം** എന്ന ദുആ ഒരുപാട് ചെയ്യുക. അല്ലാഹു നമ്മെ നേർമാർഗത്തിൽ നയിക്കുമാറാകട്ടെ. ഹൃദയങ്ങളേയും പരിശുദ്ധമാക്കുമാറാകട്ടെ. യഥാർഥ ആരാധകരാക്കട്ടെ. അല്ലാഹുവിന്റെ ദാസരോടുള്ള കടമകൾ നിറവേറ്റുന്നവരാക്കട്ടെ. ഇക്കാലത്ത് ഭീകരവാദികൾ ചെയ്തുകൊണ്ടിരിക്കുന്നതുപോലെ നിങ്ങളാകരുത്. അവർ അല്ലാഹുവിന്റേയും റസൂലിന്റേയും പേരിൽ അക്രമം പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. അല്ലാഹു അത്തരം അക്രമികളുടെ ഉപദ്രവത്തിൽനിന്ന് എല്ലാവരേയും രക്ഷിക്കുമാറാകട്ടെ.

ചിലർ പറയുന്നത് തങ്ങൾ ഒരുപാട് പാപങ്ങൾ ചെയ്തിരിക്കുവെന്നും അല്ലാഹു ഇനി തങ്ങൾക്ക് പൊറുത്തു തരികയില്ലെന്നുമാണ്. എത്രകണ്ട് പാപങ്ങൾ ചെയ്തവനാണ് പൊറുക്കപ്പെടുകയെന്നും ചോദിക്കുന്നു. എന്നിട്ട് തങ്ങൾക്ക് പൊറുത്തു കിട്ടുകയില്ലെന്ന് പറഞ്ഞുകൊണ്ട് കൂടുതൽ പാപങ്ങൾ ചെയ്തുകൊണ്ടിരിക്കുകയും ചെയ്യുന്നു. യഥാർഥത്തിൽ അവരുടെ ഹൃദയങ്ങളിൽ പിശാച് ദുർമന്ത്രണം നടത്തുകയാണ് ചെയ്യുന്നത്. ദൈവത്തിൽനിന്ന് അവരെ അകറ്റാനായി സാത്താൻ തന്റെ തന്ത്രങ്ങൾ പ്രയോഗിക്കുകയാണ്. അത്തരക്കാർ സാത്താന്റെ കൈകളാൽ തട്ടിക്കളിക്കപ്പെടുന്നു. എന്നാൽ, നമുക്ക് സാത്താന്റെ ഈ ആക്രമണത്തിൽനിന്നും പിടിവലയത്തിൽ നിന്നും പുറത്തുകടക്കാനുള്ള മാർഗം വിവരിച്ചു തന്നുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു:

'പാപം ചെയ്യുന്നവർ തങ്ങളുടെ പാപാധിക്യവും മറ്റും നോക്കി ദുആയിൽനിന്ന് ഒരിക്കലും വിട്ടു നില്ക്കരുത്. ധാരാളം ദുആ ചെയ്തെന്ന് പറഞ്ഞോ പാപങ്ങൾ ഒരുപാടായെന്ന് കരുതിയോ മാറി നില്ക്കകയുമരുത്.' അവിടന്ന് പറഞ്ഞു: ദുആ അമൃതാണ്. അവസാനം ദുആകളുടെ ഫലമായി ഒരാൾ പാപത്തെ മോശമായി കാണാൻ തുടങ്ങുന്നു. പാപങ്ങളിൽനിന്ന് രക്ഷനേടാനുള്ള ചികിത്സാവിധിയാണ് ദുആ. സ്ഥിരോത്സാഹത്തോടെ ദുആ ചെയ്യുകയാണെങ്കിൽ പാപം വളരെ മോശമായി അനുഭവപ്പെടുന്നതായി കാണുന്നതാണ്. സാത്താൻ ഓടിയകലുന്നതാണ്. അപരാധങ്ങളിൽ മുങ്ങിക്കൊണ്ട് ദുആ സ്വീകാര്യതയെ തൊട്ട് ഹതാശരാകുന്നവരും പശ്ചാത്താപത്തിലേക്ക് തിരിയാത്തവരും ഒടുക്കം പ്രവാചകന്മാരേയും അവരുടെ സ്വാധീനതകളേയും നിഷേധിക്കുന്നവരായി മാറുന്നതാണ്. എന്നിട്ട് അവർ ദീനിൽനിന്ന് അകന്നുപോകുന്നതാണ്. മതത്തിൽനിന്ന് വിട്ടുകൊണ്ടങ്ങനെ നാസ്തികതയിലെത്തിച്ചേരുന്നതാണ്. പാപങ്ങളിൽ മുങ്ങിത്താണുകിടക്കുന്ന അത്തരക്കാർക്കും ഇസ്‌ലാം പ്രതീക്ഷയുടെ കിരണങ്ങൾ കാണിച്ചുകൊടുക്കുന്നു. എങ്ങനെയാണ് പാപങ്ങളിൽനിന്ന് പശ്ചാത്തപിച്ചു മടങ്ങേണ്ടതെന്ന് മനസ്സിലാക്കിത്തരാനുള്ള അവസരം പ്രദാനം ചെയ്യാനും അതിനുള്ള അന്തരീക്ഷമൊരുക്കാനുമാണ് അല്ലാഹു എല്ലാവർഷവും നമുക്ക് റമളാൻ മാസം തന്നിരിക്കുന്നത്. അതുകൊണ്ട് ഈ മാസത്തിൽനിന്നു പ്രയോജനമെടുക്കേണ്ടതാണ്. **ഉജീബു കുല്ല ദുആഇക്ക** എന്ന തന്റെ ഇൽഹാമിനെക്കുറിച്ച് ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു: **ഉജീബു കുല്ല ദുആഇക്ക** (നിന്റെ എല്ലാ ദുആകളും ഞാൻ സ്വീകരിക്കുന്നതാണെന്ന്) എന്നോടു എന്റെ പ്രിയ നാഥന്റെ സ്പഷ്ടമായ വാഗ്ദാനമുണ്ട്. എന്നാൽ, **'കുൽ'** അഥവാ എല്ലാം എന്നതുകൊണ്ട് ഏതൊരു ദുആ സ്വീകരിപ്പെടാതിരുന്നാലാണോ നഷ്ടങ്ങൾ വരുന്നത് അതാണ് വിവക്ഷിതമെന്ന് എനിക്ക് നല്ലവണ്ണം അറിവുണ്ട്. എല്ലാ പ്രാർഥനകളുമെന്നതുകൊണ്ട് സകല പ്രാർഥനകളും കേൾക്കപ്പെടുമെന്നല്ല അർഥമെന്ന് ഞാൻ മനസ്സിലാക്കുന്നു. മറിച്ച് സ്വീകരിക്കപ്പെട്ടില്ലെങ്കിൽ നഷ്ടംഭവിക്കുന്നതാണ് എല്ലാം എന്നതുകൊണ്ടുള്ള ഉദ്ദേശ്യം.അല്ലാഹു **തർബിയ്യത്തും**(ശിക്ഷണവും)**ഇസ്‌ലാഹും**(പരിവർത്തനവും)ഉദ്ദേശിച്ചിട്ടാണെങ്കിൽ റദ്ദാക്കുന്നതുതന്നെ ദുആ സ്വീകാര്യതയാണ്. ചിലപ്പോൾ ഒരുവൻ ഏതെങ്കിലും ദുആയുടെ കാര്യത്തിൽ പരാജിതനാകുന്നു. അല്ലാഹു ദുആ തള്ളിക്കളഞ്ഞെന്ന് കരുതുകയും ചെയ്യുന്നു. എന്നാൽ, അല്ലാഹു അവന്റെ ദുആ സ്വീകരിക്കുകയാണ് ചെയ്തത്. ആ സ്വീകാര്യത റദ്ദാക്കിയ നിലയിൽ സംഭവിച്ചിരിക്കുകയാണ്. കാരണം അയാൾക്ക് അത് റദ്ദാകുന്നത് പരോക്ഷമായ നിലയിലും യാഥാർഥ്യത്തിലും നന്മയും ഉത്തമവുമാകുന്നു. മനുഷ്യൻ അന്ത്യത്തെ കുറിച്ച് അജ്ഞനും ദീർഘദൃഷ്ടിയില്ലാത്തവനും ബാഹ്യാവസ്ഥയെ സർവസ്വമായി കണക്കാക്കുന്നവനുമായതിനാൽ അല്ലാഹുവിനോടു അവനെന്തെങ്കിലും ദുആ ചെയ്യുകയും ബാഹ്യമായ നിലയിൽ അതിന്റെ സൽഫലം ഉളവാകില്ലെന്ന് വരികയും ചെയ്താൽ അല്ലാഹു എന്റെ ദുആ കേട്ടില്ലെന്ന് പറഞ്ഞ് ദുർഭാവനവച്ച് പുലർത്താതിരിക്കുകയാണ് വേണ്ടത്. അവൻ എല്ലാവരുടേയും ദുആ കേൾക്കുന്നു. **ഉദ്ഊനീ അസ്തജിബ് ലക്കും**(എന്നെ വിളിക്കുക, ഞാൻ നിങ്ങൾക്ക് ഉത്തരം നല്കുന്നതാണ്) എന്നാണ് പറഞ്ഞത്. ദുആ ചെയ്യുന്നവന് ഗുണവും ഉപകാരവും ദുആ സ്വീകരിക്കാതിരിക്കുന്നതിലാണെന്ന രഹസ്യവും ഗൂഢമായ കാര്യവും ഇതുതന്നെയാണ്. *(മൽഫൂദാത്ത് വാല്യം 1, പേജ് 106)* അതായത് ദുആ സ്വീകരിക്കപ്പെടാത്തതിൽ തന്നെയാണ് ദുആ ചെയ്യുന്നവന് നന്മയുള്ളത്.

ഇതേകാര്യം കൂടുതൽ വിശദമാക്കിക്കൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു: 'ദുആയുടെ അടിസ്ഥാന തത്ത്വമിതാണ്. അല്ലാഹു ദുആ സ്വീകാര്യതയിൽ നമ്മുടെ ഊഹങ്ങൾക്കും ഇച്ഛകൾക്കും വിധേയനല്ല. നോക്കുക, കുട്ടികൾ അവരുടെ മാതാക്കൾക്ക് എത്രകണ്ട് പ്രിയങ്കരരായിരിക്കും. അവർ ആഗ്രഹിക്കുന്നത് തങ്ങളുടെ കുട്ടികൾക്ക് ഒരു തരത്തിലുള്ള പ്രയാസവും ഉണ്ടാകരുതെന്നാണ്. എന്നാൽ, കുട്ടികൾ വെറുതെ വാശിപിടിക്കുകയും കരഞ്ഞ് കരഞ്ഞ് മൂർച്ചയുള്ള കത്തിയോ തീക്കനലോ ചോദിക്കുകയും ചെയ്താൽ ആത്മാർഥമായ സ് നേഹവും ഹൃദ

യാനുകമ്പയും ഉണ്ടായിട്ടും തന്റെ കുട്ടി തീക്കനൽകൊണ്ട് കൈപൊള്ളിക്കാനോ, കത്തികൊണ്ട് കൈ മുറിക്കാനോ മാതാവ് സമ്മതിക്കുമോ? ഒരിക്കലുമില്ല. ഈയൊരു തത്ത്വം മുഖേന ദുആയുടെ തത്ത്വവും മനസ്സിലാക്കാവുന്നതാണ്.' ആ മഹാത്മാവ് പറയുന്നു: എനിക്കുതന്നെയും ഇക്കാര്യത്തിൽ ഒരു അനുഭവമുണ്ട്. ദുആയിൽ ഏതെങ്കിലും ഹാനികരമായ വശമുണ്ടാകുമ്പോൾ ആ ദുആ ഒരിക്കലും സ്വീകരിക്കപ്പെടുകയില്ല.' എല്ലാ ദുആകളും എന്റേത് സ്വീകരിക്കപ്പെട്ടുവെന്നല്ല. അല്ലാഹുവാണ് നല്ലവണ്ണം അറിയുന്നവൻ. അവനാണ് അദൃശ്യജ്ഞാനമുള്ളത്. ഏതെങ്കിലും കാര്യം ആ ദുആയിൽ ദോഷകരമായിട്ടുണ്ടാകുമ്പോൾ, നഷ്ടകരമായിട്ടുണ്ടാകുമ്പോൾ എന്റെ ആ ദുആ സ്വീകരിക്കപ്പെടുന്നില്ല. അവിടന്ന് പറഞ്ഞു: 'നമ്മുടെ അറിവ് ഉറപ്പിക്കാവുന്നതും ശരിയായതും ആകണമെന്നില്ലെന്നത് എനിക്ക് നന്നായി മനസ്സിലാകുന്ന കാര്യമാണ്. ഒരുപാട് കാര്യങ്ങൾ അതീവ സന്തോഷം നല്കുന്നതും അനുഗൃഹീതവുമാണെന്ന് കരുതിയും അതിന്റെ പര്യവസാനം ശുഭകരമായിരിക്കുമെന്ന് ധരിച്ചും നമ്മൾ ചെയ്യാറുണ്ട്. എന്നാൽ, ഒടുക്കം അത് ഒരു ദുഃഖവും പ്രയാസഭരിതവുമായി പിടിവിടാതെ നില്ക്കുന്നു.

അതിന്റെ ഒരുപാട് ഉദാഹരണങ്ങൾ നമ്മൾ ഇപ്പോൾ കാണുന്നു. ഇക്കാര്യം ദിനേന വരുന്ന കത്തുകളിലും മറ്റും ഞാൻ കാണുന്നുണ്ട്. ആളുകൾ ദുആ ചെയ്യാൻ ആവശ്യപ്പെട്ട് കത്തെഴുതുന്നു. ഒരു കാര്യത്തിന് നന്നായി പരിശ്രമിക്കുന്നു. എന്നാൽ, അതിന്റെ ഒടുക്കും നന്നാകുന്നില്ല. അ പ്പോൾ അല്ലാഹുവിനോടു പരിഭവപ്പെടുന്നു. അവർ പറയുന്നു: ഞങ്ങൾ ഒരുപാട് ദുആ ചെയ്യുകയും സ്വദഖയും ദാനധർമവും നല്കിതൽകാര്യം തുടങ്ങിയതാണ്. എന്നാൽ, അതിന് ശുഭപര്യവസാനം ഉണ്ടായില്ല. ഞങ്ങളുടെ ദുആ സ്വീകരിക്കപ്പെട്ടില്ല. ആദ്യമായി നോക്കേണ്ടത് ദുആ എന്നത് അതിന്റെ പാരമ്യതയിലെത്തിക്കേണ്ട കാര്യമാണ്. അതു ചെയ്തിട്ടുണ്ടോ? അല്ലാഹുവുമായി വേണ്ടവിധത്തിലുള്ള ബന്ധം സ്ഥാപിതമായിട്ടുണ്ടോ? ഇല്ലെന്നാണെങ്കിൽ അത് വെറും അധരാഭ്യാസം മാത്രമാണ്. ഏതുപോലെയെന്നാൽ ഹദ്റത്ത് മസീഹ് മൗഊദ്(അ) ഇപ്രകാരം പറയുകയുണ്ടായി, ദുആയെ അതിന്റെ പാരമ്യതയിലെത്തിച്ച ശേഷം അല്ലാഹു ആ പ്രവൃത്തിയെ തള്ളിക്കളയുകയോ അതിന് ഫലമുണ്ടാകാതിരിക്കുകയോ ചെയ്യുകയാണെങ്കിൽ അതിൽ ദൈവയുക്തിയുണ്ട്. അതുകൊണ്ടുതന്നെയാണ് അയാൾക്ക് ഗുണവും. ഇനി തെറ്റായ നിലയിൽ ഒരു കാര്യത്തിൽ ഒരാൾ കൂടുതൽ സമ്മർദം ചെലുത്തിയതാണെങ്കിൽ അയാൾ അല്ലഹുവിനോടു പരിഭവം കാണിക്കുന്നതിനു പകരം 'എനിക്കു തെറ്റുപറ്റി, ഞാൻ എനിക്ക് ഗുണകരമല്ലാത്ത ഒരു കാര്യത്തിലായിരുന്നു. സമ്മർദം ചെലുത്തിയിരുന്നത്' എന്ന് പറഞ്ഞ് പാപപ്പൊറുതിയ തേടുകയാണ് വേണ്ടത്. 'അല്ലാഹുവേ! ഇത് എന്തായാലും സ്വീകരിക്കേണമേ, ഇതിൽ നന്മയില്ലെങ്കിലും സ്വീകരിക്കേണമേ' എന്നും ചിലർ ദുആ ചെയ്യാറുണ്ട്. ചില വിവാഹബന്ധങ്ങളിലും ഇപ്രകാരം സംഭവിച്ചു. അല്ലാഹു ദുആ കേട്ടു. വിവാഹം നടന്നു. ഇഷ്ടമുള്ള വിവാഹബന്ധംതന്നെ ലഭിച്ചു. അധികം കഴിയുന്നതിനുമുമ്പേ അത് തകരുകയും ചെയ്തു. അതുകൊണ്ട് അത്തരം ദുആകൾ ചെയ്യാൻ പാടില്ല. ചില സന്ദർഭങ്ങളിൽ അല്ലാഹു പാഠം പഠിപ്പിക്കുന്നതിനുവേണ്ടിയും ദുആ സ്വീകരിക്കാരുണ്ട്. അത് അവർക്ക് ശുഭകരമായിരിക്കുകയില്ല. എന്നാൽ, അവസാനം അതിന്റെ പരിണതി കാണുമ്പോൾ തൗബയും ഇസ്തിഗ്ഫാറും ചെയ്യാൻ തുടങ്ങുന്നു.

എന്തായാലും ഹദ്റത്ത് മസീഹ് മൗഊദ്(അ)പറഞ്ഞു:'ചുരുക്കിപ്പറഞ്ഞാൽ ഈ മാനുഷികമായ ആഗ്രഹങ്ങളെല്ലാംതന്നെ ശരിയാണെന്ന് പറയാനാകില്ല. എന്തെന്നാൽ, മനുഷ്യൻ അബദ്ധങ്ങളും ഓർമക്കേടുകളും കൂടിച്ചേർന്നവനാണ്. മനുഷ്യനാൽ തെറ്റുകുറ്റങ്ങൾ സംഭവിക്കുന്നു. അതുകൊണ്ടുതന്നെ ചില ആഗ്രഹങ്ങൾ ഹാനി കരമായി മാറുന്നു. അത് അങ്ങനെതന്നെ സംഭവിക്കേണ്ടതുമാണ്. അല്ലാഹു അതിനെ സ്വീകരിച്ചാൽ അക്കാര്യം കാരുണ്യവാനെന്ന സ്ഥാനത്തിന് നിരക്കാത്തതാണ്. അവൻ തന്റെ പ്രിയ ജനങ്ങൾക്ക് ഇത്തരത്തിൽ നഷ്ടം വരുത്തിവെക്കില്ല.' അവിടന്ന് പറയുന്നു:'അല്ലാഹു തന്റെ ദാസരുടെ ദുആകൾ കേൾക്കുന്നതും അവൻ സ്വീകരിക്കുന്നതും ഉറപ്പായതും സത്യപൂർണമായതുമായ കാര്യമാണ്. എന്നാൽ, തോന്നുംപോലെയെല്ലാം അല്ല. എല്ലാ വ്യക്തിക്കും അതു ലഭിക്കില്ല. ദേഹേച്ഛകൾ കാരണം പരിണിത ഫലത്തേയും പര്യവസാനത്തേയും ഓർക്കാതെ ദുആ ചെയ്യുന്നു. അതിന്റെ ഫലമെന്തായിരിക്കുമെന്ന ഒരു ചിന്തയും ഉണ്ടായിരിക്കുകയില്ല. എന്നാൽ, എല്ലാ കണക്കുകളും അറിയുന്നവനും പര്യവസാനജ്ഞാനിയുമായ അല്ലാഹു ആ ദോഷങ്ങളേയും ദുഷ്ഫലത്തേയും അതായത് ആ ദുആ സ്വീകരിക്കപ്പെട്ടാൽ ദുആ ചെയ്തയാൾക്ക് ലഭിക്കാവുന്ന ദോഷവശങ്ങളെ മുൻനിറുത്തി അത് തള്ളിക്കളയുന്നു. അങ്ങനെ ആ ദുആയുടെ റദ്ദാക്കൽത്തന്നെ അവന് ദുആ സ്വീകാര്യതയായി ഭവിക്കുന്നു. തന്റെ സമീപസ്ഥരോടു അല്ലാഹുവിന്റെ നിലപാട് ഇങ്ങനെത്തന്നെയാണ്. ഒരാൾ അപകടങ്ങളിൽനിന്നും ആഘാതങ്ങളിൽനിന്നും സുരക്ഷിതനാകുന്ന ദുആകൾ അല്ലാഹു സ്വീകരിക്കുന്നതാണ്. എന്നാൽ, പ്രയാസങ്ങളിൽ അകപ്പെടുത്തുന്ന ദുആകളെ തള്ളിക്കൊണ്ടാണ് സ്വീകരിക്കുന്നത്. മുമ്പേ ഞാൻ സൂചിപ്പിച്ചതാണ്, ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു:**'ഉജീബു കുല്ല ദുആഇക്ക** എന്ന വെളിപാട് എനിക്കു പലവട്ടം ഉണ്ടായിരിക്കുന്നു. ഇപ്രകാരം വാചകാന്തരേണ, സംഭവിച്ചാൽ ഗുണകരവും പ്രയോജനപ്രദവുമായ ദുആകൾ സ്വീകരിക്കപ്പെടുന്നതാണ്. ഇങ്ങനെയാണ് അവിടന്ന് ഇതിനെ വ്യാഖ്യാനിച്ചത്. ഗുണപ്രദമായ ദുആകൾ സ്വീകരിക്കപ്പെടുന്നതാണ്.' അവിടന്ന് പറയുന്നു: 'ഞാൻ മനസ്സിൽ ഇപ്രകാരം ചിന്തിക്കുമ്പോൾ എന്റെ ആത്മാവ് ആനന്ദത്താലും അനുഭൂതിയാലും ഭരിതമായിത്തീരുന്നു. ആദ്യമായി എനിക്ക് ഈ ഇൽഹാമുണ്ടായത് ഇരുപത്തഞ്ചോ മുപ്പതോ വർഷം മുമ്പേയാണ്. അല്ലാഹു എന്റെ വ്യക്തിപരമോ എന്റെ പ്രിയപ്പെട്ടവർക്കുവേണ്ടിയോ ഉള്ള എന്റെ ദുആകൾ എന്തായാലും സ്വീകരിക്കുമെന്ന് മനസ്സിലാക്കിയപ്പോൾ ഞാൻ അതീവ സന്തുഷ്ടനായി. ഇക്കാര്യത്തിൽ പിശുക്ക് കാണിക്കാൻ പാടില്ലെന്ന് പിന്നീട് ഞാൻ കരുതി. ഇതൊരു ദൈവാനുഗ്രഹമാണ്. അല്ലാഹു ഭക്തരുടെ സവിശേഷഗുണമായി പറഞ്ഞിട്ടുള്ളത് **വ മിമ്മാ റസഖ്നാഹും യുൻഫിഖൂൻ**(അവർക്ക് നല്കപ്പെട്ടതിൽനിന്ന് അവർ ചെലവഴിക്കുന്നു)എന്നാണ്. ഞാൻ എന്റെ സ്നേഹിതന്മാർക്കുവേണ്ടി, 'അവർ എന്നെ ഓർമിപിച്ചാലും ഇല്ലെങ്കിലും ഏതെങ്കിലും ഗൗരവതരമായ കാര്യം അവതരിപ്പിച്ചാലും ഇല്ലെങ്കിലും ദുഷ്കരമായ കാര്യം പറഞ്ഞാലും ഇല്ലെങ്കിലും അവരുടെ ആത്മീയവും ഭൗതികവുമായ ഉന്നമനത്തിന് ദുആ ചെയ്യുന്നതായിരിക്കുമെന്ന് തീരുമാനിച്ച് ഉറപ്പിച്ചിട്ടുള്ളതാണ്.' *(മൽഫൂദാത്ത് വാള്യം 1, പേജ് 106-108, 1984 പതിപ്പ്)*

ദുആ സ്വീകാര്യതയുടെ നിബന്ധനകളെക്കുറിച്ച് വ്യക്തമാക്കിക്കൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: 'ദുആ സ്വീകരിക്കുന്നതിനും ചില നിബന്ധനകളുണ്ടെന്ന കാര്യം മനഃസ്സാന്നിധ്യത്തോടെ കേൾക്കേണ്ടതാണ്. അവയിൽ ചിലത് ദുആ ചെയ്യുന്നവരുമായി ബന്ധമുള്ളതും ചിലത് ദുആ ചെയ്യിക്കുന്നവരുമായി ബന്ധമുള്ളതുമാണ്. ദുആ ചെയ്യിക്കാനായി അവർ അല്ലാഹുവിനോടുള്ള ഭയവും വിലാപവും മുന്നിൽ വെക്കേണ്ടത് നിർബന്ധമാണ്. എപ്പോഴും അവന്റെ നിരാശ്രയത്വത്തെ കുറിച്ച് ഭയപ്പെടേണ്ടതാണ്. അല്ലാഹു ആരേയും ആശ്രയിക്കാത്തവനാണെന്ന് ഓർത്തുകൊള്ളുക. എപ്പോഴും ഹൃദയത്തിൽ ദൈവഭയമുണ്ടായിരിക്കേണ്ടതാണ്. രഞ്ജിപ്പുണ്ടാക്കലും ദൈവാരാധനയും തന്റെ അടയാളമാക്കേണ്ടതാണ്. ഇതു വളരെ അത്യന്താപേക്ഷിതമാകുന്നു. രഞ്ജിപ്പുണ്ടാക്കലും ദൈവാരാധനയുംകൊണ്ട് തിരിച്ചറിയപ്പെടേണ്ടതാണ്. തഖ്‌വ (ഭക്തി)യാലും സത്യസന്ധതയാലും അല്ലാഹുവി നെ പ്രീതിപ്പെടുത്തുക. അങ്ങനെയായാൽപ്പിന്നെ ദുആയ്ക്കുവേണ്ടിയുള്ള സ്വീകാര്യ കവാടങ്ങൾ തുറക്കപ്പെടുന്നതായിരിക്കും. അത്തരമൊരു സ്ഥി തിവിശേഷമുണ്ടാകുകയും ഈ നിബന്ധനകളെ ല്ലാം പൂർത്തിയാകുകയും ചെയ്താൽ പിന്നെ അല്ലാഹു ദുആ സ്വീകാര്യതയുടെ കവാടം തുറക്കുന്നതാണ്. എന്നാൽ, ഒരുവൻ ദൈവത്തെ കു പിതനാക്കുകയും അവനോടു തെറ്റുകയും യുദ്ധാവസ്ഥ ഉണ്ടാക്കുകയും ചെയ്താൽ അതുപോലെ അല്ലാഹുവിന്റെ കല്പനകൾ അനുസരിച്ച് ചരിക്കുകയും ദൈവത്തിനോടും സൃഷ്ടികളോടുമുള്ള കടമകൾ നിറവേറ്റുകയും ചെയ്യുന്നില്ലെങ്കിൽ, പറയുന്നു, അവന്റെ ദ്രോഹപ്രവർത്തനങ്ങളും ദുഷ്ചെയ്തികളും ദുആയുടെ മാർഗത്തിൽ ഒരു ഭിത്തിയും പാറക്കല്ലുമായിത്തീരുന്നു.' ഭിത്തിയായിത്തീരും. തടസമായിത്തീരും. പാറപോലെ നില്ക്കുന്നതായിരിക്കും. 'അവന് ദുആ സ്വീകാര്യതയുടെ വാതിൽ അടയ്ക്കപ്പെടുന്നു.' അവന്റെ സ്വന്തം ദുആകളും സ്വീകരിക്കപ്പെടുന്നതല്ല. അവൻ ആരെക്കൊണ്ടാണോ ദുആ ചെയ്യിക്കുന്നത് അയാളുടെ ദുആയും അവന് ഗുണകരമായ നിലയിൽ സ്വീകരിക്കപ്പെടുകയില്ല. അവിടന്ന് പറഞ്ഞു:'അതുകൊണ്ട് നമ്മുടെ ദുആകൾ പാഴായിപ്പോകുന്നതിൽനിന്നും രക്ഷിക്കേണ്ടത് നമ്മുടെ സ്നേഹിതന്മാർക്ക് നിർബന്ധകാര്യമാണ്. തങ്ങളുടെ ഭൂഷണമല്ലാത്ത ചെയ്തികളാൽ ഉണ്ടാകുന്ന ഒരു തടസവും ഇടരുത്.'*(മൽഫൂദാത്ത് വാള്യം 1, പേജ് 108, 1984 പതിപ്പ്)*

നിങ്ങളുടെ പ്രവൃത്തികൾ ശരിയല്ലെങ്കിൽ നിങ്ങൾക്കുവേണ്ടി ഞാൻ ചെയ്യുന്ന ദുആകളും സ്വീകരിക്കപ്പെടുന്നതല്ല. കാരണം അവയുടെ സ്വീകാര്യതയുടെ മാർഗത്തിൽ നിങ്ങളുടെ പ്രവൃത്തികൾ തടസം സൃഷ്ടിക്കുന്നു.

പിന്നെ ദുആ സ്വീകാര്യതയ്ക്ക് നിർബന്ധമായിട്ടുള്ളത് വിശ്വാസാദർശങ്ങളിൽ മനുഷ്യൻ ശക്തനാകുക എന്നതാണ്. ഇത് അടിസ്ഥാനപരമായ നിബന്ധനയാണ്. സൽകർമം ചെയ്യുന്നവനായിരിക്കുന്നവനായിരിക്കണം. സൽക്കർമങ്ങളെ കുറിച്ച് മുമ്പേയും പരമർശിച്ചതാണ്. തന്റെ വാക്കുകൾക്ക് ലബ്ബയ്ക്ക് പറയാനും തന്നെ അനുസരിക്കാനും അല്ലാഹു പറഞ്ഞിരിക്കുന്നതുപോലെ! അല്ലാഹു പറഞ്ഞ കാര്യങ്ങൾക്ക് പോസിറ്റീവായി മറുപടി നല്കുക, അതനുസരിച്ച് പ്രാവർത്തിക്കുക, എന്നിവയാണ് അടിസ്ഥാന പരമായകാര്യം. പിന്നെന്തൊക്കെയാണ് ദുആ സ്വീകാര്യതയുടെ അനിവാര്യഘടകങ്ങളെന്നതിനെക്കു റിച്ച് ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു: ഒരാൾ കർമങ്ങൾ ചെയ്യുന്നില്ലെങ്കിൽ അയാൾ ദുആ ചെയ്യുകയല്ല, പ്രത്യുത അല്ലാഹുവിനെ പരീക്ഷിക്കുകയാണ് ചെയ്യുന്നത്. അതുകൊണ്ട് ദുആയ്ക്ക് മുമ്പേ തന്റെ ശേഷിയും വിനിയോഗിക്കേണ്ടത് നിർബന്ധമാണ്. ദുആയുടെ അർഥവും ഇതുതന്നെയാണ്. ആദ്യമായി മനുഷ്യൻ തന്റെ വിശ്വാസകർമാദികളെ നിരീക്ഷിക്കുകയെന്നത് നിർബന്ധമാണ്. എന്തെന്നാൽ സംസ്കരണം ഉപാധികളോടെ നടത്തുകയെന്നത് അല്ലാഹുവിന്റെ ചര്യയാണ്. കർമസംസ്കരണത്തിനായുള്ള സാമിഗ്രികൾ ലഭ്യമാകുന്നതാണ്. തങ്ങളുടെ സ്ഥിതി മെച്ചപ്പെടുത്തുകയും അതിനായി ശ്രമിക്കുകയും ചെയ്യുകയാണെങ്കിൽ സംസ്കരണം നടക്കുന്നതായിരിക്കും.' പറഞ്ഞു: 'അവൻ സംസ്കരണത്തിന് നി ദാനമാകുന്ന എന്തെങ്കിലും ഉപാധികളുണ്ടാക്കുന്നു. ദുആ ചെയ്താൽപ്പിന്നെ ഉപാധികളുടെ

ആവശ്യമെന്താണെന്ന് ചോദിക്കുന്നവർ ഇക്കാര്യത്തെ കുറിച്ച് അൽപം വിചിന്തനം ചെയ്യുക. ദുആ തന്നെയും ഒരു പരോക്ഷമായ ഉപാധിയാണെന്ന് ആ അജ്ഞരായ ആളുകൾ ചിന്തിക്കേണ്ടതുണ്ട്. ദുആ ചെയ്യുക എന്നതും ഇതരകാര്യങ്ങളെ ഉല്പന്നമാക്കുന്ന ഒരു ഹേതുകമാണല്ലോ. **ഇയ്യാക്ക നസ്തയീൻ** എന്ന പ്രാർഥനാ വാക്യത്തിന് മുമ്പേ ഇയ്യാക്ക നഅ്ബുദു എന്ന് വന്നതും ഇക്കാര്യത്തിൽ പ്രത്യേക വിശദീകരണം നല്കുന്നുണ്ട്. ഞങ്ങൾ നിന്നെമാത്രം ആരാധിക്കുകയും ശേഷം ഞങ്ങളുടെ ഉദ്ദേശ്യം സാധിക്കുന്നതിന് നിന്നോടുമാത്രം സഹായം തേടുകയും ചെയ്യുന്നു. ഇക്കാര്യം സവിശേഷമായി വ്യാഖ്യാനിക്കുന്നുണ്ട്. അല്ലാഹുവിന്റെ നടപടി ക്രമത്തിൽ നമുക്ക് കാണാൻ കഴിയുന്നത് അവൻ ഉപാധികൾ സൃഷ്ടിക്കുന്നതായിട്ടാണ്. മനുഷ്യനുവേണ്ടി അവൻ ഉപാധികളുണ്ടാക്കുന്നു. നോക്കൂ! ദാഹം ശമിപ്പിക്കാൻ ജലവും വിശപ്പകറ്റാൻ ഭക്ഷണവും അവൻ ഉപാധികളാക്കി വെച്ചിരിക്കുന്നു. അല്ലാതെ ചുമ്മാ ദാഹം അകലുകയോ ആകാശത്തുനിന്ന് വെറുതെയങ്ങ് ഒറ്റയടിക്ക് വെള്ളവും അതുപോലെ ഭക്ഷണവും മായാജാലമെന്നപ്പോലെ ലഭ്യമാകുന്നതോ അല്ല. ഉപാധികൾ ഉടലെടുക്കുന്നു. മാർഗങ്ങളുണ്ടാകുന്നു. അവ മുഖേന ജലവും ഭക്ഷണവും ലഭിക്കുന്നു. അങ്ങനെ ഈ കാര്യകാരണപരമ്പര ഇതേ പ്രകാരം നടന്നുകൊണ്ടേയിരിക്കുകയാണ്. ഉപാധികളെന്തായാലും സൃഷ്ടിക്കപെടുന്നു. കാരണം അല്ലാഹുവിന് രണ്ടു ഗുണനാമങ്ങളുണ്ട്. **കാനല്ലാഹു അസീസൻ ഹക്കീമൻ** '**അസീസ്**'എന്നാൽ എല്ലാ കാര്യങ്ങൾക്കും പ്രാപ്തനും '**ഹക്കീം**' എന്നാൽ, എല്ലാ കാര്യങ്ങളും ഏതെങ്കിലും യുക്തിയോടെയും സന്ദർഭാനുസരണവും സമുചിതവുമായ നിലയിൽ ചെയ്യുന്നവനുമാണ്. നോക്കുക! സസ്യലതാദികളിലും അചേതന വസ്തുക്കളിലും വിവിധങ്ങളായ സവിശേഷതകൾ കുടികൊള്ളുന്നുണ്ട്. തുർബുദ് എന്ന ഔഷധ വേരുതന്നെ നോക്കുക. ഒന്നോരണ്ടോ ഔൺസ് ഉപയോഗിച്ചാൽ അത് വയറിളക്കുന്നു. അതുപോലെ സ്ക്കമ്മോനി എന്ന ഔഷധ വേരും. അല്ലാഹുവിന് ഒന്നുമില്ലാതെയും വയറിളക്കാനും ജലമില്ലാതെ ദാഹമകറ്റാനുംമുള്ള കഴിവ് ഉള്ളതാണ്. എന്നാൽ, പ്രകൃതി വിസ്മയങ്ങളെ കുറിച്ച് അറിവു നല്കുന്നതും ആവശ്യമായി വരുന്നു. അല്ലാഹു സൃഷ്ടിച്ച സകല വസ്തുക്കളും പ്രകൃതിയുടെ വിസ്മയങ്ങളാണ്. അവയെ കുറിച്ച് അറിവുനല്കേണ്ടതും അനിവാര്യമായിരുന്നു. എന്തെന്നാൽ, പ്രകൃതി വിസ്മയങ്ങളെ കുറിച്ച് എത്രത്തോളം പരിജ്ഞാനവും അവഗാഹവും വർധിക്കുന്നുവോ അത്രകണ്ട് മനുഷ്യൻ അല്ലാഹുവിന്റെ ഗുണവിശേഷങ്ങളെ കുറിച്ച് ബോധവാന്മാരായിക്കൊണ്ട് ദൈവസാമീപ്യം കരസ്ഥമാക്കുന്നതിന് അർഹനാകുന്നതാണ്. വൈദ്യം, ഗോളശാസ്ത്രം എന്നിവയിൽനിന്ന് ആയിരക്കണക്കിന് സവിശേഷതകൾ മനസ്സിലാകുന്നതാണ്.' *(മൽഫൂദാത്ത് വാല്യം 1, പേജ്124 –125, 1984 പതിപ്പ്)*

മനുഷ്യൻ തന്റെ ആത്മീയ നേത്രങ്ങളാൽ നോക്കുകയാണെങ്കിൽ ഒരു ഏകദൈവാരാധകനായ അല്ലാഹുവിനെ വിശ്വസിക്കുന്ന ശാസ്ത്രജ്ഞൻ ഓരോരോ പുതിയ കണ്ടുപിടിത്തത്തിലൂടേയും താൻ അതുപോലെ ഓരോ വസ്തുക്കളും അവധാനപൂർവം നിരീക്ഷിക്കുന്നതിലൂടേയും അല്ലാഹുവിന്റെ അസ്തിത്വത്തിനുള്ള ഒരു പുതിയ തെളിവ് കരസ്ഥമാക്കുന്നതാണ്. അങ്ങനെ അയാളുടെ വിശ്വാസത്തിൽ വർധന ഉണ്ടാകുന്നു. നാസ്തികർ അതിനെ യാദൃച്ഛികമെന്ന് പറഞ്ഞെന്നു വരാം. അദ്ദേഹം പറയുന്നു: ഈ പ്രകൃതി വിസ്മയങ്ങൾ അല്ലാഹു കാണിച്ചിരിക്കുന്നത് എല്ലാ വസ്തുക്കളും ഒരു ഉദ്ദേശ്യമുൾക്കൊള്ളുന്നുവെന്ന് മനുഷ്യൻ മനസ്സിലാക്കുന്നതിനായാണ്.'

അദ്ദേഹം പറയുന്നു: 'തഖ്‌വയുടെ പാത സ്വീകരിക്കേണ്ടതാണ്. തഖ്‌വാ ഒന്നു മാത്രമെ ശരീഅത്തിന്റെ സംഗ്രഹമെന്ന് വിളിക്കപെടാൻ അർഹമായിട്ടുള്ളു. ശരീഅത്തിനെ ചുരുക്കി അവതരിപ്പിക്കണമെങ്കിൽ ശരീഅത്തിന്റെ അകകാമ്പ് തഖ്‌വാ ഒന്നുമാത്രമാണ്. തഖ്‌വായുടെ ഘട്ടങ്ങളും സ്ഥാനങ്ങളും ഒരുപാടുണ്ട്. എന്നാൽ, സത്യനിഷ്ഠരായ അന്വേഷകരായിക്കൊണ്ട് സ്ഥൈര്യത്തോടും ആത്മാർഥതയോടും കൂടി അതിന്റെ പ്രാരംഭഘട്ടങ്ങൾ തരണം ചെയ്യുകയാണെങ്കിൽ അത്തരം ഒരു വ്യക്തി ആ സത്യനിഷ്ഠയും സത്യന്വേഷണവും കാരണത്താൽ ഉന്നത പദവികൾ കരസ്ഥമാക്കുന്നതാണ്. അല്ലാഹു പറയുന്നു:**ഇന്നമാ യതഖബ്ബലുല്ലാഹു മിനൽ മുത്തഖീൻ** (5:28). അതായത് അല്ലാഹു മുത്തഖീങ്ങളുടെ ദുആകളെ സ്വീകരിക്കുന്നു. ന്നമാ യതഖബ്ബലുല്ലാഹു മിനൽ മുത്തഖീൻ എന്നത് അല്ലാഹുവിന്റെ വാഗ്ദാനമാണ്. അവന്റെ വാഗ്ദാനങ്ങളിൽ ലംഘനമുണ്ടാകുകയില്ല. **ഇന്നല്ലാഹ ലാ യുഖ്‌ലിഫുൽ മീആദ്** അല്ലാഹു വാഗ്ദാനം ലംഘിക്കുകയില്ല. **ഇന്നല്ലാഹ ലാ യുഖ്‌ലിഫുൽ മീആദ്** തഖ്‌വായുടെ നിബന്ധന ദുആ സ്വീകാര്യത്യ്ക്ക് അവിഭാജ്യ നിബന്ധനയാണ്. ഈ നിബന്ധന ഉപേക്ഷിക്കാവതോ വേർപെടുത്താവതോ തള്ളപ്പെടാവതോ അല്ല. ഒരു മനുഷ്യൻ അശ്രദ്ധനും അലക്ഷ്യനുമായി ദുആ സ്വീകാര്യത കാംക്ഷിക്കുകയാണെങ്കിൽ അയാൾ വിഡ്ഢിയും അജ്ഞനുമല്ലേ? അതുകൊണ്ട് നമ്മുടെ ജമാഅത്തംഗങ്ങൾക്ക് നിർബന്ധമായൊരു കാര്യം അവർ ദുആ സ്വീകാര്യതയുടെ ആനന്ദവും അനുഭൂതിയും കരസ്ഥമക്കുന്നിതിനും ഈമാന്റെ വർധനവിൽ ഭാഗഭാക്കാകുന്നതിനും സാധ്യമാകുന്നത്ര തഖ്‌വായുടെ പന്ഥാവിൽ ചുവടു വെക്കണമെന്നതാണ്.'*(മൽഫൂദാത്ത് വാല്യം 1, പേജ് 108–109, 1984 പതിപ്പ്)*

അല്ലാഹു പറഞ്ഞു: എന്നിൽ വിശ്വസിക്കുകയും ചെയ്യുക. ഇപ്രകാരം ഈമാൻ വർധിക്കുന്നതായിരിക്കും. പിന്നീട് ഹദ്റത്ത് മസീഹ് മൗഊദ്(അ) '**റഹം**'അഥവാ കരുണയുടെ തരങ്ങൾ വിവരിച്ചുകൊണ്ട് പറയുന്നു:ഓർക്കുക, കരുണ രണ്ടുതരമുണ്ട്. ഒന്നാമത്തേതിന് **റഹ്മാനിയ്യത്ത്** എന്നും രണ്ടാമത്തേതിനു **റഹീമിയ്യത്ത്** എന്നും പേരുവെക്കപ്പെട്ടിരിക്കുന്നു. '**റഹ്മാനിയ്യത്ത്**' എന്നത് നമ്മൾ ജനിക്കുന്നതിനുമുമ്പേ തയ്യാറാക്കിവച്ച അനുഗ്രഹമാണ്. ഉദാഹരണത്തിന് അല്ലാഹു ആദ്യമെതന്നെ തന്റെ ദീർഘദൃഷ്ട്യാ നമുക്ക് ഗുണകരമായ വിധത്തിലുള്ള വ്യോമകവും ഭൗമികവുമായ സാധനസാമഗ്രികൾ നിർമിച്ചു. അവ ഇന്നും നമുക്ക് ഗുണം ചെയ്യുന്നു. ഈ സകല വസ്തുക്കളേയും പൊതുവെ മനുഷ്യനാണ് പ്രയോജനപ്പെടുത്തുന്നത്. ആടുമാടുകളും മറ്റു മൃഗങ്ങളും മനുഷ്യന് ഉപകാരപ്രദമായ വസ്തുക്കളാണ്. അവയ്ക്ക് സ്വന്തം എന്ത് നേട്ടമാണുള്ളത്? ഈ വസ്തുക്കളെല്ലാം മനുഷ്യന്റെ ഗുണത്തിനായാണ് സൃഷ്ടിക്കപ്പെട്ടിട്ടുള്ളത്. അവയ്ക്ക് സ്വന്തം എന്തു പ്രയോജനമുണ്ടാകാനാണ്? ശാരീരികമായി നോക്കുകയാണെങ്കിലും മനുഷ്യൻ എത്തരത്തിലുള്ള ഉദാത്തവും ശ്രേഷ്ഠവുമായ ആഹാരപദാർഥങ്ങളാണ് ഭക്ഷിക്കുന്നത്. ഉൽകൃഷ്ടമായ മാംസം മനുഷ്യനുവേണ്ടിയുള്ളതാണ്; ചെറിയ കഷണങ്ങളും എല്ലുകളും ശ്വാക്കൾക്കുവേണ്ടിയും. ശാരീരികമായ നിലയിൽ മനുഷ്യനുലഭ്യമായിട്ടുള്ള ആനന്ദാനുഭൂതികൾ മൃഗങ്ങൾക്കും ലഭിക്കുന്നുണ്ടെങ്കിലും ഉന്നതനിലവാരത്തിൽ അതു മനുഷ്യനാണ് ലഭ്യമായിട്ടുള്ളത്. ആത്മീയമായ നിർവൃതിയിൽ മൃഗങ്ങൾക്കു പങ്കുതന്നെയില്ല. ആത്മീയാനന്ദാനുഭൂതികൾ മനുഷ്യനുമാത്രമാണ് ലഭിച്ചിട്ടുള്ളത്. മൃഗങ്ങൾ അതിൽ ഭാഗഭാക്കല്ല. ഇങ്ങനെ രണ്ടുതരത്തിലുള്ള കരുണകളുണ്ട്. ഒന്ന് നമ്മൾ ജനിക്കുന്നതിനുമുമ്പേയും കാലേകൂട്ടിയും മുന്നൊരുക്കമെന്ന നിലയിൽ അതായത് മുമ്പേ തയ്യാറാക്കപ്പെട്ട നിലയിൽ ഉള്ളതാണ്. വായു, അഗ്നി, ഭൂമി, ജലം തുടങ്ങിയ ഘടകങ്ങൾ ഉൽപന്നമാക്കി. അവ നമുക്ക് ഉപകരിക്കപ്പെടുന്നു. ഇതു നമ്മുടെ അസ്തിത്വത്തിനും ആഗ്രഹത്തിനും പ്രാർഥനയ്ക്കും മുമ്പേതന്നെ നിലവിലുള്ളതാണ്. നമ്മൾ ജനിക്കുന്നതിനുംമുമ്പേയുള്ള കാര്യങ്ങളാണ്. നമ്മൾ ആഗ്രഹിക്കുന്നതിനുംമുമ്പേ നിലവിലുള്ളതാണ്. നമ്മുടെ പ്രാർഥനയ്ക്കുമുമ്പേ നമുക്ക് ലഭിച്ചിട്ടുള്ളതാണ്. അത് റഹ്മാനിയ്യത്തിന്റെ അഥവാ പരമകാരുണികതയുടെ തേട്ടത്താൽ ഉൽപാദിപ്പിക്കപ്പെട്ടതാണ്. അല്ലാഹുവിന്റെ പരമകാരുണികൻ എന്ന വിശേഷഗുണത്താൽ ഉണ്ടായിട്ടുള്ളതാണ്.

രണ്ടാമത്തെ കരുണ **'റഹീമിയ്യത്ത്'** അഥവാ കരുണാമയത്വത്തിന്റേതാണ്. അതായത് നമ്മൾ പ്രാർഥിക്കുമ്പോൾ അഥവാ ദുആ ചെയ്യുമ്പോൾ അല്ലാഹു നല്കുന്നതാണ്. സൂക്ഷിച്ചുനോക്കിയാൽ മനസ്സിലാകും പ്രകൃതിനിയമങ്ങളെപ്പോഴും പ്രാർഥനയുമായി ബന്ധപ്പെട്ടിട്ടുള്ളതാണെന്ന്. ചിലർ ഇക്കാലത്ത് ഇതിനെ ബിദ്അത്ത് അഥവാ നൂതനനടപടിയായി കണക്കാക്കാറുണ്ട്. അല്ലാഹുവുമായി നമ്മുടെ ദുആയ്ക്കുള്ള ബന്ധത്തെ കുറിച്ച് വിവരിക്കാൻ ഞാനാ ഗ്രഹിക്കുകുയാണ്. പറഞ്ഞു:'കുഞ്ഞ് വിശന്ന് നിലവിളിക്കുമ്പോൾ മാതാവിന്റെ മാറിടത്തിൽ പാല് തിരതല്ലുന്നു. ദുആയുടെ പേരുപോലും ആ കുഞ്ഞിന് അറിയില്ല. എന്നാൽ, എങ്ങനെയാണ് ആ നിലവിളി പാലിനെ വലിച്ചുകൊണ്ടുവരുന്നത്? ഇതെല്ലാവർക്കും അനുഭവമുള്ള കാര്യമാണ്. ചിലപ്പോൾ മാതാക്കൾക്ക് കുഞ്ഞിന് പാലുകൊടുക്കണമെന്ന ഓർമ തന്നെയുണ്ടാകുകയില്ല. അപ്പോൾ കുഞ്ഞിന്റെ കരച്ചിൽ പാല് വലിച്ചുകൊണ്ടുവരുന്നതായി കാണുന്നു. യാഥാർഥ്യം ഇതായിരിക്കെ, അല്ലാഹുവിന്റെ തിരുസന്നിധിയിൽ നമ്മൾ നിലവിളിക്കുമ്പോൾ അത് ഒന്നുംതന്നെ ആകർഷിച്ചു കൊണ്ടുവരികയില്ലെന്നാണോ? കൊണ്ടുവരുന്നുണ്ട്! തീർച്ചയായും എല്ലാം കൊണ്ടുവരുന്നുണ്ട്! എന്നാൽ, അന്ധരായുംകൊണ്ട് പണ്ഡിതന്മാരും തത്ത്വചിന്തകന്മാരുമായി ചമയുന്നവർക്ക് അതു കാണുക സാധ്യമല്ല. കുഞ്ഞിനു മാതാവുമായി ഒരു പ്രത്യേക ബന്ധമുണ്ട്. ആ പരസ്പരബന്ധം മുന്നിൽ കണ്ടുകൊണ്ട് ദുആയുടെ തത്ത്വത്തെപറ്റി ചിന്തിച്ചാൽ അത് വളരെ സരളവും ലളിതവുമാണെന്ന് മനസ്സിലാകുന്നതാണ്.

രണ്ടാമത്തെ തരത്തിലുള്ള കരുണ നല്കുന്ന പാഠമിതാണ്. ഒരു കരുണ ചോദിച്ചതിനുശേഷം


**അമീറുൽമുഅ്മിനീന്റെ ഉപദേശം**

**'പരലോകചിന്തയും അല്ലാഹുവിനെ ഭയപ്പെടുകയും ചെയ്യുന്നയാൾ ഏറ്റവുമാദ്യം തന്റെ ആരാധനയുടെ സംരക്ഷണത്തിൽ ശ്രദ്ധിക്കുന്നു.' (ജുമുഅ ഖുത്ബ 4-10-2019)**

**ത്വാലിബെ ദുആ:**
**K.Muhammad Safwan & Family**
**Ahmadiyya Jama-ath Kakkanad, Kerala**

**അമീറുൽമുഅ്മിനീന്റെ ഉപദേശം**

**'ഏതു കാര്യങ്ങൾക്കാണോ ഹദ്റത്ത് മസീഹ് മൗഊദ്(അ) നമ്മളിൽനിന്ന് പ്രതിജ്ഞവാങ്ങിയത് അതനുസരിച്ച് ജീവിക്കാൻ ശ്രമിക്കുക.'(സന്ദേശം, ജൽസാസാലാന ഡന്മാർക്ക് 2019)**

**ത്വാലിബെ ദുആ:**
**K.Muhammad Shareef &Family**
**Ahmadiyya Jama-ath Vaniyambalam, Kerala**

ഉണ്ടാകുന്നതാണ്. ചോദിച്ചുകൊണ്ടേപോകുക, കിട്ടിക്കൊണ്ടേയിരിക്കും. **ഉദ്ഊനീ അസ്തജിബ്ലക്കും**(40:61)ഇതൊരു പൊങ്ങച്ചം പറച്ചിലൊന്നുമല്ല. മറിച്ച് ഇത് മാനുഷികമായ പ്രകൃതിയുടെ അനിവാര്യ ഫലമാണ്.' *(മൽഫൂദാത്ത് വാള്യം 1, പേജ് 128-130, 1984 പതിപ്പ്)*

പ്രാർഥന മനുഷ്യന്റെ സവിശേഷത യും അതു സ്വീകരിക്കുക അല്ലാഹുവിന്റെ പ്രവൃത്തിയുമാണ്. ഇക്കാര്യവും ഇതിന്റെ പ്രാധാന്യ വും വിവരിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു: 'പ്രാർഥിക്കുക എന്നത് മനുഷ്യന്റേയും സ്വീകരിക്കുക അല്ലാഹുവിന്റേയും പ്രത്യേകതയാണ്. അതു മനസ്സിലാക്കാത്തവനും അംഗീകരിക്കാത്തവനും കള്ളനാണ്. മുമ്പേ ഞാ നൊരു കുഞ്ഞിന്റെ ഉദാഹരണം അവതരിപ്പിക്കുകയുണ്ടായി. അത് ദുആയുടെ തത്ത്വശാസ്ത്രത്തെ നല്ലവണ്ണം ചുരുളഴിച്ച് കാണിക്കുന്നതാണ്. **റഹ്മാനിയ്യത്തും റഹീമിയ്യത്തും** വ്യത്യസ്ത കാര്യങ്ങളല്ല. ഒന്നിനെ അപേക്ഷിച്ച് മറ്റൊന്നിനെ കാംക്ഷിക്കുന്നയാൾക്ക് അതു ലഭിക്കുന്നതല്ല. റഹ്മാനിയ്യത്ത് ഉദ്ദേശിക്കുന്നത് റഹീമിയ്യത്തിൽനിന്ന് അനുഗ്രഹം തേടാനുള്ള കരുത്ത് നമ്മളിലുണ്ടാക്കുക എന്നതാണ്. അല്ലാഹുവിന്റെ റഹ്മാനിയ്യത്തെന്നാൽ അവൻ നമുക്ക് നല്കിയ മാർഗദർശനവും സാധനസാമഗ്രികളുംകൊണ്ട് അവനിൽനിന്ന് നമ്മൾ ചോദിച്ചു വാങ്ങിക്കേണ്ട കാര്യങ്ങൾക്കായുള്ള തേട്ടത്തിന് നമുക്ക് കരുത്തു പകരുക എന്നതാണ്. പ്രാർഥിക്കാനും അല്ലാഹുവിന്റെ **റഹീമിയ്യത്ത്** കരസ്ഥമാക്കാനുമുള്ള മാർഗങ്ങളാണ് **റഹ്മാനിയ്യത്ത്** സൃഷ്ടിക്കുന്നത്.' അവിടന്ന് പറയുന്നു: 'അങ്ങനെ ചെയ്യാത്തവർ അനുഗ്രഹനിഷേധികളാണ്. നീ ഞങ്ങൾക്ക് പ്രദാനം ചെയ്ത ഭൗതികമായ സാധനസാമഗ്രികളേയും ഉപാധികളേയും പ്രയോജനപ്പെടുത്തിക്കൊണ്ട് നിന്നെ മാത്രം ഞങ്ങൾ ആരാധിക്കുന്നു എന്നാണ് ഇയ്യാക്ക നഅ്ബുദു എന്നതിന്റെ അർഥം. ഈ ബാഹ്യമായ ഉപാധികൾ മുഖേന ഞങ്ങൾ നിന്നെ മാത്രം ആരാധിക്കുന്നു. നമ്മുടെ ഈ നാവു തന്നെ നോക്കുക. ഹദ്റത്ത് മസീഹ് മൗഊദ്(അ)നാവിന്റെ ഉദാഹരണം നല്കുകയാണ്. 'നാഡിഞരമ്പുകൾകൊണ്ട് നിർമിതമാണ് ഈ നാവ്.' അതിന് ഞരമ്പുകളുണ്ട്. രക്തധമനികളുണ്ട്. ഉമിനീരുണ്ട്. നാഡികളുണ്ട്. ഈ എല്ലാ വസ്തുക്കളും നാവിന്റെ ഭാഗങ്ങളാണ്. അവമുഖേനയാണ് നാവ് നിർമിതമായിട്ടുള്ളത്. അത്തരത്തിലുണ്ടായിരുന്നില്ലെങ്കിൽ നമുക്ക് സംസാരിക്കാൻ കഴിയുമായിരുന്നില്ല. അതിലെ നാഡിഞരമ്പുകളും രക്തധമനികളളും ആർദ്രമായിരിക്കണം. അവ എപ്പോഴും നനവുള്ളതായിരിക്കണം. അല്ലെങ്കിൽ നാവ് ചലിപ്പിക്കാനാകുകയില്ല.' അവിടന്ന് പറഞ്ഞു: മനസ്സിലെ വിചാരങ്ങൾപോലും പ്രകടിപ്പിക്കാനാകുന്ന നാവാണ് പ്രാർഥനയ്ക്കായി നല്കിയിരിക്കുന്നത്. പ്രാർഥനയ്ക്കായി നാവ് ഉപയോഗിക്കുന്നില്ലെങ്കിൽ അത് ദൗർഭാഗ്യകരമാകുന്നു. ഒരുപാട് രോഗങ്ങൾ നാവിന് പിടിപെട്ടാൽ പെട്ടെന്നുതന്നെ അത് ഉപയോഗശൂന്യമായി തീരുന്നു. അത് നിമിത്തം ഒരാൾ ഊമയുമായിത്തീരാം. നാവിന് ലഭിച്ച എത്ര വലിയ റഹീമിയ്യത്ത്(കാരുണ്യം)ആണിത്.' ഞാൻ വിചാരിക്കുന്നത് ഇവിടെ റഹ്മാനിയ്യത്ത് എന്ന പദമായിരിക്കാം എന്നാണ്. എന്തായാലും അല്ലാഹു നാവ് തന്നരുളിയിരിക്കുന്നു. ഇതും അവന്റെ റഹ്മാനിയ്യത്താണ്. പിന്നീട് അതുപയോഗിക്കേണ്ട മാർഗവും നമ്മെ പഠിപ്പിച്ചു. അതിന്റെ ഉപയോഗം, നമ്മളതിനെ ഉപയോഗിക്കുന്നതും റഹീമിയ്യത്താണ്. അതുപോലെ ചെവിയുടെ നിർമിതിയിൽ വ്യത്യാസമുണ്ടായാൽ ഒന്നുംതന്നെ കേൾക്കാനാകുകയില്ല. അങ്ങനെതന്നെയാണ് മനസ്സിന്റെ അവസ്ഥയും; അതുൾക്കൊള്ളുന്ന ഭയഭക്തിയുടേയും വണക്കത്തിന്റേയും അവസ്ഥയും ചിന്തകളുടേയും വിചാരങ്ങളുടേയും കഴിവുകളും!രോഗം പിടിപ്പെട്ടാൽ അതെല്ലാം മിക്കവറും ഉപയോഗശൂന്യമായിത്തീരും. ഭ്രാന്തന്മാരെ നോക്കുക. അവരുടെ കഴിവുകൾ എങ്ങനെയാണ് നിഷ്ഫലമായി പോകുന്നത്. ഇതെല്ലാം ആ ദൈവദത്തമായ നിഅ്മത്തുകളെ വിലമതിക്കാൻ നമ്മെ നിർബന്ധിക്കുന്നില്ലേ. അല്ലാഹു തന്റെ തികവുറ്റ കൃപകൊണ്ട് നമുക്ക് പ്രദാനം ചെയ്തിരിക്കുന്ന കഴിവുകളെ പാഴാക്കിക്കളഞ്ഞാൽ നമ്മൾ നിസംശയം അനുഗ്രഹനിഷേധികളാകും. ഓർത്തുകൊള്ളുക തങ്ങളുടെ കഴിവുകളേയും ശക്തികളേയും പാഴാക്കിക്കളഞ്ഞ് ദുആ ചെയ്താൽ അത്തരം ദുആ ഒരു പ്രയോജനവും ചെയ്യുകയില്ല. എന്തെന്നാൽ, നമ്മൾ ആദ്യത്തെ കൃപാവരത്തെ ഉപയോഗിക്കാത്തതുകൊണ്ട് രണ്ടാമത്തേതിനെ നമുക്കെങ്ങനെ ഗുണപ്രദവും പ്രയോജനകരവുമാക്കാനാകും.

ഈ ഉദാഹരണങ്ങൾ നല്കിക്കൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) വ്യക്തമാക്കിയിരിക്കുന്നത് അല്ലാഹു നല്കിയിരിക്കുന്ന അനുഗ്രഹങ്ങളെ വിലമതിക്കാനും അവകൊണ്ടു ചെയ്യാവുന്ന ഏറ്റവും ഉന്നതമായ ജോലി ചെയ്യാനുമാണ്. അല്ലാഹുവിനോടു അവയുടെ ശരിയായ ഉപയോഗം ചോദിക്കുക. ഇതുണ്ടാകുമ്പോഴാണ് ഒരു ദാസന് യഥാർഥ ദാസത്വത്തിന്റെ കടമ നി റവേറ്റാൻ കഴിയുന്നത്. അവൻ തന്ന അനുഗ്രഹങ്ങൾക്ക് നന്ദിപ്രകടിപ്പിക്കാൻ സാധിക്കുന്നത്. മനുഷ്യന്റെ നന്ദി, ഈ കൃതജ്ഞത പിന്നീട് ദൈവാ നുഗ്രഹങ്ങളെ ആകർഷിക്കുകയും റഹ്മാനിയ്യത്തു മുഖേന പ്രദാനം ചെയ്യപ്പെട്ട വസ്തുക്കൾ റഹീമിയ്യത്തിൽ നിന്ന് വീണ്ടും ഓഹരിയെടുക്കുകയും ദുആ സ്വീകാര്യതയുടെ ദൃശ്യങ്ങൾ മനുഷ്യൻ കാണുകയും ചെയ്യുന്നു.

പിന്നീട് ഇതിനെ കൂടുതൽ വിശദീകരിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു: അതിനാൽ **ഇയ്യാക്ക നഅ്ബുദു** പറയുന്നത്, അല്ലയോ സർവിലോകപരിപാലകാ! നി ന്റെ ആദ്യത്തെ ദാനത്തേയും ഞങ്ങൾ നിഷ്ഫലമാക്കുകയോ നശിപ്പിക്കുകയോ ചെയ്തില്ല. **ഇഹ്ദിനസ്സ്വിറാത്വൽ മുസ്തഖീമിൽ** നിർദേശിച്ചിട്ടുള്ളത് മനുഷ്യൻ അല്ലാഹുവിനോടു സത്യമായ ഉൾക്കാഴ്ച തേടാനാണ്. കാരണം അവന്റെ കൃപയും കരുണയും ആപൽക്കാലത്ത് സഹായിച്ചില്ലെങ്കിൽ ദുർബലനായ മനുഷ്യൻ ദുആ ചെയ്യാൻ പറ്റാത്തവിധമുള്ള ഇരുട്ടിലും അന്ധകാരത്തിലും കുടുങ്ങി കിടക്കുന്നവനാണ്." അവൻതന്നെ മനുഷ്യനെ വഴികാട്ടുന്നുവെന്നുള്ളത് അല്ലാഹുവിന്റെ ഫള്ലാണ്. അവൻതന്നെ സഹായിക്കുന്നു. ഇല്ലെങ്കിൽ മനുഷ്യൻ ബലഹീനനാണ്. അവൻ ലോകത്ത് കുടുങ്ങികിടക്കുന്നവനാണ്. ലോകത്തിന്റെ ഇരുട്ടിൽ കുടുങ്ങികിടക്കുന്നവനാണ്. അവനു ദുആ ചെയ്യാനുള്ള അവസരമേകിട്ടുകയില്ല. 'അതുകൊണ്ട് റഹ്മാനിയ്യത്തിന്റെ പ്രവഹിക്കൽകൊണ്ട് എത്തിയിട്ടുള്ള അല്ലാഹുവിന്റെ കൃപയെ പ്രയോജനപ്പെടുത്തി മനുഷ്യൻ ദുആ ചെയ്യാത്തിടത്തോളം ഒരു സൽഫലവുമുണ്ടാകുകയില്ല.' മനുഷ്യന് എന്തായാലും ആ അന്ധകാരത്തിൽനിന്ന് പുറത്തുവരുന്നതിന് ദുആ ചെയ്യേണ്ടിവരുന്നു.

പറഞ്ഞു: 'ലോൺ എടുക്കുന്നതിന് ആദ്യം കുറച്ചു വസ്തു കാണിക്കേണ്ടത് നിർബന്ധമായി കുറച്ചു കാലമായി ഞാൻ കണ്ടിരുന്നു.' ജന്മികൾ കാർഷികലോൺ എടുക്കുമ്പോൾ അവർക്ക് എന്തെങ്കിലും പണയംവെക്കേണ്ടത് നിർബന്ധമാണ്. ഇവിടേയും കടമെടുക്കാറുണ്ട്. അതിന് മോർട്ട്ഗേജ് (mortgage) എന്നൊക്കെയാണ് പറയുന്നത്. ഇടയ്ക്ക് തന്റേതായി കുറച്ചു തുക നിക്ഷേപിക്കേണ്ടിവരുന്നു. അല്ലെങ്കിൽ ജാമ്യം നല്കേണ്ടിവരുന്നു. പണയം വെക്കേണ്ടതായിവരും. അതായത് പ്രാവർത്തികമായി എന്തെങ്കിലും സമർപിക്കേണ്ടിവരും. 'അതുപോലെ പ്രകൃതിനിയമത്തിലേക്ക് ദൃഷ്ടിപതിപ്പിക്കുക. നമുക്ക് മുമ്പേ ലഭിച്ച വസ്തുക്കളെക്കൊണ്ട് നമ്മൾ എന്തുണ്ടാക്കി? ബുദ്ധിയും വിവേകവും കണ്ണും ചെവിയുമുണ്ടായിട്ടും വഴിപിഴച്ച് പോയിട്ടില്ലെങ്കിൽ, ഭോഷത്തത്തിലേക്കും വിഡ്ഢിത്തത്തിലേക്കും പോയിട്ടില്ലെങ്കിൽ ദുആ ചെയ്യുക. കൂടുതൽ ദൈവകൃപ ലഭിക്കുന്നതായിരിക്കും.' എല്ലാ വസ്തുക്കളും മനുഷ്യന് കിട്ടിയിട്ടുണ്ടെങ്കിൽ, അല്ലാഹു നല്കിയിട്ടുള്ള അനുഗ്രഹങ്ങളിൽനിന്ന് വഴിതെറ്റിയിട്ടില്ലെങ്കിൽ അപ്പോൾ പിന്നെ ദുആ ചെയ്യുക;ദൈവകൃപ വീണ്ടും വർധിക്കുന്നതാണ്.'ഇല്ലെങ്കിൽ അവകാശം നിഷേധിക്കുന്നതിന്റേയും ദൗർഭാഗ്യത്തിന്റേയും അടയാളമാണ്.'*(മൽഫൂദാത്ത് വാള്യം 1, പേജ് 128-131, 1984 പതിപ്പ്)*

കൃപാവരങ്ങൾ ശരിയായ നിലയിൽ ഉപയോഗിക്കുന്നില്ലെങ്കിൽ ദുആകൾ ഒട്ടും ഗുണം ചെയ്യില്ല. അങ്ങനെ വരുമ്പോൾ ഭാഗ്യമില്ലായ്മയും നഷ്ടവുമാണ് മനുഷ്യന്റെ കൂടെയുണ്ടാകുക. അതിനാൽ ഇക്കാര്യത്തിൽ നമ്മൾ ഒരുപാട് ചിന്തിക്കാൻ ശ്രമിക്കേണ്ടതാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ) വീണ്ടും പറയുന്നു: പ്രകൃതിനിയമത്തിൽ ദുആ സ്വീകാര്യതയുടെ ഉദാഹരണങ്ങളുണ്ട്. എക്കാലത്തും അല്ലാഹു ജീവൽ മാതൃകകൾ അയക്കുന്നു. അതുകൊണ്ടാണ് അവൻ **ഇഹ്ദിനസ്സ്വിറാത്വൽ മുസ്തഖീം സ്വിറാത്വല്ലദീന അൻഅംത അലയ്ഹിം** (ഫാതിഹ:6)എന്ന ദുആ പഠിപ്പിച്ചത്. ഇത് ദൈവേച്ഛയും നിയമവുമാണ്. അവ മാറ്റിമറിക്കാൻ ആരാലുമാകില്ല. **ഇഹ്ദിനസ്സ്വിറാത്വൽ മുസ്തഖീം** എന്ന ദുആയിൽ ഉള്ളടങ്ങിയിട്ടുള്ളത് നമ്മൾ നമ്മുടെ ദുആകളെ സമ്പൂർണവും തികവുറ്റതുമാക്കണമെന്നാണ്. ഈ വാക്കുകളിൽ വിചിന്തനം നടത്തിയാൽ ബാഹ്യാദൃഷ്ട്യാ ശരീഅത്ത് അനുശാസിക്കുന്ന നിലയിൽ ഈ ദുആ ചെയ്യാനുള്ള കല്പനയാണ് തന്നിരിക്കുന്നതെന്ന് മനസ്സിലാകും. ബാഹ്യമായി ദുആ ചെയ്യാനുള്ള കല്പനയാണ്. നേരായ മാർഗത്തിന്റെ വഴി തേടാനുള്ള പാഠമാണ്. ഇക്കാര്യത്തിലേക്കാണ് അത് സൂചനനല്കുന്നതെന്ന കാര്യം അവിതർക്കിതമാണ്. എന്നാൽ, അതിന്റെ തലയ്ക്കൽ ഇയ്യാക്ക **നഅ്ബുദു വ ഇയ്യാക്ക നസ്തയീൻ** വന്നത് സൂചിപ്പിക്കുന്നത് ഇതു പ്രയോജനപ്പെടുത്തുക എന്നാണ്. നേരായ മാർഗത്തിന്റെ ഘട്ടങ്ങൾ തരണം ചെയ്യാനായി മനുഷ്യൻ തന്റെ കഴിവുകളെ ഉപയോഗപ്പെടുത്തിയും ദൈവസഹായം തേടേണ്ടതാണ്. **ഇയ്യാക്ക നഅ്ബുദു വ ഇയ്യാക്ക നസ്തയീൻ** വിളിച്ചോതുന്നത് **സ്വിറാത്വൽ മുസ്തഖീം** നേടാൻ, നേരായ മാർഗത്തിൽ ചരിക്കാൻ നിങ്ങൾക്ക് അല്ലാഹു തന്നരുളിയ ശേഷിയുംശേമുഷിയും ഉപയുക്തമാക്കി ദൈവസഹായം അർഥിക്കേണ്ടതുണ്ടെന്നാണ്. അതിനാൽ ബാഹ്യോപാധികളെ പ്രയോജനപ്പെടുത്തേണ്ടതും അനിവാര്യമാണ്. അതുപേക്ഷിക്കുന്നതായാൽ അനുഗ്രഹ നിഷേധിയാണ്. നന്മകൾ ചെയ്യാനും അല്ലാഹുവിനോടു സഹായം തേടേണ്ടതുണ്ട്.' ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു:'മനസ്സിലെ ചിന്തകളേയും ഉദ്ദേശ്യങ്ങളേയും സുവ്യക്തമാക്കാൻ കെല്പുള്ള നാവാണ് അല്ലാഹു നമുക്ക് നല്കിയിട്ടുള്ളത്.' തുടർന്നു പറയുന്നു:'ഹൃദയത്തിൽ ഭക്തിനമ്രാദി അവസ്ഥാവിശേഷങ്ങൾ നിക്ഷേപിച്ചിട്ടുണ്ട്. അതുപോലെതന്നെ ചിന്തിക്കാനും വിചിന്തനം ചെയ്യാനുമുള്ള ശേഷിയും ഉള്ളടക്കിയിട്ടുണ്ട്. നമ്മൾ ആ കഴിവുകളും ശേഷികളും വ്യർഥമാക്കിക്കളഞ്ഞാൽ പിന്നെ ദുആ ഒരിക്കലും ഗുണകരമോ ഉപകാരപ്രദമോ ആകുകയില്ല. എന്തെന്നാൽ ആദ്യമെ തന്ന കൃപാവരത്തെ ഉപയോഗിക്കാതെ രണ്ടാമത്തേതിൽനിന്ന് എന്തു ഫലമെടുക്കാനാണ്. അതിനാൽ **ഇഹ്ദിനസ്സ്വിറാത്വൽ മുസ്തഖീം** നു മുന്നോടിയായി **ഇയ്യാക്ക നഅ്ബുദു** പറയുന്നത് ഞങ്ങൾ നീ നല്കിയ മുൻ വരദാനത്തേയും കഴിവുകളേയും പാഴാക്കിക്കളഞ്ഞില്ലെന്നാണ്. ഓർത്തുകൊള്ളുക റഹീമിയ്യത്തിൽനിന്ന് ഫലമെടുക്കാൻ അർഹത നല്കുകയാണ് റഹ്മാനിയ്യത്തിന്റെ സവിശേഷത. അതുകൊണ്ട് അല്ലാഹു **ഉദ്ഊനീ അസ്തജിബ്ലക്കും** എന്നു പറഞ്ഞത് വെറും വീൺവാക്കല്ല. പ്രത്യുത മനു

ഷ്യന് ശ്രേഷ്ഠത ലഭിക്കുന്നതിന് അവിഭാജ്യഘടകമാണത്. ചോദിക്കുക എന്നത് മാനുഷികമായ പ്രത്യേകതയാണ്. നല്കുക അല്ലാഹുവിന്റേതും! അല്ലഹുവിനോടു ചോദിക്കുന്നതിന് അവസരം തേടിനടക്കാത്ത മനുഷ്യൻ അക്രമകാരിയാണ്. ദുആ എന്നത് വളരെ ആനന്ദം പ്രദാനം ചെയ്യുന്ന ഒരു സ്ഥിതിവിശേഷമാണ്. അഹോ കഷ്ടം! ഞാനേതു വാക്കുകളാലാണ് ആ ആനന്ദാനുഭൂതികളെ ലോകത്തിന് മനസ്സിലാക്കിക്കൊടുക്കേണ്ടത്. അത് അനുഭവിച്ചാൽ മാത്രമെ അറിയുകയുള്ളു. ചുരുക്കിപ്പറഞ്ഞാൽ ദുആയുടെ അവശ്യഘടകങ്ങളിൽപ്പെട്ടതാണ് സൽകർമങ്ങളും വിശ്വാസവും ഉണ്ടാക്കിയെടുക്കുക എന്നത്. എന്തെന്നാൽ, തന്റെ വിശ്വാസാദർശത്തെ നേരെയാക്കാത്തവനും സൽകർമങ്ങളനുഷ്ഠിക്കാത്തവനും ദുആ ചെയ്തുകൊണ്ടിരുന്നാൽ അല്ലാഹുവിനെ പരീക്ഷിക്കുകയാണ് ചെയ്യുന്നത്. അതുകൊണ്ട് കാര്യമിതാണ്, **ഇഹ്ദിനസ്സ്വിറാത്വൽ മുസ്തഖീം** എന്ന ദുആകൊണ്ടുള്ള ഉദ്ദേശ്യം നമ്മുടെ കർമങ്ങളെ സമ്പൂർണവും തികവുറ്റതുമാക്കുക എന്നാണ്. തുടർന്ന് **സ്വിറാത്വല്ലദീന അൻഅംത അലയ്ഹിം** എന്നു പറഞ്ഞുകൊണ്ട് നമ്മൾ അനുഗ്രഹം പ്രാപിച്ച മഹാത്മാക്കളുടെ പാതയാണ് കാംക്ഷിക്ഷിക്കുന്നതെന്ന് സ്പഷ്ടമാക്കിയിരിക്കുന്നു. ദുഷ്കർമങ്ങളുടെ ഫലമായി ദൈവശിക്ഷ ഇറങ്ങിയ കോപത്തിനു പാത്രമായിത്തീർന്ന വിഭാഗത്തിന്റെ മാർഗത്തിൽനിന്ന് ഞങ്ങളെ രക്ഷിക്കേണമേ. **ളാല്ലീൻ** അഥവാ വഴിപിഴച്ചവരെന്ന് പറഞ്ഞുകൊണ്ട് നിന്റെ സഹായമില്ലാതെ വഴിതെറ്റി നടക്കുന്നവരിൽനിന്ന് ഞങ്ങളെ സുരക്ഷിതരാക്കി വെക്കേണമേ എന്ന ദുആയാണ് പഠിപ്പിച്ചിരിക്കുന്നത്.'(*മൽഫൂദാത്ത് വാല്യം 1, പേജ് 199-200, 1984 പതിപ്പ്)*

നിന്റെ രക്ഷയില്ലാതെ വഴിതെറ്റി നടക്കുന്നതിൽനിന്ന് ഞങ്ങളെ രക്ഷിച്ചാലും. അതിനാൽ ഇതിന്റെ അടിസ്ഥാനത്തിൽ ചിന്തിച്ച് സൂറ ഫാതിഹായും ഓതേണ്ടതാണ്. ഇപ്രകാരം ദുആ ചെയ്യേണ്ടതാണ്.

ഇതുകൂടാതെ ദുആകളിൽ കാര്യകാരണ ബന്ധങ്ങളെ ഉപയോഗപ്പെടുത്തുന്നതിന്റെ അനിവാര്യതയെ പരാമർശിച്ച് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു:കേൾക്കുവിൻ!ഏതൊരു ദുആയ്ക്കുവേണ്ടിയാണോ ഉദ്ഊനീ അസ്തജിബലക്കും(40:61) എന്ന് പറഞ്ഞിരിക്കുന്നത് അതിന് ഇതേ സത്യസന്ധമായ ആത്മാവാണ് ആവശ്യപ്പെട്ടിട്ടുള്ളത്. അതിൽ ഭക്തി വിനയാദി സമ്പ്രദായങ്ങളുടെ യഥാർഥ ആത്മാവില്ലെങ്കിൽ അതുവെറും വീമ്പിളക്കുന്നതിനെക്കാൾ കൂടുതലായി ഒന്നുമില്ല. അപ്പോൾ ഉപാധികൾ സ്വീകരിക്കേണ്ടത് അനിവാര്യമല്ലെന്ന് ആരെങ്കിലും പറയാനിടയുണ്ട്. അതുവെറും തെറ്റായധാരണയാണ്. ശരീഅത്ത് ഉപാധികൾ സ്വീകരിക്കുന്നത് വിലക്കിയിട്ടില്ല. സത്യം ചോദിച്ചാൽ ദുആ തന്നെയും ഒരു കാര്യഹേതു വല്ലേ? അല്ലെങ്കിൽ കാര്യഹേതു ദുആ അല്ലേ? കാര്യഹേതുക്കൾ അനേഷിക്കുന്നതും ദുആ തന്നെയാണ്. മഹത്തായ കാര്യഹേതുക്കളുടെ ഉറവിടമാണ് ദുആ. മനുഷ്യന്റെ ബാഹ്യാകാരം അവന്റെ ഇരുകരങ്ങളുടേയും ഇരു കാലുകളുടേയും നിർമിതി പരസ്പരമുള്ള സഹായസഹകരണത്തിന്റെ പ്രകൃത്യാലുള്ള സൂചനയാണ്. ഈ ദൃശ്യം മനുഷ്യനിൽത്തന്നെ നിലനിൽക്കെ അവൻ **തആവനൂ അലൽബിർറി വത്തഖ്വാ**(5:3)എന്നതിന്റെ അർഥം മനസ്സിലാക്കുന്നതിൽ പ്രയാസപ്പെടുക എന്നത് എത്രമാത്രം വിസ്മയകരമായ വസ്തുതയാണ്.

അതേ ഞാൻ പറയുന്നത് ഉപാധികളെ തിരഞ്ഞു കണ്ടെത്തുന്നതും ദുആ മുഖേനയാകണമെന്നാണ്. പസ്പരപൂരകമായി സഹായിക്കുന്ന അവസ്ഥ നിങ്ങളുടെ ശരീരത്തിൽതന്നെ ദൈവികമായൊരു സംവിധാനത്തിലൂടേയും തികഞ്ഞ മാർഗദർശകമായ നിലയിലും നിക്ഷേപിച്ചിരിക്കെ അക്കാര്യത്തെ നിങ്ങൾ എന്തിനാണ് എതിർക്കുന്നതെന്ന് എനിക്കു മനസ്സിലാകുന്നില്ല. അല്ലാഹു കാര്യഹേതുക്കളെ കൂടുതൽ സ്പഷ്ടമാക്കുന്നതിനും വ്യക്തമാക്കുന്നതിനും ലോകത്തിനുമുമ്പിൽ തുറക്കുന്നതിനുമായി പ്രവാചകന്മാരുടെ ഒരു പരമ്പര ലോകത്ത് സ്ഥാപിച്ചു. അല്ലാഹുവിന് എല്ലാത്തിനും കഴിവുണ്ട്. അവൻ വിചാരിച്ചിരുന്നെങ്കിൽ ആ ദൈവദൂതർക്ക് പരസഹായം ആവശ്യമില്ലാതെ വരുത്താമായിരുന്നു. എന്നാൽ, അവരും മൻ അൻസ്വാരീ ഇലല്ലാഹ് എന്ന് ചോദിക്കുന്നതിന് നിർബന്ധിതരായിത്തീരുന്ന ഒരു കാലം വരുന്നു. എന്ത്? അവർ ഒരു ഭിക്ഷക്കാരനെപ്പോലെ കേഴുകയാണോ? അല്ല. **മൻ അൻസ്വാരീ ഇലല്ലാഹ്** എന്ന് ചോദിക്കുന്നതിനും ഒരു തേജോവിലാസമുണ്ട്. കാര്യഹേതുക്കൾക്ക് പരിഗണന നല്കേണ്ട കാര്യം ലോകത്തെ പഠിപ്പിക്കാൻ അവർ ആഗ്രഹിക്കുന്നു. ലൗകിക വസ്തുക്കളും ലഭ്യമാക്കേണ്ടത് അനിവാര്യമായിരുന്നു. അതും ദുആയുടെ ഒരു ഭാഗമാണ്. അവർക്ക് അല്ലാഹുവിൽ പരിപൂർണ വിശ്വാസവും അവന്റെ വാഗ്ദാനങ്ങളിൽ ദൃഢനിശ്ചയവുമുണ്ടായിരുന്നു. **ഇന്നാ ല നൻസ്വുറു റുസുലനാ വല്ലദീന ആമനൂ ഫിൽഹയാത്തിദ്ദുൻയാ**(40:52)അല്ലാഹുവിന്റെ വാഗ്ദാനമാണെന്ന് അവർക്കറിയാമായിരുന്നു; നാം നമ്മുടെ റസൂൽമാരേയും അവരെ വിശ്വസിക്കുന്നവരേയും തീർച്ചയായും ഈ ലോകത്ത് സഹായിക്കുന്നതായിരിക്കും! അവിടന്ന് പറഞ്ഞു:'ഇതൊരു ഉറച്ചതും ദൃഢഗാഢവുമായ വാഗ്ദാനമാണ്. അല്ലഹു ആരുടെയെങ്കിലും മനസ്സിൽ സഹായിക്കണമെന്ന വിചാരമുണ്ടാക്കുന്നില്ലെങ്കിൽ ആരെങ്കിലും അവരെ സഹായിക്കുന്നതെങ്ങനെയാണ്.' *(മൽഫൂദാത്ത് വാല്യം 1, പേജ് 168-169, 1984 പതിപ്പ്)*

അതിനാൽ നബിമാർക്കും കാര്യഹേതുക്കളുടെ ആവശ്യമുണ്ട്. പക്ഷേ അവർ അല്ലാഹുവിന്റെ മുമ്പിൽ കുനിയുന്നു. പിന്നീടെ അല്ലാഹുതന്നെ അവർക്ക് കാര്യഹേതുക്കൾ ലഭ്യമാക്കുന്നു. ആളുകളുടെ മനസ്സിലിടുന്നു. സുൽത്വാനെ നസ്വീർ(ശക്തരായ സഹായികൾ) ലഭ്യമാക്കിക്കൊടുക്കുന്നു. അവർ അവരുടെ പ്രവർത്തനങ്ങളെ മുന്നോട്ടു കൊണ്ടുപോകുന്നവരാകുന്നു.

ദുആ സംബന്ധമായി നമസ്കാരത്തിന്റെ ഉദ്ദേശ്യവും പ്രാധാന്യവും വിവരിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു: 'നമസ്കാരത്തിന്റെ യഥാർഥ ഉദ്ദേശ്യവും കാമ്പും ദുആ തന്നെയാണ്. ദുആ ചെയ്യുക എന്നത് അല്ലാഹുവിന്റെ പ്രകൃതി നിയമങ്ങൾക്ക് തികച്ചും അനുഗുണമായ സംഗതിയാണ്. ഉദാഹരണത്തിന് നമ്മൾ പൊതുവെ കാണുന്ന ഒരു കാര്യമാണ് ഒരു കുഞ്ഞ് കരഞ്ഞുനിലവിളിക്കുകയും പരിഭ്രാന്തി പ്രകടമാകുകയും ചെയ്യുമ്പോൾ മാതാവ് എത്ര അസ്വസ്ഥയായാണ് കുഞ്ഞിന് പാലുനല്കുന്നത്. ദൈവവും ദാസരും തമ്മിൽ ഇതേ തരത്തിലുള്ള ഒരു ബന്ധംതന്നെയാണുള്ളത്. അക്കാര്യം എല്ലാവർക്കും മനസ്സിലാക്കാൻ പറ്റുകയില്ല. ഒരുവൻ ദൈവത്തിന്റെ പടിവാതിൽക്കൽ വീഴുകയും വളരെ താഴ്മയോടും ഭയത്തോടുംകൂടി അവന്റെ സന്നിധിയിൽ തന്റെ അവസ്ഥ വെക്കുകയും അവനോടു തന്റെ ആവശ്യങ്ങൾ ചോദിക്കുകയും ചെയ്യുമ്പോൾ ദൈവത്തിന്റെ കൃപാകടാക്ഷം ആവേശം കൊള്ളുകയും അത്തരമൊരാൾക്കുമേൽ കരുണ ചൊരിയപ്പെടുകയും ചെയ്യുന്നു. അല്ലാഹുവിന്റെ അനുഗ്രഹ കടാക്ഷങ്ങളുടെ പാല് ഒരു കരച്ചിൽ ആവശ്യപ്പെടുന്നുണ്ട്. അതിനാൽ അവന്റെ സന്നിധിയിൽ കരഞ്ഞുകലങ്ങിയ കണ്ണുകളാണ് കാഴ്ചവെക്കേണ്ടത്.'*(മൽഫൂദാത്ത് വാല്യം 1, പേജ് 352, 1984 പതിപ്പ്)*

തുടർന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: ദൈവസന്നിധിയിൽ കരഞ്ഞു വിലപിക്കുന്നതുകൊണ്ട് ഒന്നുംതന്നെ ലഭിക്കാൻ പോകുന്നില്ലെന്നാണ് ചിലർ കരുതുന്നത്. അത് തികച്ചും തെറ്റും അബദ്ധവുമാണ്. അത്തരക്കാർ ദൈവത്തിന്റെ അസ്തിത്വത്തിലും അവന്റെ വിശേഷഗുണങ്ങളിലും കഴിവുകളിലും ശേഷികളിലും വിശ്വാസം അർപ്പിക്കാത്തവരാണ്. അവരിൽ യഥാർഥ ഈമാൻ കുടികൊണ്ടിരുന്നെങ്കിൽ ഇങ്ങനെ പറയാൻ ധൈര്യപ്പെടുമായിരുന്നില്ല. അല്ലാഹുവിന്റെ സന്നിധിയിൽ ആരെങ്കിലും വരികയും യഥാർഥ പശ്ചാത്താപത്താൽ മാനസാന്തരപ്പെടുകയും ചെയ്തപ്പോഴൊക്കെ അല്ലാഹു എപ്പോഴും അനുഗ്രഹിച്ചരുളിയിട്ടുണ്ട്. ആരോ ഒരാൾ ഇപ്പറഞ്ഞത് എത്ര വസ്തുനിഷ്ഠമാണ്:

**ആശിഖ് കെഃ ശുദ്ട് കെ യാർ**
**ബഹാലിശ് നള്ർ നഃ കർദ്**
**ഏ ഖ്വാജാ! ദർഡദ് നീസ്ത്ത്**
**വ ഗർ നഃ ത്വബീബ് ഹസ്ത്**

തന്റെ പ്രേമിയുടെ അവസ്ഥയെ നോക്കാത്ത ഏതു പ്രേമഭാജനമാണുള്ളത്. ഹദ്റത്തിന് വേദനതന്നെയില്ല. ഉണ്ടെങ്കിൽ ഡോക്ടർ ഇവിടെ തന്നെയുണ്ടല്ലോ.

അല്ലാഹു ആഗ്രഹിക്കുന്നത് നിങ്ങൾ അവന്റെ സന്നിധിയിൽ പരിശുദ്ധഹൃദയവുംകൊണ്ട് വരാനാണ്. അവനു അനുയോജ്യമായ നിലയിൽ തങ്ങളെ ആക്കിത്തീർക്കണമെന്നതുമാത്രമാണ് നിബന്ധന; ദൈവസന്നിധിയിൽ ഹാജരാകുന്നതിന് അർഹരാക്കുംവിധമുള്ള സത്യമായപരിവർത്തനം നിങ്ങളുടെ ഉള്ളിൽ ഉണ്ടാക്കികാണിക്കുക. ഞാൻ നിങ്ങളോടു സത്യമായും പറയുന്നു: 'ദൈവത്തിൽ അത്ഭുതകരമായ ശക്തികളുണ്ട്. അവനിൽ അതിരറ്റ കൃപയും അനുഗ്രഹങ്ങളുമുണ്ട്. എന്നാൽ, അവ കാണുന്നതിനും പ്രാപിക്കുന്നതിനുമുള്ള സ്നേഹത്തിന്റെ കണ്ണുകൾ ഉണ്ടാക്കുക. സത്യസന്ധമായി സ്നേഹമാണെങ്കിൽ അല്ലാഹു അധികമധികമായി ദുആകൾ കേൾക്കുകയും സഹായിക്കുകയും ചെയ്യുന്നു.' *(മൽഫൂദാത്ത് വാല്യം 1, പേജ് 352-353, 1984 പതിപ്പ്)*

പിന്നീട് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു: സത്യവിശ്വാസികളെ പുകഴ്ത്തിക്കൊണ്ട് അല്ലാഹു പറയുന്നു: **യദ്കുറൂനല്ലാഹ ഖിയാമൻ വ്വ ഖുഊദൻ വ്വ അലാ ജുനൂബിഹിം വ യത്തഫക്കറൂന ഫീ ഖൽഖിസ്സമാവാത്തി വൽഅർളി റബ്ബനാ മാ ഖലഖ്ത്ത ഹാദാ ബാത്വിലൻ**(3:132) അതായത് സത്യവിശ്വാസികൾ അല്ലാഹുവിനെ നിന്നും ഇരുന്നും തങ്ങളുടെ കിടക്കകളിൽ കിടന്നും സ്മരിക്കുന്നു. ആകാശങ്ങളിലും ഭൂമിയിലുമുള്ള അത്യത്ഭുതകരമായ നിർമിതികളിൽ ചിന്തിക്കുകയും ആലോചിക്കുകയും ചെയ്തുകൊണ്ടിരിക്കുന്നു. നിർമിതിയുടെ ആസ്വാദ്യകരമായ ജ്ഞാനരഹസ്യങ്ങൾ അവരിൽ തുറക്കുമ്പോൾ അവർ പറയുന്നു:ദൈവമേ! നീ ഈ വസ്തുക്കളെ വ്യർഥമായിട്ടല്ല സൃഷ്ടിച്ചിട്ടുള്ളത്. അതായത് പ്രത്യേകതരം വിശ്വാസികളായവർ സൃഷ്ടിജ്ഞാനവും പ്രപഞ്ചജ്ഞാനവും കാരണത്താൽ ഇഹഭോഗതൽപരനെപ്പോലെ, 'ഭൂമിയുടെ രൂപാകാരം ഇപ്രകാരമാണെന്നും അതിന്റെ ചുറ്റളവ് ഇത്രയാണെന്നും അതിന്റെ ഗുരുത്വാകർഷണം ഇവ്വിധമാണെന്നും സൂര്യചന്ദ്രനക്ഷത്രാദികളുമായി അതിനുള്ളബന്ധം ഇത്തരത്തിലുള്ളതാണെന്നുമൊക്കെ പറഞ്ഞുകൊണ്ടുമാത്രം' അംഗീകരിക്കുന്നവരായിരിക്കുകയില്ല. പ്രത്യുത അവർ സൃഷ്ടിപ്പിന്റെ മികവിനെ തിരിച്ചറിഞ്ഞ ശേഷം അതിന്റെ സവിശേഷ തത്ത്വങ്ങൾ അറിയുന്നതിന് സ്രഷ്ടാവിലേക്ക് തിരിയുകയും തങ്ങളുടെ ഈമാനിനെ ദൃഢഗാഢമാക്കുകയും ചെയ്യുന്നു.*(സുർമ ചശ്മയെ ആര്യ, റൂഹാനീ ഖസാഇൻ വാല്യം 2, പേജ് 191-192)*

അതായത് ജ്ഞാനം കരസ്ഥമാക്കിക്കൊണ്ട് ദൈവത്തിന് കുമ്പിടുന്നു. ഞാൻ മുമ്പേ പറഞ്ഞതുപോലെ തങ്ങളുടെ വിശ്വാസത്തെ പ്രബലപ്പെടുത്തുന്നു. അതുതന്നെയാണ് ഒരു വിശ്വാസിയുടെ പ്രത്യേക അടയാളവും തിരിച്ചറിവും.

ഹദ്റത്ത് മസീഹ് മൗഊദ്(അ) നമുക്കു നല്കിയ മഹത്തായ ഖജനാവിലെ ചില കാര്യങ്ങളാണ് ഞാൻ ഇവിടെ അവതരിപ്പിച്ചത്. ഇതിലൂടെ ദുആയുടെ പ്രസക്തി, യുക്തി, ദുആ ചെയ്യേണ്ടരീതി, അതിന്റെ തത്ത്വം തുടങ്ങിയ എല്ലാ വിഷയങ്ങളിലും അല്പാല്പം വെളിച്ചം വീഴുന്നുണ്ട്. നമ്മൾ

ഇക്കാര്യങ്ങൾ മനസ്സിലാക്കുന്നവരായാൽ നമുക്ക് നമ്മുടെ ജീവിതത്തിൽ ഒരു മാറ്റമുണ്ടാക്കാനാകും. ദൈവവുമായുള്ള ബന്ധത്തിൽ ഒരു പ്രത്യേക സ്ഥിതിവിശേഷം ഉണ്ടാക്കാൻ കഴിയുന്നതുമാണ്. അല്ലാഹുവിന്റെ അനുഗ്രഹങ്ങളെ ആകർഷിച്ചെടുക്കുന്നവരാകുന്നതാണ്. ഈ റമളാനിൽ അല്ലാഹുവിന്റെ സാമീപ്യം പ്രാപിക്കുന്നവരും അവന്റെ കല്പനകൾ പാലിക്കുന്നവരും ഈമാനിനെ സുദൃഢമാക്കുന്നവരുമാക്കിത്തീർക്കാൻ നമ്മൾ ശ്രമിക്കേണ്ടതാണ്. ദുആയുടെ യുക്തികളും തത്ത്വങ്ങളും മനസ്സിലാക്കേണ്ടതാണ്. സ്വന്തം കർമസംസ്കരണം നടത്തുന്നവരാകേണ്ടതാണ്. അല്ലാഹുവിന്റെ സന്നിധിയിൽ ദുആകൾ സ്വീകരിക്കപ്പെടുന്നവരുടെ ഗണത്തിൽ ഉൾപ്പെടേണ്ടതാണ്. ഈ റമളാൻ നമുക്ക് അല്ലാഹുവുമായുള്ള ബന്ധത്തിലും ആത്മീയ ബന്ധത്തിലും ആത്മീയാവസ്ഥയിലും ഒരു മാറ്റമുണ്ടാക്കേണ്ടതാണ്.

നമ്മുടെ സഹോദരങ്ങൾക്കുവേണ്ടിയും ദുആ ചെയ്യുക. ഞാൻ മുമ്പേയും ദുആ ചെയ്യാൻ പറഞ്ഞിരുന്നതാണ്. പറഞ്ഞുകൊണ്ടിരിക്കുന്നതുമാണ്. പാക്കിസ്താനിലോ അൽജീരിയായിലോ എവിടെയാണെങ്കിലും ഏതുതരത്തിലുള്ളതാണെങ്കിലും പ്രത്യേകിച്ച് ജമാഅത്തിന്റെ പേരിൽ പ്രയാസങ്ങളിൽ അകപ്പെട്ടിരിക്കുന്ന സഹോദരങ്ങൾക്കുവേണ്ടി ദുആ ചെയ്യുക. പാക്കിസ്താനിൽ ദിനേന എന്തെങ്കിലുമൊക്കെ ഉണ്ടായിക്കൊണ്ടിരിക്കുന്നു. അവിടെ ഏതെങ്കിലും രീതിയിൽ അഹ്മദികൾ കഷ്ടത അനുഭവിച്ചു വരുന്നുണ്ട്. അതുകൊണ്ടുതന്നെ അവർക്കുവേണ്ടി പ്രത്യേകം ദുആ ചെയ്യുക. അപ്രകാരംതന്നെ അൽജീരിയായിലും സ്ഥിതി വ്യത്യസ്തമല്ല. അവിടെ വീണ്ടും കേസുകൾ കുത്തിപ്പൊക്കാനുള്ള ശ്രമത്തിലാണ്. അല്ലാഹു അവിടുത്തെ അഹ്മദികളേയും സംരക്ഷിക്കുമാറാകട്ടെ. മറ്റുള്ളവർക്കുവേണ്ടി ദുആ ചെയ്യുന്നതിലൂടെ സ്വന്തം ദുആകളും സ്വീകരിക്കപ്പെടുന്നതാണ്. ഈ ഒരു ആശയം എപ്പോഴും ഓർമവെക്കേണ്ടതാണ്. മാത്രമല്ല അന്യർക്കുവേണ്ടി ദുആ ചെയ്യുന്നവർക്കുവേണ്ടി മലക്കുകളും ദുആ ചെയ്യുന്നു. മലക്കുകൾ ദുആ ചെയ്യുന്നത് എത്രയധികം ലാഭകരമായ കച്ചവടമാണ്. അതുകൊണ്ട് നമ്മൾക്കുവേണ്ടി മാത്രമല്ല അന്യർക്കുവേണ്ടിയും ഒരുപാട് ദുആ ചെയ്യേണ്ടതാണ്. അല്ലാഹു നമ്മെ ഈ റമളാനിൽ അതിനു പ്രത്യേകിച്ച് തൗഫീഖ് നല്കുമാറാകട്ടെ.ക്കുന്നു.' അദ്ദേഹം ആ ഗ്രാമത്തിൽ അധ്യാപകനായിരുന്നിടത്തോളം അവിടെ ഒരു മുഅല്ലിമിന്റേയോ മുറബ്ബിയുടേയോ ആവശ്യമുണ്ടായിരുന്നില്ല. സ്വയമേവ അക്കാര്യങ്ങൾ നിറവേറ്റിയിരുന്നു. പിന്നീട് റബ്വയ്ക്കടുത്ത് അദ്ദേഹം നിയമിതനായി. അവിടെനിന്നു റബ്വയിൽ താമസം മാറ്റി. അവിടേയും സേവനങ്ങൾ കാഴ്ചവച്ചു. ഒട്ടനവധി പെൺകുട്ടികൾക്കും ആൺകുട്ടികൾക്കും പരിശുദ്ധ ഖുർആൻ പഠിപ്പിച്ചു. പിന്നീട് ഖാരീ ആശിഖ് സാഹിബിൽനിന്ന് ഖുർആനിന്റെ തർത്തീൽ പഠിച്ചു. പിന്നീട് മഹല്ലിൽ തർത്തീലുൽ ഖുർആന്റെ ക്ലാസുകൾ സംഘടിപ്പിച്ചു. പിന്നീട് മെട്രിക് കഴിഞ്ഞ ഒരു ആൺകുട്ടിയും പെൺകുട്ടിയും ഖുർആൻ പഠിക്കാത്തവരായി ജമാഅത്തിൽ ഉണ്ടാകാതിരിക്കാൻ നല്ലവണ്ണം പ്രയത്നിച്ചു. അത്തരത്തിൽ ആരെങ്കിലുമുണ്ടെങ്കിൽ അവരുടെ വീട്ടിൽപോയി ഖുർആൻ പഠിപ്പിക്കുമായിരുന്നു. നന്നേ ചെറുപ്രായത്തിലെ തഹജ്ജുദ് നമസ്കാരം പതിവാക്കിയിരുന്നു. കൊറോണ കാരണം 60 വയസ്സിനുമേൽ പ്രായമുള്ളവർ മസ്ജിദിൽ പോകുന്നത് വിലക്കിയപ്പോൾ വളരെ സംവിധാനത്തോടെ വീട്ടിൽ നമസ്കാരങ്ങളും ജുമുഅയും അനുഷ്ഠിച്ചിരുന്നു. ഒരു സ്വപ്നത്തിന്റെ അടിസ്ഥാനത്തിൽ താൻ 80-ാം വയസ്സിൽ മരണപ്പെടുമെന്ന് അദ്ദേഹത്തിന് ഉറപ്പായിരുന്നു. അത് അങ്ങനെതന്നെ സംഭവിക്കുകയും ചെയ്തു. അദ്ദേഹത്തിന് മൂന്നു ആൺകുട്ടികളും ഒരു പെൺകുട്ടിയും ഉണ്ടെന്ന് തോന്നുന്നു. എന്തായാലും അദ്ദേഹത്തിന്റെ മൂന്നു ആൺകുട്ടികളും വഖ്ഫെ സിന്ദഗികളാണ്. ഒന്ന് അസീസ് സാഹിബാണ്. ഇവിടെ ഇസ്‌ലാമാബാദിൽ സേവനം അനുഷ്ഠിക്കുന്നു. രണ്ടാമത്തേത് ഹസീം അഹ്മദ്. മുറബ്ബി സിൽസില റബ്വയിലാണ്. മൂന്നാമത്തേത് സയീദ് അഹ്മദ് അദീൽ സാഹിബ്. ഇദ്ദേഹം നൈജീരിയായിൽ മുറബ്ബിയാണ്. അദ്ദേഹത്തിനും ഖബ്റടക്ക സമയത്ത് വരാനായില്ല. അല്ലാഹു അദ്ദേഹത്തോടു മഗ്ഫിറത്തോടും റഹ്മത്തോടുംകൂടി പെരുമാറട്ടെ. എല്ലാവരുടേയും ബന്ധുമിത്രാദികൾക്ക് ക്ഷമയും സ്ഥൈര്യവും നല്കുമാറാകട്ടെ. ഇവരുടെ നന്മകൾ തുടർന്നുകൊണ്ടുപോകാനുള്ള തൗഫീഖ് നല്കുമാറാകട്ടെ.

---

(പേജ് 1 ൽനിന്ന്)

ത്തിന്റെ!

ബദ്ർ യുദ്ധം ഈ ബാഹ്യവും ആന്തരികവുമായ സംരക്ഷണത്തിന്റെ അങ്ങേയറ്റം ഉദാത്തമായ ഒരു ഉദാഹരണമാണ്. നബി(സ)തിരുമേനി മദീനയിൽപോയപ്പോൾ അവിടന്ന് മദീനക്കാരുമായി ഉടമ്പടി ചെയ്തിരുന്നു;നബി മദീനയിൽനിന്ന് വെളിയിൽപ്പോയി യുദ്ധം ചെയ്യുകയാണെങ്കിൽ മദീനക്കാർ അവിടത്തോടൊപ്പം പോകാൻ നിർബന്ധിതരായിരിക്കുകയില്ല.' ബദ്ർ യുദ്ധത്തിൽ അവിടന്ന് അൻസ്വാറിനോടും മുഹാജിരീങ്ങളോടും യുദ്ധസംബന്ധമായി കൂടിയാലോചന നടത്തി. മുഹാജിരീങ്ങൾ ആവർത്തിച്ചാവർത്തിച്ച് മുന്നോട്ടുപോയി യുദ്ധം ചെയ്യാൻ സമ്മർദം ചെലുത്തിക്കൊണ്ടിരുന്നു. പക്ഷേ, നബി(സ)തിരുമേനി അവരുടെ വർത്തമാനം കേട്ട് പറയുമായിരുന്നു, ജനങ്ങളേ നിങ്ങൾ അഭിപ്രായം പറയുക!അപ്പോൾ ഒരു അൻസ്വാരി (സഅ്ദ് ബിൻ മുആദ്);ചോദിച്ചു:'അല്ലാഹുവിന്റെ റസൂലേ! ഞങ്ങളെയാണോ അങ്ങ് ഉദ്ദേശിക്കുന്നത്?' നബി(സ)തിരുമേനി പറഞ്ഞു:'അതേ!' അപ്പോൾ അദ്ദേഹം പറഞ്ഞു:'മദീനയിൽനിന്ന് വെളിയിൽപ്പോയി യുദ്ധം ചെയ്യുകയാണെങ്കിൽ മദീനക്കാർ അങ്ങയോടൊപ്പം വരാൻ നിർബന്ധിതരായിരിക്കുകയില്ലെന്ന് ഞങ്ങൾ അങ്ങയുമായി ഉടമ്പടി ചെയ്തിരുന്നുവെന്നതിൽ ഒരു സംശയവുമില്ല. പക്ഷേ, അക്കാലം വേറെയാണ്. ഞങ്ങളിപ്പോൾ അങ്ങയെ അല്ലാഹുവിന്റെ സത്യവാനായ റസൂലാണെന്നു കണ്ടിരിക്കെ ഇനി ഞങ്ങളുടെ അഭിപ്രായത്തിന് എന്ത് പ്രസക്തിയാണുള്ളത്? അങ്ങ് ഞങ്ങളോടു കുതിരകളെ കടലിടാൻ പറഞ്ഞാൽ മൂസായുടെ സ്വഹാബിമാരെപ്പോലെ നീയും നിന്റെ റബ്ബും പോയി യുദ്ധം ചെയ്യുക, ഞങ്ങൾ ഇവിടെ ഇരുന്നുകൊള്ളാമെന്ന് പറയുകയില്ല. മറിച്ച് ഞങ്ങൾ അങ്ങയുടെ ഇടത്തും വലത്തും മുമ്പിലും പിന്നിലും നിന്ന് പൊരുതുന്നതായിരിക്കും. ഞങ്ങളുടെ ശവങ്ങൾ മറികടന്നുകൊണ്ടല്ലാതെ ശത്രുക്കൾക്ക് അങ്ങയോളമെത്താൻ കഴിയുകയില്ല.' ആത്മാർഥരായ സ്വഹാബത്തും എന്റെ പക്കൽ മുഅഖ്ഖിബാത്തുൻ എന്നതിൽപ്പെട്ടവരാണ്. അവരെ അല്ലാഹു നബി(സ)തിരുമേനിയുടെ സംരക്ഷണത്തിന് നിശ്ചയിച്ചതായിരുന്നു. ഒരു സ്വഹാബി പറയുന്നു:'ഞാൻ നബി(സ)തിരുമേനിയോടൊപ്പം 13 യുദ്ധങ്ങളിൽ പങ്കെടുത്തിട്ടുണ്ട്. എന്നാൽ, എന്റെ മനസ്സിൽ പലതവണയും ആ യുദ്ധങ്ങളിൽ പങ്കെടുത്തതിനുപകരം സഅ്ദ്ബിൻ മുആദിന്റെ വായിൽനിന്ന് പുറപ്പെട്ട ആ വാക്യം പറഞ്ഞവൻ ഞാനായിരുന്നെങ്കിലെന്ന് ആശിച്ചുപോയിട്ടുണ്ട്.'(തഫ്സീർ കബീർ, വാള്യം 3, പേജ് 391, ഖാദിയാൻ പ്രസിദ്ധീകരണം 2010)

---

(പേജ് 12 ൽനിന്ന്)

കൂടാതെ ബെൽജിയത്തിൽനിന്നു വന്ന സംഘവും ഹുദൂറിനോട് മടങ്ങിപ്പോകുന്നതിന് അനുവാദം വാങ്ങി.

പാസ്പോർട്ട്, എമിഗ്രേഷൻ, ഇതര പേപ്പറുകൾ ക്ലിയറിംഗ് കഴിഞ്ഞതിന്നു ശേഷം 7.10-ന് ഹുദൂറിന്റേയും യാത്രാസംഘത്തിന്റേയും വാഹനം ട്രെയിനിൽ ബോർഡിംഗ് ചെയ്തു. 7.20-ന് ക്ലൈസിൽനിന്നു ബ്രിട്ടനി ലെ സമുദ്രതീരമായ ഡോവറിലേക്ക് (ട്രെയിൻ)പുറപ്പെട്ടു. ഏകദേശം അരമണിക്കൂർ യാത്രയ്ക്കുശേഷം ചാനൽ ടണൽ ക്രോസ് ചെയത് ഡോവറിന് സമീപത്തുള്ള ബ്രിട്ടീഷ് ഭൂമിയിലേക്ക് പ്രവേശിച്ചു. തുടർന്ന് നിശ്ചിത സ്റ്റേഷനിൽ ട്രെയിൻ നിന്നു. ഏകദേശം പത്ത് മിനിറ്റിനു ശേഷം ഫ്രാൻസ് സമയം 7.50-ന് ബ്രിട്ടീഷ് സമയമനുസരിച്ച് 6.50-ന് യാത്രാ വാഹനങ്ങൾ ട്രെയിനിൽനിന്നു പുറത്തേക്ക് വരികയും മോട്ടർ വേയിലൂടെ യാത്ര തുടരുകയും ചെയ്തു. (ബ്രിട്ടീഷ് സമയം ഫ്രാൻസ് സമയത്തേക്കാൾ ഒരു മണിക്കൂർ പിന്നിലാണ്.)

നായിബ് അമീർ ജമാഅത്ത് യൂകെ, മുബല്ലിഗ് ഇൻ ചാർജ് യൂകെ ആദരണീയ അത്വാഉൽ മുജീബ് റാശിദ് സാഹിബ്, പ്രിൻസിപ്പാൾ ജാമിഅ അഹ്മദിയ്യ യൂകെ മിർസാ നാസ്വിർ ഇനാം സാഹിബ്, അഡീഷണൽ വക്കീലുൽ മാൽ ലണ്ടൻ ആദരണീയ മുബാറക് അഹ്മദ് സാഹിബ് ഉഫർ സാഹിബ് വക്കാലത്ത് തബ്ശീർ ലണ്ടൻ ഓഫീസിലെ ആദരണീയ അഖ്‌ലാഖ് അഹ്മദ് അൻജും സാഹിബ്, സദർ ഖുദ്ദാമുൽ അഹ്മദിയ്യ യൂകെ ആദരണീയ അബ്ദുൽ ഖുദ്ദൂസ് ആരിഫ് സാഹിബ്പ്രത്യേക സെക്യൂരിറ്റി വിഭാഗം ഓഫീസർ മേജർ മഹ്മൂദ് അഹ്മദ് സാഹിബ് സെക്യൂരിറ്റി ടീമിനോടൊപ്പം ഹുസൂറിനെ സ്വീകരിക്കാന് എത്തിയിരുന്നു.

ഏകദേശം ഒന്നര മണിക്കൂർ യാത്രക്കുശേഷം വൈകുന്നേരം 8.20-ന് ഇസ്‌ലാമാബാദ് മർക്കസിലേക്ക് ഹുദൂർ ആഗതരായി. സ്ത്രീ പുരുഷന്മാരുടെ വലിയ ജനാവലി ഹുദൂറിനെ സ്വീകരിക്കാൻ ഖസ്റെ ഖിലാഫത്തിന്റെ പരിസരത്ത് എത്തിയിരുന്നു. ഖസ്റെ ഖിലാഫത്തിന്റെ ഒരു ഭാഗം തോരണങ്ങൾ കൊണ്ട് അലങ്കരിച്ചിരുന്നു.

ഹുദൂർ അനുകമ്പാ പൂർവം കൈയുയർത്തി എല്ലാവരോടുമായി അസ്സലാമു അലയ്ക്കും പറഞ്ഞു. തുടർന്ന് താമസ സ്ഥലത്തേക്ക് പ്രവേശിച്ചു. ഹുദൂറിനോടൊപ്പം ഈ യാത്രയ്ക്ക് പോകാൻ സൗഭാഗ്യം ലഭിച്ച വ്യക്തികളുടെ പേര് റെക്കോർഡിനായി ചുവടെ ചേർക്കുന്നു.

ഹദ്റത്ത് സയ്യിദ അമത്തുസ്സുബൂഹ് സാഹിബ മദ്ദ ളില്ലഹാ (ഹദ്റത്ത് ഖലീഫത്തുൽ മസീഹിന്റെ സഹധർമ്മിണി), മൻസ്വൂർ അഹ്മദ് ഡാഹ്റി സാഹിബ്, മുനീർ അഹ്മദ് ജാവേദ് സാഹിബ്.(പ്രൈവറ്റ് സെക്രട്ടറി), ആബിദ് വഹീദ് ഖാൻ സാഹിബ് (ഇൻചാർജ് പ്രസ് ആന്റ് മീഡിയ ഓഫീസ് ലണ്ടൻ), സയ്യിദ് മുഹമ്മദ് അഹ്മദ് നാസ്വിർ സാഹിബ്(പ്രത്യേക ഡെപ്യൂട്ടി ഓഫീസർ സെക്യൂരിറ്റി, ലണ്ടൺ), നാസ്വിർ അഹ്മദ് സയീദ് സാഹിബ്(സെക്യൂരിറ്റി വിഭാഗം), സഖാവത്ത് അലി ബാജ്‌വ സാഹിബ്((സെക്യൂരിറ്റി വിഭാഗം), നസ്വീറുദ്ദീൻ ഹുമയൂൺ സാഹിബ്(സെക്യൂരിറ്റി വിഭാഗം),ഖ്വാജ അബ്ദുൽ ഖുദ്ദൂസ് സാഹിബ്(സെക്യൂരിറ്റി വിഭാഗം), മഹ്മൂദ് അഹ്മദ് ഖാൻ സാഹിബ്(സെക്യൂരിറ്റി വിഭാഗം), ളഫ്ർ അഹ്മദ് സാഹിബ്(സെക്യൂരിറ്റി വിഭാഗം), അബ്ദുൽ മാജിദ് ത്വാഹിർ സാഹിബ് അഡീഷണൽ വക്കീലുതബ്ശീർ ലണ്ടൺ.

കൂടാതെ നദീം അഹ്മദ് സാഹിബ്, നാസ്വിർ അഹ്മദ് അമീനി സാഹിബ്, ആദരണീയ ജദ്റാൻ സാഹിബ്, അസ്ദ് അഹ്മദ് സാഹിബ് എന്നിവർക്ക് ഹുസൂറിന്റെ യാത്രാ സംഘത്തിന്റെ വാഹനങ്ങൾ ഡ്രൈവ് ചെയ്യാനും സാധിച്ചു.

എം.ടി.എ ഇൻറർ നാഷണലിന്റെ ചുവടെ ചേർക്കുന്ന വ്യക്തികൾക്ക് ഈ പര്യടന വേളയിൽ ഹുദൂർ നലകിയ ജുമുഅ ഖുത്വ്ബകൾ, വിവിധ സംഘങ്ങളുമായുള്ള ഹുദൂറിന്റെ മീറ്റിംഗുകൾ, ഇൻറർവ്യൂകൾ, ഇതര പരിപാടികൾ എന്നിവ വീഡിയോ റെക്കോർഡിംഗ് ചെയ്യാനും ജൽസാ പരിപാടികൾ തൽസമയ സംപ്രേഷണം ചെയ്യാനും സാധിച്ചു. മുനീർ അഹ്മദ് ഔദ സാഹിബ്, സഫീറുദ്ദീൻ ഖമർ സാഹിബ്, അദ്നാൻ സാഹിദ് സാഹിബ്, സയ്യിദ് വസീം സാഹിബ്, സക്കിയുല്ലാഹ് സാഹിബ്, അബ്ദുൽ ഹലീം സാഹിബ് മുറബ്ബി സിൽസില.

എം.ടി.എ ടീമിനെ കൂടാതെ വീഡിയോ ലൈബ്രറി വിഭാഗത്തിൽനിന്ന് ഗദീർ അഹ്മദ് സാഹിബും ഈ സന്ദർശന വേളയിൽ ഹുദൂറിനോടൊപ്പം സേവനം ചെയ്യാൻ ഭാഗ്യം ലഭിച്ചു. ജർമനിയിൽനിന്നു ഡോക്ടർ അത്ഹർ സുബയ്ർ സാഹിബ് ഈ യാത്രാ വേളയിൽ ഡോക്ടർ എന്ന നിലയിൽ സേവനം അനുഷ്ഠിച്ചു. ഇവരെക്കൂടാതെ ജർമനിയിൽനിന്നു അബ്ദുല്ലാഹ് സുപ്രാ സാഹിബിനും ഈ യാത്രയിൽ ഹുദൂറിനൊപ്പം യാത്ര ചെയ്യാൻ സൗഭാഗ്യം ലഭിച്ചു. അല്ലാഹു ഈ എല്ലാ സഹോദരന്മാർക്കും ലഭിച്ച സൗഭാഗ്യം അനുഗ്രഹീതമാക്കട്ടെ. ആമീൻ.(ബദ്ർ വീക്കിലി, 17-24 ഒക്ടോബർ 2019)

❖❖❖



# ഹദ്റത്ത് അമീറുൽ മുഅ്മിനീന്റെ ജർമൻ പര്യടനം 2019-(ജൂലായ്)

വിവർത്തനം: അമീൻ മുഹമ്മദ് മാത്ര

**2019 ജൂലായ് 08 തിങ്കളാഴ്ച**

**(6 –ാം വാള്യം 19–ാം ലക്കം പേജ് 12 മൂന്നാം കോളത്തിൽ നിന്ന് തുടർച്ച.......)**

സംഘാംഗമായ ഗാലിയ (Galia) സാഹിബ പറയുന്നു: 'ജൽസ സാലാന ജർമനിയിൽ മൂന്ന് ദിവസവും പങ്കെടുക്കാൻ എനിക്ക് സാധിച്ചു.ജൽസയിലെ ആതിഥേയത്വവും സംവിധാനങ്ങളും സീമാതീതമായ നിലയിൽ എന്നെ ആകർഷിച്ചു. ജൽസാ വേളയിൽ കാണാൻ കഴിഞ്ഞ സൽസ്വഭാവികളും സത്വിചാരം വെച്ചുപുലർത്തുന്നവരും എന്നിൽ വളരെ സ്വാധീനം സൃഷ്ടിച്ചു. കൂടാതെ കവിതകളും അതിന്റെ ബൾഗേറിയൻ വിവർത്തനവും എനിക്ക് ഏറെ ഇഷ്ടമായി.

ഒരു ക്രിസ്തീയ വനിത യൂലിയ സ്ലറ്റാനോവ സാഹിബ (Yulia Zlatanova) പറയുന്നു: ആയിരക്കണക്കിന് അഹ്മദിയ്യാ ജമാഅത്ത് പ്രവർത്തകരോടൊപ്പം എനിക്കും ജൽസയിൽ പങ്കെടുക്കാൻ സാധിച്ചതിനെ കുറിച്ചാലോചിച്ച് ഞാൻ വളരെ വികാരാധീനയാണ്. തീർച്ചയായും ഞാൻ ക്രിസ്ത്യനാ ണെന്നതിൽ സംശയമില്ല. എന്നാൽ, എനിക്ക് ഹുദൂറിന്റെ പ്രഭാഷണങ്ങൾ വളരെ ഇഷ്ടമായി. ഹുദൂറിന്റെ പ്രാർഥനകൾ ഹൃദയത്തെ വശീകരിച്ചെടുക്കുന്നതായിരുന്നു. വിശുദ്ധ ഖുർആൻ പാരായണവും വളരെ ഹൃദ്യമായി; കൂടാതെ അതിന്റെ വിവർത്തനവും. വളരെ ശ്ലാഘിനീയമായ കാര്യം വിദ്യാർഥികൾക്ക് ഉപഹാരങ്ങളും മെഡലും നൽകാൻ ഖലീഫത്തുൽ മസീഹ് സ്വയം എഴുന്നേറ്റു നിന്നു എന്നതാണ്. എല്ലാ മതങ്ങളിലും ലോകത്തും സമാധാനം പുലരുവാൻ ഹുദൂറിന്റെ എല്ലാ പ്രാർഥനകളും സ്വീകരിക്കപ്പെടുമാറാകട്ടെ എന്നതാണ് എന്റെ ആഗ്രഹം.

ഒരു ബൾഗേറിയൻ വനിത ക്രാസ്മിറ മണികാട്ടോവ സാഹിബ(Krasrmira Manikatova) പറയുന്നു: മൂന്നാമത്തെ പ്രാവശ്യമാണ് എനിക്ക് ജൽസയിൽ പങ്കെടുക്കാൻ അവസരം ലഭിക്കുന്നത്. ഓരോ വർഷവും എനിക്ക് പുതിയ പുതിയ കാര്യങ്ങൾ പഠിക്കാൻ കിട്ടുന്നു. പ്രഭാഷണങ്ങൾ വളരെ ശ്രദ്ധയോടെ ഞാൻ ശ്രവിച്ചു. കാരണം, ഞാനൊരു ഫിസിയോ തെറാപ്പിസ്റ്റും സൈക്കോളജിസ്റ്റുമാണ്. ഇതിൽ പറയപ്പെടുന്ന അഹ്മദിയ്യാ ജമാഅത്തിന്റെ അധ്യാപനങ്ങൾ മുഖേന തന്റെ ഓരോ രോഗിയുടേയും പ്രശ്നങ്ങൾ ഉത്തമമായ നിലയിൽ പരിഹരിക്കാൻ സാധിക്കുന്നതാണ്. കൂടാതെ ഇതിൽനിന്ന് എനിക്കു പ്രയോജനകരമായ ധാരാളം കാര്യങ്ങൾ സ്വരുക്കൂട്ടി ഞാൻ ഒപ്പം കൊണ്ടു പോകുകയാണ്. ഇത് എന്റെ വ്യക്തി ജീവിതത്തിലും ജോലി സംബന്ധമായ ജീവിതത്തിലും വളരെ സഹായിയാണ്. എന്നത്തേതും പോലെ ഈ ജൽസയിലും ഒരുവിധ കുറവും കാണാൻ കഴിഞ്ഞിട്ടില്ല.

മറ്റൊരു ക്രിസ്തീയ വനിത ഇവാൻക മാരിനോവ സാഹിബ(Ivanka Marinova) പറയുന്നു: ആദ്യമായാണ് എനിക്ക് ജർമൻ ജൽസയിൽ പങ്കെടുക്കാൻ അവ സരം ലഭിച്ചത്. ഇവിടുത്തെ കാര്യങ്ങൾ കണ്ടപ്പോൾ യഥാർഥത്തിൽ ഞാൻ വളരെ അത്ഭുതപ്പെട്ടു പോയി; സവിശേഷമായ നിലയിൽ ഗ്ലാസുകളിൽ കുട്ടികൾ നമുക്ക് വെള്ളം തരുന്നത്. ഭക്ഷണം വളരെ മെച്ചപ്പെട്ടതും രുചി കരവും പുതിയതും ചൂടോടെയുള്ളതുമായിരുന്നു. ബസ്സിലൂടെയുള്ള യാത്രയും ഹോട്ടൽ താമസവും ഒരുവിധ പ്രശ്നവും ഉണ്ടാക്കിയില്ല. തീർച്ചയായും ഞാൻ ക്രിസ്ത്യനിയാണ്. എന്നാൽ, അഹ്മദിയ്യാ ജമാഅത്ത് എന്നിൽ വളരെ സ്വാധീനം ചെലുത്തുകയുണ്ടായി.

ഉഥ്മാൻ മഹ്മോദോവ് സാഹിബ് (Usman Mehmodov) പറയുന്നു: ജൽസയുടെ സംവിധാനങ്ങൾ എന്നെ വളരെ സ്വാധീനിച്ചു. നിങ്ങളുടെ സ്വീകരണത്തിലും എല്ലാ സംവിധാനങ്ങളിലും ഞാൻ വളരെ സന്തോഷവാനാണ്. മതത്തിന്റെ സൗന്ദര്യം വെളിവാ കുന്ന ഹുദൂറിന്റെ പ്രഭാഷണങ്ങൾ വളരെയധികം സ്വാധീനം ഉളവാക്കുന്നതായിരുന്നു. നിരാലംബർക്ക് അദ്ദേഹം നല്കുന്ന സഹായം വിസ്മയിപ്പിക്കുന്നതാണ്.

ഇതിനുപുറമെ സ്റ്റേറ്റ് സെക്രട്ടറിയുടെ പ്രസംഗവും വളരെ നല്ലതായി. ഇതു പോലുള്ള വിചാരങ്ങൾ പുലർത്തുന്ന കൂടുതൽ ജനങ്ങളുണ്ടായി വരാൻ അല്ലാഹു തുണക്കുമാറാകട്ടെ. തദ്വാര കൂടുതൽക്കൂടുതൽ മസ്ജിദുകൾ നിർമിതമാകുന്നത് സാധ്യമാകുമാറാകട്ടെ.

ഒരു വനിത ഡയാന ഡെൻകോവ സാഹിബ (Diana Denkova) പറയുന്നു: ആദ്യമായി ജൽസയിൽ പങ്കെടുക്കാൻ എനിക്ക് അവസരം ലഭിച്ചു. എല്ലാ സംവിധാനങ്ങളും എനിക്ക് വളരെ നല്ലതായി തോന്നി. ജൽസാ ഗാഹിലെത്തിയപ്പോൾ ആയിരക്കണക്കിന് പേർ ഒത്തു ചേർന്ന ബൃഹത്തായ സംവിധാനങ്ങളും സുരക്ഷയെ മുൻവെച്ചുള്ള ഏർപ്പാടുകളും എന്നെ ഏറെ വിസ്മയിപ്പിച്ചു.

കൂടാതെ ഹുദൂറിന്റെ പ്രഭാഷണങ്ങൾ എനിക്ക് നന്നേ ഇഷ്ടമായി. ഹുദൂർ തന്നെ നേരിട്ട് വിദ്യാർഥികൾക്ക് അവാർഡുകളും മെഡലുകളും വിതരണം ചെയ്തതും എന്നിൽ വളരെ സ്വാധീനം ചെലുത്തി. കവിതകളും എനിക്ക് വളരെ ഇഷ്ടപ്പെട്ടു. അദ്ദേഹത്തിന്റെ പ്രാർഥനകളെ കുറിച്ച് എല്ലാവരും ചിന്തിക്കേണ്ടതുണ്ടെന്നാണ് ഞാൻ വിചാരിക്കുന്നത്. ലോകത്ത് സമാധാനം സ്ഥായിയായി നിലനിൽക്കാൻ അതനുസരിച്ച് പ്രവർത്തിക്കേണ്ടതുമുണ്ട്.

ഒരു ബൾഗേറിയൻ വനിത റൂജ മെറ്റോഡീവ സാഹിബ(Ruja Metodieva) പറയുന്നു: ജൽസയുടെ എല്ലാ ഏർപ്പാടുകളും വളരെ സ്വാധീനമുളവാക്കുന്നതായിരുന്നു. സവിശേഷമായ നിലയിൽ യൂറോ പ്പിൽ നിന്നുള്ള, പുതിയ രാജ്യങ്ങളിൽ നിന്നുമുള്ള വനിതകളും ഇതിൽ പങ്കെടുത്തിരിക്കുന്നുവെന്ന് ഇവിടെ സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുന്നു.

ഒഗ്നിയാൻ മണികാട്ടോവ് സാഹിബ്(Ognyan Manikatov) പറയുന്നു: ആതിഥേയരുടെ ഭാഗത്തു നിന്നുമുണ്ടായ ആതിഥേയത്വ സംവിധാനങ്ങൾ വളരെ സുന്ദരമായിരുന്നു. ജൽസാ ഗാഹിന്റെ ഹാളിൽ ചെയ്തിരുന്ന സംവിധാനങ്ങളിലും ഒരുവിധ ന്യൂനതയും ഉണ്ടായിരുന്നില്ല. മൂന്ന് ദിവസത്തെ മീറ്റിംഗുകളും തികച്ചും നല്ലതായിരുന്നു. പ്രഭാഷണങ്ങൾ വളരെയധികം പാഠങ്ങൾ ഉൾക്കൊള്ളുന്നതായിരുന്നു. മികച്ച നിലയിൽ തയ്യാറാക്കപ്പെട്ടതായിരുന്നു. ഹുദൂറിന്റെ പ്രഭാഷണങ്ങൾ വളരെയധികം സ്വാധീനം ഉളവാക്കുന്നതായിരുന്നു. നബി(സ)തിരുമേനിയുടെ ചരിത്രത്തിന്റെ ഹൃദയസ്പൃക്കായ സംഭവങ്ങളും ഉദാഹരണങ്ങളും ഇത് ഉൾക്കൊള്ളുന്നു. നിങ്ങൾ നല്കിയ ആവേശജനകമായ സ്വീകരണവും ഉന്നത സ്വഭാവഗുണവും എന്നെ വളരെ സന്തോഷവാനാക്കി.

സ്വെറ്റ്ലെന പാവ് ലോവ സാഹിബ(Svetlena Pavlova) പറയുന്നു:ഈ ജൽസയിൽ പങ്കെടുത്തുകൊ ണ്ട് ഒരു ആത്മീയ യാത്രയിൽ പങ്കാളിയാണെന്ന തോന്നൽ എനിക്കുണ്ടായി. ഇത് എന്റെ വൈകാരികതക്ക് ജീവൻ നല്കുന്നതായിരുന്നു. അല്ലാഹുവിന്റെ സത്ത ഏറ്റവും അടുത്താണെന്ന പ്രതീതി ഖലീഫത്തുൽ മസീഹിന്റെ പ്രഭാഷണങ്ങൾ കേൾക്കുമ്പോൾ തോന്നി. ജൽസയിൽ പങ്കെടുത്ത എല്ലാവരോടും സ്നേഹാദരവോടെയുള്ള പെരുമാറ്റമാണ് പ്രവർത്തകരിൽനിന്നുണ്ടായത്.

ഒരു അതിഥി മിസ് ബിസേർക്ക പെട്രോവ ഗ്രാമാറ്റികോവ സാഹിബ(Miss Biserka Petrova Gramatikova) പറയുന്നു:എന്റെ പിതാവിനോടൊപ്പം ഈ ജൽസയിൽ പങ്കെടുക്കാൻ ഞാൻ തീരുമാനിച്ചപ്പോൾ ഒരു പുതിയ രൂപത്തിലുള്ള അനുഭവമായിരിക്കുമെന്നാണ് എനിക്ക് തോന്നിയത്. എന്നാൽ, ഇതിൽ പങ്കെടുത്തപ്പോൾ ഇത് വളരെ സുന്ദരവും സൽഗുണങ്ങൾ നിറഞ്ഞ ഒരു പറ്റം ആളുകളുൾട്ടേതുമാണെന്ന തോന്നൽ എനിക്കുണ്ടായി. ഇതിലെ ഓരോ വ്യക്തിയും സ്നേഹാനുകമ്പയുടെ ഉത്തമമായ ഉദാഹരണങ്ങളാണ്. മുസ്‌ലിമീങ്ങളിലെ വളരെ ചെറിയൊരു ന്യൂനപക്ഷമാണ് തീവ്രവാദം നടത്തുന്നതെന്ന് ഹദൂറിന്റെ വാക്കുകളിൽനിന്ന് വ്യക്തമായി. ഇക്കാരണംകൊണ്ട് മീഡിയ എല്ലാ മുസ്‌ലിമീങ്ങളേയും അപമാനിക്കുന്നതിൽ സമയം ചെലവഴിക്കുന്നു. ഈ ജൽസയിലെ പങ്കാളിത്തം എനിക്ക് ലഭിച്ച വളരെ നല്ലൊരു അനുഭവമാണ്.

ബൾഗേറിയായിലെ രാജ കുടുംബാംഗവും എഴുത്തുകാരനും യൂറോപ്യൻ യൂണിയൻ ഓഫ് ജേർണലിസ്റ്റ് അംഗവുമായ മിസ്റ്റർ പീറ്റർ ഗ്രാമറ്റിക്കോവ്(Mr.Peter Gramatikov) പറയുന്നു: ഹുദൂർ അൻവറിന്റെ പ്രഭാഷണങ്ങൾ മനുഷ്യാത്മാവിന് ജീവൻ നല്കുന്നു. ജൽസകളിൽ പങ്കെടുത്തതുകൊണ്ട് എനിക്ക് വളരെയധികം സന്തോഷമുണ്ട്.

ബൾഗേറിയൻ സംഘവുമായുള്ള ഈ കൂടിക്കാഴ്ച 07.05 വരെ നീണ്ടു നിന്നു. തുടർന്ന് ഹുദൂറുമൊത്ത് ഫോട്ടോ എടുക്കാനും ഹുദൂറിന്റെ ഹസ്തദാനം സ്വീകരിക്കാനും അവർക്ക് ഭാഗ്യമുണ്ടായി.

**കോസോവോ(Kosovo) സംഘത്തിന്റെ കൂടിക്കാഴ്ച**

7.07 മണിക്ക് ആരംഭിച്ച കോസോവോ സംഘത്തിന്റെ കൂടിക്കാഴ്ചയിൽ 45 ആളുകൾ പങ്കെടുത്തു. ഇവരിൽ 30 അഹ്മദികളും 15 അനഹ്മദി സഹോദരങ്ങളുമാണ്.

## കലാമുൽ ഇമാം

**'നബി(സ)തിരുമേനിയോടുള്ള സ്നേഹം വർധിക്കുന്നതിനും നവീകരിക്കുന്നതിനും എല്ലാ നമസ്കാരത്തിലും സ്വലാത്ത് ചൊല്ലുക എന്നത് നിർബന്ധമാണ്. ആ ദുആ സ്വീകാരത്തിന് സൈഥര്യത്തിന്റെ ഒരു മാർഗം കരസ്ഥമാകാൻ!'**

**(മൽഫൂദാത്ത് വാല്യം 3, പേജ് 38)**

ത്വാലിബെ ദുആ:
Rahman Shakeer & Family
Ahmadiyya Jama-ath Karulai, Kerala

## അമീറുൽമുഅ്മിനീന്റെ ഉപദേശം

**'തങ്ങളുടെ മനസ്സിൽനിന്ന് എല്ലാത്തരം ശരീരേച്ഛകളേയും മാറ്റാൻ ദൈവമാർഗത്തിൽ ജീവിതം അർപിച്ചിട്ടുളളവർ ശ്രമിക്കേണ്ടതായി വരും. ഇതാണ് വഖ്ഫിന്റെ യാഥാർഥ്യം.'**

**(ബ്രിട്ടൺ, കനഡ, ജർമനി ജാമിആകളിലെ കുട്ടികൾക്ക് സനദ്ദാന പരിപാടിയിലെ പ്രസംഗം 2019)**

ത്വാലിബെ ദുആ:
P.P.Raheem & Family
Ahmadiyya Jama-ath Payangadi, Kerala

ഒരു സ്നേഹിതൻ പറയുന്നു:ഹുദൂർ അൻവറിന്റെ പ്രഭാഷണങ്ങൾ നമ്മുടെമേൽ അഗാധമായ സ്വാധീനമുണ്ടാക്കി. നമുക്ക് ഹുദൂർ അൻവറിന്റെ ദുആകളുടെ ആവശ്യമുണ്ട്. ഹുദൂർ അൻവർ നല്കിയ ഉപദേശങ്ങളനുസരിച്ച് നമുക്ക് പ്രവർത്തിക്കാൻ സാധിക്കണം.

മിസ്റ്റർ ശായിപ്പ് സെക്വിരാജി സാഹിബ് (Mr.Shaip Zeqiraji)രണ്ടാം തവണയാണ് ജർമൻ ജൽസയിൽ പങ്കെടുക്കുന്നത്. അദ്ദേഹം പറയുന്നു:എനിക്ക് ജൽസ സാലാനയെ കുറിച്ചുള്ള അറിയിപ്പ് കിട്ടിയപ്പോൾ വളരെ സന്തോഷമുണ്ടായി. എന്നാൽ യാത്രാചെലവ് മുമ്പിൽ വന്നപ്പോൾ അങ്കലാപ്പിലായി. പക്ഷേ, കാലത്തിന്റെ ഖലീഫയെ കാണാനും ജൽസയിൽ പങ്കെടുക്കാനുമുള്ള അതിയായ മോഹം എന്റെ പശുവിനെ വില്ക്കുവാനും യാത്ര ചെയ്യുവാനും എന്നെ നിർബന്ധിതനാക്കി.

എനിക്ക് അല്ലാഹുവിന് ശേഷം ഏറ്റവുമധികം സ്നേഹം ഹുദൂർ അൻവറിനോടാണ്. കഴിഞ്ഞ വർഷം ഹുദൂറിനെ കണ്ടപ്പോൾ ഒരു പ്രകാശം പുറപ്പെടുന്നതായി തോന്നി. അതേ പ്രകാശം ഈ വർഷവും അനുഭവപ്പെടുന്നു. ഇതെന്താണ് സംഭവിക്കുന്നതെന്ന് എനിക്ക് അറിയില്ലായിരുന്നു.

**ഹുദൂർഅൻവർ**: അല്ലാഹു നിങ്ങളുടെ വിശ്വാസത്തിലും ആത്മാർഥതയിലും വർധന നില്കിക്കൊണ്ടിരിക്കുമാറാകട്ടെ.

അൽബേനിയൻ ഭാഷയുടേയും സാഹിത്യത്തിന്റേയും അധ്യാപകനും ഈ വർഷം ബയ്അത്ത് ചെയ്യാൻ സൗഭാഗ്യം ലഭിക്കുകയും ചെയ്ത മിസ്റ്റർ സെക്കന്ദർ അസല്ലാനി(Mr.SkenderAsllani) പറയുന്നു: സംവിധാനങ്ങൾ ഉന്നതനിലവാരം പുലർത്തുന്നതായിരുന്നു. ഹുദൂറിന്റെ പ്രഭാഷണങ്ങൾ സ്വാധീന നർഭരമായിരുന്നു. വിവരണാതീതമായ നിലയിൽ യാത്രാക്ഷീണം അനുഭവപ്പെട്ടിരുന്നെങ്കിലും ഹുദൂറിനെ കാണുകയും ആദ്യമായി പിന്നിൽ നമസ്കരിക്കുകയും ചെയ്തതോടെ എല്ലാ ക്ഷീണവും അപ്പാടെ നീങ്ങിപ്പോയി. ഒരു നീണ്ട ഉറക്കത്തിനു ശേഷം ഉണരുന്നതുപോലെയായിരുന്നു തോന്നിയത്.

ബയ്അത്ത് ചെയ്യുക എന്നത് ഒരു ഉപഹാരമാണ്. ഇതിനെ നാം വിലമതിക്കണം. കാരണം, ഈ അന്തരീക്ഷത്തിൽ ഒരു കൈയിൽ ഒന്നിക്കുക എന്നത് വിജയത്തിന്റെ താക്കോലാണ്.

കോസോവോയിലെ ഏക അന്ധവിദ്യാലയത്തിലെ അധ്യാപകനായ മിസ്റ്റർ ഗനി ഗാഷി സാഹിബ് (Mr.Gani Gashi)ആദ്യമായാണ് ജൽസയിൽ പങ്കെടുക്കുന്നത്. ഹ്യുമാനിറ്റി ഫസ്റ്റിനു കീഴിൽ ഈ സ്കൂളിൽ ഒരു പരിപാടി സംഘടിപ്പിച്ചിരുന്നു. ഇവിടെ അഹ്മദിയ്യാ ജമാഅത്തിനെ പരിചയപ്പെടുത്തിയിരുന്നു. അദ്ദേഹം പറയുന്നു: ജനങ്ങളിൽനിന്ന് ജൽസയെ സംബന്ധിച്ച് ഞാൻ കേട്ടത് ഇതിലെ എല്ലാ സംവിധാനങ്ങളും സവിശേഷമായൊരു ശക്തിയാണ് ചലിപ്പിച്ചു കൊണ്ടിരുന്നതെന്നാണ്. നേരേ മറിച്ചാണെങ്കിൽ മനുഷ്യന്റെ കഴിവിനപ്പുറത്തായിരുന്നു. എനിക്ക് സ്വയം ഇത് കണ്ടെത്തുവാൻ സാധ്യമാകുമായിരുന്നില്ല. അതുകൊണ്ട് ജൽസയിൽ പങ്കെടുക്കണമെന്ന് ആലോചിച്ചു. സത്യമായ കാര്യത്തെ തിരിച്ചറിയുന്ന ഉപകരണമാണ് ചെവി. ഹുദൂർ അൻവറിന്റെ പ്രഭാഷണങ്ങൾ കേട്ടതിന്നു ശേഷം പ്രിയങ്കരനായ ഹുദൂറിന് കേവലം അഹ്മദികളോട് മാത്രമല്ല സ്നേഹമെന്നും മറിച്ച് സർവ ലോക ജനതയോടുമുണ്ടെന്നും ലോകത്തെ സംരക്ഷിക്കാനും നേർമാർഗത്തിലേക്ക് നയിക്കാനും ഈ ഒരേയൊരു ശബ്ദവും ജമാഅത്തുമേയുള്ളൂവെന്നും മനസ്സിലായി.

❖ കഴിഞ്ഞ വർഷവും ജൽസയിൽ പങ്കെടുത്ത ഒരു കോസോവോ സ്നേഹിതൻ മിസ്റ്റർ കുശ്ട്രിം അൽഹാദരാജ്(Mr. Kushtrim Alhadaraj)സാഹിബിന്ന് നാല് വയസ്സുള്ള നടക്കാൻ സാധിക്കാത്ത ഒരു മകനുണ്ട്. ആരോ അദ്ദേഹത്തോട് ഇതു വിഷയകമായി പ്രാർത്ഥിക്കാൻ ഹസൂറിന്ന് കത്തെഴുതാൻ അപേക്ഷിച്ചു. പ്രാർത്ഥനാ കത്തെഴുതി രണ്ടു ദിവസമേ കഴിഞ്ഞിരുന്നുള്ളൂ, പ്രസ്തുത കുട്ടി തന്റെ പാദങ്ങളിന് മേല് നടക്കാന് തുടങ്ങിയിരുന്നു.അല്ഹംദു ലില്ലാഹ്. ഇപ്പോൾ ആ കുട്ടി നടക്കുക മാത്രമല്ല ചെയ്യുന്നത്, പ്രത്യുത, ഓടാറുമുണ്ട്. ഖലീഫത്തുല് മസീഹ് തന്നെയാണ് തന്റെ ജനങ്ങളെ സത്യസന്ധമായി സ്നേഹിക്കുന്നത്.അവരുടെ വേദന സ്വന്തം വേദനയായി മനസ്സിലാക്കുന്നത്.

❖ ഒരു സ്നേഹിതൻ: കോസോവോയിൽ 95 ശതമാനം പേരും മുസ്‌ലിമീങ്ങളാണ്. മുസ്‌ലിമീങ്ങളുടെ ഭൂരിപക്ഷവും മൗലവിമാരുമായി ബന്ധപ്പെട്ടല്ല ഉള്ളത്. മറിച്ച് പിന്മാറി നില്ക്കുകയാണ്. അവിടെ സന്ദേശ പ്രചാരണം നടത്തുന്നതിന്നുള്ള ഏറ്റവും നല്ല രീതി ഏതാണ്?

**ഹുദൂർ അൻവർ**:പ്രഥമമായി അവരെ അല്ലാഹുവിന്റെ അസ്തിത്വത്തെ കുറിച്ച് പഞ്ഞ് ബോധ്യപ്പെടുത്തുക. അല്ലാഹു ഉണ്ടെന്നും അവൻ തന്റെ ദാസരിൽനിന്ന് എന്താണ് ആഗ്രഹിക്കുന്നതെ ന്നതിനെ കുറിച്ചും പത്രങ്ങളിൽ ലേഖനങ്ങൾ എഴുതുക. അതുകൊണ്ട് പ്രാഥമികമായി ദൈവാസ്തിക്യത്തിലേക്ക് ജനങ്ങളെ കൊണ്ടുവരിക. ദൈവത്തിന്റെ കടമകളും തുടർന്ന് അവന്റെ സ്വഷ്ടികളോടുള്ള കടമകളും നമുക്കെങ്ങനെ നിർവഹിക്കാന് കഴിയുമെന്നതിലേക്കും അവരെ കൊണ്ടുവരിക. സമാധാനത്തെ കുറിച്ചുള്ള നോട്ടീസുകൾ വിതരണം ചെയ്യുക. ജനങ്ങൾക്ക് മതത്തിലേക്ക് ശ്രദ്ധ തിരിയുന്ന ലേഖനങ്ങളെഴുതുക. ജനങ്ങൾക്ക് ഭൗതികതയോടുള്ള ആസക്തി ഇന്ന് കൂടുതൽ വർധിച്ചിരിക്കുന്നു.

**ഹുദൂർ പറഞ്ഞു**: ശ്രദ്ധയുണ്ടാകുക എന്നതാണ് അടിസ്ഥാനം. അപ്പോൾ തബ്ലീഗിന്നു വേണ്ടിയുള്ള അടുത്ത കാൽവെയ്പ് ആരംഭിക്കും. സമാധാനത്തിനുവേണ്ടിയുള്ള അന്വേഷണത്തിലാണ് ഈ രാജ്യങ്ങളിലെ മുസ്‌ലിമീങ്ങളിൽ ഭൂരിഭാഗവും. അതിനാൽ, ഏതു വിധേനയും ഇവർക്ക് നമ്മൾ സന്ദേശം എത്തിക്കേണ്ടതുണ്ട്. ഹുദൂർ പറഞ്ഞു: ഈ മുസ്‌ലിം രാജ്യങ്ങളിൽ തബ്ലീഗ് ചെയ്യൽ ഒരു വലിയ വെല്ലുവിളിയാണ്.

❖ കൊസോവോയിലെ ഒരു ഹൈസ്കൂൾ പ്രിൻസിപ്പാളും ആദ്യമായി ഈ ജൽസയില് പങ്കെടുത്ത വ്യക്തിയുമായ മിസ്റ്റർ ലബിനോട്ട് റെക്സ്ഹാഡ്(Mr. LabinotRexhad) പറയുന്നു: ജൽസ സാലാന ഒരു സവിശേഷമായ ആത്മീയാവേശം എന്നിൽ സ്വഷ്ടിച്ചിരിക്കുന്നു. ഹുദൂർ അൻവർ ഹാളിലേക്ക് കടന്നുവരമ്പോൾ മുദ്രാവാക്യങ്ങൾ ഉയർന്നതും ഇരിക്കാൻ എല്ലാവരോടുമായി ഹുദൂർ പറയുന്നതും പൊടുന്നനേ ഇത്രയും വലിയ ജനക്കൂട്ടത്തിന്റെ ഇരുത്തവും ലോകത്ത് മറ്റെവിടേയും കാണാൻ സാധ്യമല്ല. ഹുദൂർ അൻവറിന്റെ പ്രഭാഷണങ്ങൾ നാനാതരം അറിവുകൾകൊണ്ട് സജ്ജമായിരുന്നു. ഈ ജൽസ മൂന്നല്ല മുപ്പതുദിവസം ഉണ്ടാകേണ്ടതാണെന്നാണ് എന്റെ അഭിപ്രായം. സംവിധാനങ്ങളിൽ ഒരു കുറവും എവിടേയും കാണപ്പെട്ടിരുന്നില്ല. അടുത്ത ജൽസയിൽ പങ്കെടുക്കാൻ ഞാൻ അക്ഷമനാണ്. ബയ്അത്ത് ചെയ്യാനുള്ള തീരുമാനം എനിക്കില്ലായിരുന്നു. എന്നാൽ, ബയ്അത്തിന്റെ ചടങ്ങ് എന്നിൽ തന്നത്താൻ ഒരു സ്വാധീനം ഇടുകയും എന്റെ കൈയുയർത്തുകയും ബയ്അത്തിന്റെ വാക്കുകളേറ്റു ചെല്ലുകയുമായിരുന്നു.

❖ മിസ്റ്റർ അഫ്രിം ഹോക്സ സാഹിബ് (Mr.Afrim Hoxha)ആദ്യമായി തന്റെ 5 പേരടങ്ങുന്ന കുടുംബത്തോടെ എത്തുകയും ബയ്അത്ത് ചെയ്യാനുള്ള സൗഭാഗ്യം കരസ്ഥമാക്കുകയും ചെയ്തു. അദ്ദേഹം പറയുന്നു: ആദ്യം എനിക്ക് ബയ്അത്ത് എങ്ങനെയായിരിക്കുമെന്നോർത്ത് ഒരു ഭയം നിലനിന്നിരുന്നു. പരിഭ്രമത്താൽ ശരീരം വിറക്കുന്നുണ്ടായിരുന്നു. എന്നാൽ, പ്രിയങ്കരനായ ഹുദൂറിനെ കാണുകയും ബയ്അത്ത് ചെയ്യുകയും ചെയ്തതിനും പിന്നാലെ പ്രകൃതിയിൽ സമാധാനം അനുഭവപ്പെട്ടു. വിറയൽ സ്വയം നീങ്ങിപ്പോകുകയും ചെയ്തു.

❖ മിസ്റ്റർ മിനാറ്റർ നാല്ക്കോവ് സാഹിബ്(Mr.Mina-torNalokw) പറയുന്നു: എന്റെ വികാരങ്ങളും തോന്നലുകളും വാക്കുകളിൽ വിശദീകരിക്കാൻ ഞാൻ അശക്തനാണ്. ജീവിതം പൂർണത പ്രാപിച്ചുവെന്നും വിജയപ്രാപ്തി കൈവരിച്ചതുപോലെയും ഹുദൂറിനെ കണ്ടതിന്നുശേഷം അനുഭവപ്പെട്ടു. ലോകരെ കുറിച്ച് ചിന്തിക്കുന്ന, എല്ലാ പ്രശ്നങ്ങളും പരിഹരിച്ചു തരാൻ കഴിയുന്ന ഒരു വ്യക്തിത്വം ഉണ്ടാകണമെന്നും അദ്ദേഹവുമായി കണ്ട് എന്റെ ജീവിതിലെ എല്ലാ പ്രശ്നങ്ങളും ബുദ്ധിമുട്ടുകളും പരിഹരിക്കണമെന്നുമുള്ള ആഗ്രഹം ജീവിതത്തിലുണ്ടായിരുന്നു. ഈ ജൽസയിൽ എനിക്ക് പങ്കെടുക്കാൻ കഴിഞ്ഞത് ദൈവിക നിയന്ത്രണങ്ങളുടെ ഭാഗമായിട്ടായിരുന്നു. ഞാൻ ദൈവത്തോട് അടുത്തായിരിക്കുന്നുവെന്നാണ് ബയ്അത്തിനുശേഷം എനിക്ക് തോന്നിയത്.

കോസോവോ സംഘവുമായുള്ള ഈ കൂടിക്കാഴ്ച 07.12 വരെ നീണ്ടു നിന്നു. ഒടുവിൽ എല്ലാവർക്കും ഹുദൂറുമൊത്ത് ഫോട്ടോ എടുക്കാനും ഹുദൂറില് നിന്ന് ഹസ്തദാനം സ്വീകരിക്കാനും സൗഭാഗ്യം ലഭിച്ചു.

## ആഫ്രിക്കൻ മുബല്ലിഗ്- മുഅല്ലിമീങ്ങളും ജമാഅത്തംഗങ്ങളുമയുള്ള കൂടിക്കാഴ്ച

തുടർന്ന് ആഫ്രിക്കൻ രാജ്യങ്ങളിൽനിന്നു വന്ന മുബല്ലിഗ്- മുഅല്ലിമീങ്ങളും ജമാഅത്തംഗങ്ങളും ഹുദൂറുമായി കൂടിക്കാഴ്ച നടത്തി.

❖ **ഹുദൂർ അൻവർ**: നിങ്ങൾ നിങ്ങളുടെ രാജ്യങ്ങളിൽ ഇങ്ങെനെയുള്ള ജൽസ നടത്തുമോ?

എല്ലാവരും ഒന്നു ചേർന്ന്: ഇൻശാഅല്ലാഹ് ഞങ്ങൾ പരിശ്രമിക്കും.

നൈജീരിയക്കാരോട് ഹുദൂർ അൻവർ: നിങ്ങൾക്ക് ജൽസ എങ്ങനെ തോന്നി?

ഒരു സ്നേഹിതൻ:വളരെ നല്ല സംവിധാനമായിരുന്നു. വലിയ ജൽസയായിരുന്നു. എല്ലാ പ്രവൃത്തികളും വളരെ നല്ല രൂപത്തിൽ നടന്നു പോന്നു.

**ഹുദൂർ അൻവർ**: നൈജീരിയായിൽ വളരെയധികം പെട്രോളുണ്ട്. എന്നാലവിടെ അഴിമതി കൂടുതലാണ്. ഒരഹ്മദി തന്റെ പങ്ക് അവിടെ വഹിക്കേണ്ടതാണ്. ഇക്കാര്യത്തിൽ വളരെയധികം പരിശ്രമിക്കേണ്ടതുണ്ട്.

ഒരു സ്നേഹിതൻ: നവഅഹ്മദികളെ നമുക്ക് ഏതു രൂപത്തിൽ സംവിധാനത്തിന്റെ ഭാഗമാക്കാൻ പറ്റും:

ഹുദൂർ അൻവർ:സത്യസന്ധമായ സന്ദേശം കാരണത്താലാണ് വന്നവർ വന്നിട്ടുള്ളത്. ദുആകളോടെ, നിഷ്കളങ്കതയോടെ, വിശ്വാസത്തിൽ ദൃഢത കൈവരിച്ചുകൊണ്ടും സ്വന്തം മാതൃക കാണിക്കുക. അവരുമായി നല്ല രൂപത്തിൽ സംസ്കരിക്കുക. ട്രെയിനിംഗ് നല്കുക. നവാഗതരെ എം.ടി. ഏ യുമായി ബന്ധിപ്പിക്കുക. ഏറ്റവും ചുരുങ്ങിയത് എന്റെ ഖുത്ബ തീർച്ചയായും കേൾപ്പിക്കുക.

ജൽസയുടെ ഒടുവിലത്തെ ദിവസം നല്കിയ പ്രഭാഷണം കേവലം ജർമൻ ജമാഅത്തിനു വേണ്ടി മാത്രമല്ല. മുഴു ലോകത്തിനും വേണ്ടിയായിരുന്നു. ഇതിനെ പിന്തുടരുക. ചാർട്ടർ ഓഫ് പ്രീച്ചിംഗ് ഞാൻ നല്കിയിരുന്നു. നബി (സ)തിരുമേനിയുടെ ഉത്തമ മാതൃകകൾ വിവരിച്ചിരുന്നു. ഇത് സ്വീകരിക്കുകയും ഇതനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യുക.

രാജ്യത്തെ സേവിക്കുന്നതിൽ സത്യസന്ധത പുലർത്താൻ സ്വന്തം രാജ്യത്തെ നേതാക്കളോട് പറയുക. സയ്യിദുൽ ഖൗമി ഖാദിമുഹും (ജനകീയ നേതാവ് അവരുടെ സേവകാനായിരിക്കും) ആകുക. പൊതുജനത്തിന് സേവനം ചെയ്യുക. രാജ്യത്തിന്റെ പുരോഗതിക്കുവേണ്ടി പ്രവർത്തിക്കുക, പരിശ്രമിക്കുക.

വാഖിഫീനെ നൗ കുട്ടികളെ കുറിച്ച് ഒരു സാഹിബ് ചോദിച്ചപ്പോൾ ഹുദൂർ ഇപ്രകാരം മറുപടി നല്കി: സ്വന്തം മക്കൾക്ക് പ്രാഥമിക വിദ്യാഭ്യാസം നല്കുക. ഉർദു പഠിപ്പിക്കുക.ഇതര ഭാഷകൾ പഠിപ്പിക്കുക. നമുക്ക് ഡോക്ടർമാർ, അധ്യാപകർ, വക്കീലുമാർ എന്നി

EDITOR
H.Shamsuddin

Sub Editor : Mohammad Ismaeel
Mobile : 91 9446656123
e-mail : badarkerla@gmail.com

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി ഖാദിയാൻ | Weekly **BADAR** Qadian

Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP- 44/2020-2022 Vol-6 Thursday 20 May 2021 Issue-20

MANAGER
Sheik Mujahid

Mobile: 91 9913379255
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION** : Rs. 500/- (Per Issue : Rs. 9/-) (**WEIGHT** - 20-50 gms/issue)

വരുടെയെല്ലാം ആവശ്യമുണ്ട്. വിവിധ ഭാഷാ നിപുണരെ ആവശ്യമുണ്ട്.

നൈജീരിയായിൽനിന്നു വന്ന ഒരു സ്നേഹിതൻ പറയുന്നു:ആരാണോ ഭരണകൂടത്തോടൊപ്പം നിലകൊള്ളുന്നത് അവരുടെമേൽ എതിരാളികളുടെ ഭാഗത്തുനിന്നും തീവ്രവാദ ആക്രമണം ഉണ്ടാകുന്നു.

**ഹുദൂർ അൻവർ**: ഭരണകൂടത്തിന്നെതിരെ നിലകൊള്ളുന്നവർക്കൊപ്പം നില്ക്കേണ്ടതില്ല. യുക്തിസഹമായ രൂപത്തിൽ തീരുമാനം എടുക്കുക. ഏതുതരം കുഴപ്പങ്ങളേയും തടുക്കുന്നതിന് ഭരണകൂടവുമായി സഹകരിക്കുക. ഭരണകൂടക്കാർ വരികയാണെങ്കിൽ നിലവിലുള്ള സാഹചര്യം അവരോട് പറയുക.

ഒരു സ്നേഹിതൻ:ബാങ്കുകളിൽനിന്ന് ജനങ്ങൾ കടമെടുത്ത് പിന്മാറിക്കളയുന്നു.

**ഹുദൂർ അൻവർ**:ബാങ്കുകളിൽനിന്ന് കടമെടുക്കുന്നതെന്തിന്?ഈ രീതി തന്നെ തെറ്റാണ്. കടമെടുക്കരുത്. കടമെടുത്ത് സ്വയം കുടുങ്ങുകയാണ് ചെയ്യുന്നത്.

കോംഗോ കിൻഷാസ(Congo Kinshasa)യിൽ നിന്നു വന്ന ഒരു സാഹിബ് പറയുന്നു: കോംഗോയിൽ വളരെയധികം പ്രശ്നങ്ങളുണ്ടായിരുന്നു. ഇലക്ഷൻ നടന്നു. കുഴപ്പങ്ങളുണ്ടാകുമെന്ന ആശങ്കയുണ്ടായിരുന്നു. ഹുദൂർഅൻവറിന്റെ ദുആകൾ കാരണത്താൽ സമാധാനം നിലനിന്നു. എല്ലാ പ്രശ്നങ്ങളും വളരെ നല്ല വണ്ണം പരിഹരിക്കപ്പെട്ടു. ഒരുവിധ പ്രശ്നവും ഉണ്ടായില്ല. ഹുദൂർ ഞങ്ങളുടെ ജമാഅത്തിന്റെ പുരോഗതിക്കുവേണ്ടി ദുആക്ക് അപേക്ഷിക്കുന്നു.

ആഫ്രിക്കൻ സുഹൃത്തുക്കളുമായുള്ള ഈ കൂടിക്കാഴ്ച 08.10 വരെ നീണ്ടു നിന്നു.ഒടുവിൽ എല്ലാവർക്കും രാജ്യാടിസ്ഥാനത്തിൽ ഫോട്ടോ എടുക്കാനും ഹദൂറിന്റെ ഹസ്തദാനം സ്വീകരിക്കാനും സൗഭാഗ്യം ലഭിച്ചു.

### കുടുംബങ്ങളുമായുള്ള കൂടിക്കാഴ്ച

ശേഷം ഹുദൂർ ഓഫീസിലെത്തി. തുടർന്ന് കുടുംബങ്ങളുമായുള്ള കൂടിക്കാഴ്ച ആരംഭിച്ചു. ഇന്ന് സായാഹ്നത്തിൽ നടന്ന ഈ സെഷനിൽ 16 കുടുംബങ്ങളിൽനിന്നുള്ള 60 അംഗങ്ങളാണ് പങ്കെടുത്തത്. കൂടാതെ ഏഴ് അംഗങ്ങൾ വ്യക്തിഗതമായും കൂടി ക്കാഴ്ച നടത്തി സായൂജ്യമടഞ്ഞു.

ജർമനിയിലെ ചില ജമാഅത്തുകളെ കൂടാതെ പാക്കിസ്താൻ, ബെനിൻ, ഘാന, സിയറ ലിയോൺ (Si-erraLeone), ടൻസാനിയ, അയർലൻഡ് (Ireland), ഗാംബിയ(Gambia), റീയൂണിയൻ അയർലൻഡ്, മലേഷ്യ, സാവോ ടോമെ (SavoTome), മൌറീഷ്യസ് രാജ്യങ്ങിൽനിന്നുള്ളവരും ഇതിൽപ്പെടുന്നു.

കൂടിക്കാഴ്ചയുടെ ഈ പരിപാടി 09.30 വരെ നീണ്ടു നിന്നു. ശേഷം ഹുദൂർ താമസസ്ഥലത്തേക്ക് മടങ്ങി. പിന്നീട് 10 മണിക്ക് വന്ന് മഗ്രിബ്-ഇശാഅ് നമസ്കാരങ്ങൾ ജംആക്കി നിർവഹിച്ചു. തുടർന്ന് ഹുദൂറിന്റെ അനുമതിയോടെ മുബല്ലിഗ് ഇൻചാർജ് ജര്മനി 10 നിക്കാഹുകളുടെ വിളംബരം നടത്തി. ഒടുവിൽ ഹുദൂറിന്റെ നേതൃത്വത്തിൽ ദുആ നടന്നു.

### 2019 ജൂലായ് 9 ചൊവ്വാഴ്ച
### രാവിലെ 4.15 ന് ഹദൂർ സ്വുബ്ഹി നമസ്കരിപ്പിച്ചു.
### ഫ്രാങ്ക്ഫോർട്ടിൽനിന്നു ലണ്ടനിലേക്ക്

ഇന്ന് ഹുദൂറിന്റെ ജർമനിയിൽനിന്നു ലണ്ടനിലേക്കുള്ള മടക്ക ദിവസമായിരുന്നു. രാവിലെ മുതൽ തന്നെ ഹുദൂറിനെ യാത്രയയക്കാൻ ഫ്രാങ്ക്ഫോർട്ട് റീജ്യണിലുള്ള ആബാലവൃന്ദം അഹ്മദികളും ബയ്ത്തുസ്സുബൂഹ് മസ്ജിദ് പരിസരത്ത് സംഘടിക്കാൻ തുടങ്ങിയിരുന്നു. വിവിധ രാജ്യങ്ങളിൽ നിന്നുമുള്ള പ്രതിനിധികളും ഈ അവസരത്തിൽസന്നിഹിതരായിരുന്നു.10.10-ന്ഹുദൂർ താമസസ്ഥലത്തുനിന്ന് പുറത്തുവന്നു. ചെറിയ പെൺകുട്ടുകളും ആൺകുട്ടികളും സംഘമായി നിന്ന് യാത്രയയപ്പ് ഗാനം ആലപിക്കുന്നുണ്ടായിരുന്നു. ജമാഅത്ത് സഹോദരങ്ങൾ ഇരുവശങ്ങളിലും വരിയായി നില്ക്കുന്നുണ്ടായിരുന്നു. ഏകദേശം 20 മിനിറ്റു വരെ ഹുദൂർ ജമാഅത്ത് സഹോദരങ്ങൾക്കിടയിൽ കഴിച്ചുകൂട്ടി. എല്ലാവർക്കും ഹുദൂറിനെ കാണാൻ സാധിച്ചു. വിവധ വ്യക്തികളുമായി ഈ സമയത്ത് ഹുദൂര് സംസാരിച്ചു.

10.30-ന് ഹുദൂർ ദുആക്ക് നേതൃത്വം നല്കി. എല്ലാവർക്കും അസ്സലാമു അലയ്ക്കും പറഞ്ഞു. തുടർന്ന് ഹുദൂറിന്റെ യാത്രാസംഘം പുറപ്പെട്ടു. ഇരുഭാഗത്തും നിന്ന ആബാലവൃന്ദം അഹ്മദി സ്ത്രീകളും പുരുഷന്മാരും കുട്ടികളും കൈവീശി വന്ദ്യ ഹുദൂറിന്ന് യാത്ര പറഞ്ഞു. ലണ്ടനിലേക്കുള്ള യാത്രക്കിടെ ബെൽജിയം മിഷൻ ബയ്ത്തുസ്സലാമിലും ബ്രസീൽ(Brazil)പോകാനുള്ള ഹുദൂറിന് പ്രോഗ്രാമുണ്ടായിരുന്നു. 400 കിലോമീറ്റർ ദൂരമാണ് അതിനു യാത്ര ചെയ്യേണ്ടത്. ജർമൻ പട്ടണമായ ആഖൻ പട്ടണത്തിനുശേഷം ബെൽജിയം ബോർഡറായിരുന്നു. ഇവിടെനിന്ന് കുറച്ചുദൂരം പിന്നിട്ടപ്പോൾ അഹ്മദിയ്യാ ജമാഅത്ത്, ബെൽജിയത്തിന്റെ ഡെപ്യൂട്ടി അമീർ ബഹുമാനപ്പെട്ട അൻവർ ഹുസയൻ സാഹിബ്, മുബല്ലിഗും ജനറൽ സെക്രട്ടറിയുമായ അസദ് മുജീബ് സാഹിബ്, മുബല്ലിഗും സ്വദ്ർ ഖുദ്ദാമുൽ അഹ്മദിയായുമായ തൗസ്വീഫ് അഹ്മദ് സാഹിബും ഖുദ്ദാം സെക്യൂരിറ്റി ടീമിനോടൊപ്പം ഹുദൂറിനെ സ്വീകരിക്കാൻ എത്തിയിരുന്നു. ബെൽജിയ ത്തിൽ നിന്നു വന്ന സെക്യൂരിറ്റി വാഹനം ഇവിടെ നിന്നു ഹുദൂറിന്റെ യാത്രാ സംഘത്തിനെ നയിച്ചു. 2.30-ന് ബ്രസീലിലെ ബയ്ത്തുസ്സലാം മിഷനിലെത്തിയ ഹുദൂറിനെ തദ്ദേശ ജമാഅത്തിലെ ആബാല വൃന്ദം സഹോദരി സഹോദരന്മാർ ചേർന്ന് സ്വീകരിച്ചു. എല്ലാവരും ഹുദൂറിനെ കണ്ടതിലുള്ള ആമോദത്തിലും സന്തോഷത്തിലുമായിരുന്നു.

അസീസം അഹ്മദ് ഗുൽഫാം സാഹിബ് ഹദൂറിനെ തിരു ബൊക്ക നല്കി സ്വീകരിച്ചു. ഒരു അൽബേനിയൻ പെൺകുട്ടി ദാരിയത്തുസ്സുയൂഖി ഹദ്റത്ത് ബീഗം സാഹിബക്കും പൂച്ചെണ്ട് നല്കി സ്വാഗതമോതി. തുടർന്ന് ഹുദൂർ താമസ സ്ഥലത്തേക്ക് പോയി. 4.00 മണിക്ക് താമസ സ്ഥലത്തു നിന്ന് പുറത്തു വന്ന ഹുദൂർ അൻവറിനെ അഹ്മദിയ്യാ ജമാഅത്ത് ജർമനി അമീർ അബ്ദുല്ലാ വാഗസ് ബാവുസർ സാഹിബ്, മുബല്ലിഗ് ഇൻചാർജ് ജർമനി ആദരണീയ സ്വദാഖത്ത് അഹ്മദ് സാഹിബ്, ഡെപ്യൂട്ടി ജനറൽ സെക്രട്ടറി ജരിയുല്ലാഹ് സാഹിബ് മുബല്ലിഗ് സില്സില, ഡോക്ടർ അത്വ്ഹർ സുബയ്ർ സാഹിബ്, അബ്ദുല്ലാഹ് സുപ്രാ സാഹിബ്, സ്വദ്ർ സാഹിബ് ഖുദ്ദാമുൽ അഹ് മദിയ്യാ തന്റെ ഖുദ്ദാം സെക്യൂരിറ്റി ടീമിനോടൊപ്പം ഹദൂറിൽനിന്ന് ഹസ്തദാനം സ്വീകരിച്ചു. യാത്രയയക്കാൻ ജർമനിയില് നിന്നുവന്ന ഈ സംഘം ഹുദൂറിന് ഇവിടെ നിന്നു യാത്ര പറഞ്ഞു. ഈ അവസരത്തിൽ പാക്കിസ്താനിൽനിന്നു വന്ന സ്വദ്ർ ഖുദ്ദാമുൽ അഹ്മദിയ്യ, ഈ സംഘത്തിൽ അംഗമായിരുന്ന ആദരണീയ സാലിക് അഹ്മദ് സാഹിബും ഹുസൂറിൽനിന്ന് ഹസ്തദാനം സ്വീകരിച്ചു. തുടർന്ന് ഹുദൂർ സ്ത്രീകളുടെ ഭാഗത്തേക്ക് പോയി. അവർക്കും ഹുദൂറിന്റെ തിരുമുഖം നേരിട്ട് ദർശിക്കാൻ അവസരം കിട്ടി. 4.15-ന് ഹുദൂർ ദുആ ചെയ്യിച്ചു.

ഫ്രാൻസിലെ തുറമുഖമായ ക്ലൈസിലേക്ക്(Calais) പുറപ്പെട്ട ഹുദൂർ അൻവർ 6.10-ന് ചാനൽ ടണലിലെത്തി. ജർമനിയിൽനിന്നു ഹുദൂറിനെ യാത്രയയക്കാൻ ഒപ്പം വന്ന ഖുദ്ദാം സെക്യൂരിറ്റി ടീം ടണലിൽ നിന്ന് മടങ്ങിപ്പോകാൻ ഹദൂറിനോട് അനുവാദം വാങ്ങി.

(ശേഷം പേജ് 9 ൽ)

## ബദ്ർ വായനക്കാരുടെ ശ്രദ്ധക്ക്

നിങ്ങളുടെ സൃഷ്ടികൾ ഞങ്ങൾക്കു അയച്ചു തരിക. പ്രസിദ്ധീകരണയോഗ്യമെങ്കിൽ ബദ്ർ മലയാളം ആഴ്ചപ്പതിപ്പിൽ പ്രസിദ്ധീകരിക്കുന്നതായിരിക്കും. വിവർത്തനസൃഷ്ടിയും അതുപോലെതന്നെ ദുആയ്ക്കുള്ള പരസ്യങ്ങളും ജമാഅത്തിൽ നടക്കുന്ന പരിപാടികളുടെ റിപ്പോർട്ടും അയക്കാവുന്നതാണ്. ഭാവിയിൽ ഇതെല്ലാം നിങ്ങളുടേയും നിങ്ങളുടെ ജമാഅത്തിന്റേയും ചരിത്രമായി മാറുന്നതായിരിക്കും.

അയക്കേണ്ട വിലാസം:

**മുഹമ്മദു ഇസ്മായീൽ ആലപ്പുഴ,**
**'ബയ്ത്തുൽ ഇസ്റ' വണ്ണാം തടം,**
**അടുത്തില, പഴയങ്ങാടി, കണ്ണൂർ 670 303.**
**ismayeel.ha@gmail.com**

AL ISLAM

## നൂറുൽ ഇസ്ലാം വകുപ്പിന്റെ പ്രവർത്തന സമയം:

രാവിലെ 9 മണിമുതൽ രാത്രി 11 മണിവരെ.
വെള്ളിയാഴ്ച ദിവസംഅവധിയായിരിക്കും.

**1800 3010 2131**

ഈ ടോൾഫ്രീ നമ്പറിൽ വിളിച്ച്
താങ്കൾക്ക് അഹ്മദിയ്യ ജമാഅത്തിനെക്കുറിച്ച്
കാര്യങ്ങൾ മനസ്സിലാക്കാവുന്നതാണ്.

## കലാമുൽ ഇമാം

**'ഇസ്തിഖാമത്ത് അഥവാ സ്ഥൈര്യം കൈവരിക്കാൻ സ്വലാത്ത് ഒരു ഉഗ്രമായ മാർഗമാണ്. ധാരാളമായി ചൊല്ലുക. ആചാരവും ശീലവുമെന്ന നിലയിലല്ല; പ്രത്യുത നബി(സ)തിരുമേനിയുടെ സൗന്ദര്യവും ഔദാര്യവും പരിഗണിച്ചുകൊണ്ട്. അവിടത്തെ പദവികളുടേയും നിലകളുടേയും അഭിവൃദ്ധിക്കുവേണ്ടി. അവിടത്തെ വിജയത്തിനുവേണ്ടി.'(മൽഫൂദാത്ത് വാള്യം 3, പേജ് 38)**

**ത്വാലിബെ ദുആ**
**P.Abdul Ameer, Sadr, Ahmadiyya Jama-ath Pathapiriyam, Kerala**

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press.
Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin